بِسۡمِ اللّٰہِ الرَّحۡمٰنِ الرَّحِیۡمِ نَحۡمَدُہٗ وَنُصَلِّیۡ عَلٰی رَسُوۡلِہِ الۡکَرِیۡمِ وَعَلٰی عَبۡدِہِ الۡمَسِیۡحِ الۡمَوۡعُوۡدِ

وَلَقَدۡ نَصَرَکُمُ اللّٰہُ بِبَدۡرٍ وَّاَنۡتُمۡ اَذِلَّۃٌ

വാല്യം 3

# ബദർ

വീക്കിലി ഖാദിയാൻ

The weekly
BADAR Qadian
Malayalam

ലക്കം 22

വാർഷിക വരിസംഖ്യ 500 രൂപ

പത്രാധിപർ
എച്ച്.ശംസുദ്ദീൻ

സഹപത്രാധിപർ
മുഹമ്മദ് ഇസ്മായീൽ

www.akhbarbadrqadian.in

2018 മെയ് 31/ഹി:ശം:1397 ഹിജ്റത്ത് 31/ഹി:ഖ:1439 റമളാൻ 15

## അല്ലാഹുവിന്റെ വചനം

وَاَنۡفِقُوۡا فِیۡ سَبِیۡلِ اللّٰہِ
وَلَا تُلۡقُوۡا بِاَیۡدِیۡکُمۡ اِلَی التَّہۡلُکَۃِ ۚۖۛ
وَاَحۡسِنُوۡا ۚۛ اِنَّ اللّٰہَ یُحِبُّ الۡمُحۡسِنِیۡنَ

(سورۃ البقرہ:196)

അല്ലാഹുവിന്റെ മാർഗത്തിൽ നിങ്ങൾ (ധനം) ചെലവുചെയ്യുക. നിങ്ങളുടെ കൈകളാൽ നിങ്ങളെ (സ്വയം) നാശത്തിൽ ആപതിപ്പിക്കരുത്. നിങ്ങൾ നൻമ ചെയ്യുക. നിശ്ചയമായും നൻമചെയ്യുന്നവരെ അല്ലാഹു ഇഷ്ടപ്പെടുന്നു. (2:196)

## അഹ്മദിയ്യാ വാർത്ത

അൽഹംദുലില്ലാഹ് സയ്യിദുനാ അമീറുൽ മുഅ്മിനീൻ അയ്യദഹുല്ലാഹ് അല്ലാഹുവിന്റെ അനുഗ്രഹത്താൽ സുഖത്തിലും ക്ഷേമത്തിലുമാണ്. സ്നേഹിതന്മാർ അമീറുൽ മുഅ്മിനീന്റെ പൂർണാരോഗ്യത്തിനും സ്വാസ്ഥ്യത്തിനും ദീർഘായുസ്സിനും ഉന്നതലക്ഷ്യങ്ങളിൽ വിജയവും പ്രത്യേകകാവലും ഉണ്ടാകുന്നതിനും ദുആ ചെയ്യുക. അല്ലാഹു എപ്പോഴും അമീറുൽ മുഅ്മിനീന്റെ സംരക്ഷകനും സഹായിയുമായിരിക്കട്ടെ. ആമീൻ

**സയ്യിദുനാ ഹദ്റത്ത് ഖലീഫത്തുൽമസീഹ് അൽഖാമിസ് അയ്യദഹുല്ലാഹ് പറഞ്ഞു:**
**കശ്തിയെ നൂഹ് എന്ന ഗ്രന്ഥത്തിലുള്ള നമ്മുടെ അധ്യാപനം എന്ന ഭാഗം ഒരു അഹ്മദി തീർച്ചയായും വായിക്കേണ്ടതാണ്. എന്നല്ല കശ്തിയെ നൂഹ് മുഴുവനും തന്നെ വായിക്കേണ്ടതാണ്.**

**മനോദാർഢ്യത്തോടെയുള്ള പക്വമായ കർമങ്ങൾ ഇല്ലാതെ നാവുകൊണ്ടുമാത്രം ബയ്അത്ത് അനുസരണപ്രതിജ്ഞ ഏറ്റുപറയുന്നതിൽ ഒരു കാര്യവുമില്ലെന്ന് മനസ്സിലാക്കിക്കൊള്ളുക. എന്റെ അധ്യാപനം പൂർണ്ണമായും പ്രാവർത്തികമാക്കുന്നവനാണ് അല്ലാഹുവിന്റെ വാഗ്ദാനപ്രകാരമുള്ള ഇന്നീ ഉഹാഫിളു കുല്ല മൻ ഫിദ്ദാരി എന്ന എന്റെ ആ ഭവനത്തിൽ പ്രവേശിക്കുന്നത്.**

## സയ്യിദുനാ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ഉപദേശങ്ങൾ

"രണ്ടാമത്തെ അടയാളം പ്ലേഗ്:– അല്ലാഹു പറഞ്ഞു: *വഇൻമിൻ ഖർയത്തിൻ ഇല്ലാ നഹ്നു മുഹ്‌ലിക്കൂഹാ ഖബ്‌ല യൗമിൽഖിയാമത്തി ഔ മുഅദ്ദിബൂഹാ* (ബനീ ഇസ്റായേൽ: 59) ഇപ്രകാരം അല്ലാഹു രാജ്യത്ത് റെയിൽ ഗതാഗതവും തുടങ്ങി; പ്ലേഗിനേയും അയച്ചു; ഭുമിയും ആകാശവും സാക്ഷിയായിരിക്കുന്നതിനുവേണ്ടി. അതിനാൽ ദൈവവുമായി പോരാടാതിരിക്കുവിൻ. ദൈവവുമായി പോരാടുക എന്നത് വിഡ്ഢിത്തമാണ്. ഇതിനുമുമ്പേ ദൈവം ആദമിനെ ഖലീഫയാക്കാൻ ഉദ്ദേശിച്ചപ്പോൾ മലക്കുകൾ തടഞ്ഞു. എന്നാൽ, അവർ പറഞ്ഞതുകൊണ്ട് അല്ലാഹു അത് ചെയ്യാതിരുന്നുവോ? അപ്പോൾ അല്ലാഹു രണ്ടാമത്തെ ആദമിനെ സൃഷ്ടിക്കുന്നനേരത്ത് പറഞ്ഞു:
*അറദ്ത്തു അൻ അസ്തഖലിഫ ഫ ഖലഖ്ത്തു ആദമ* അതായത്, ഖലീഫയെ സൃഷ്ടിക്കാൻ ഞാനുദ്ദേശിച്ചു. അങ്ങനെ ഞാൻ ഈ ആദമിനെ സൃഷ്ടിച്ചു. ഇനി പറയുക, നിങ്ങൾക്ക് അല്ലാഹുവിന്റെ തീരുമാനത്തെ തടയാൻ കഴിയുമോ? എന്തിനാണ് നിങ്ങൾ അനുമാനപരമായ കാര്യങ്ങളുടെ ചപ്പുചവറുകൾ സമർപ്പിക്കുകയും ദൃഢവിശ്വാസത്തിന്റെ വഴി സ്വീകരിക്കാതിരിക്കുകയും ചെയ്യുന്നത്. പരീക്ഷണങ്ങളിൽ അകപ്പെടാതിരിക്കുക. തീർച്ചയായും ഓർത്തുകൊള്ളുവിൻ, ദൈവതീരുമാനത്തെ തടയുന്നവനാരുമില്ല. ഇത്തരം പോരാട്ടങ്ങൾ ദൈവഭക്തിയുടെ മാർഗ്ഗവുമല്ല. ഇനി സംശയമുണ്ടെങ്കിൽ ഇങ്ങനെയൊരു വഴിയാകാം: ഞാൻ പറയുന്നതനുസരിച്ച് നടക്കുന്ന ഒരു സംഘമാളുകളെ അല്ലാഹു പ്ലേഗിന്റെ ശിക്ഷയിൽനിന്ന് രക്ഷിക്കുമെന്ന് വെളിപാടുമുഖേന എന്നെ സുവിശേഷമറിയിക്കുകയും അത് ഞാൻ പ്രസിദ്ധീകരിക്കുകയും ചെയ്തതുപോലെ സ്വന്തം സമുദായത്തിന്റെ നന്മ നിങ്ങളുടെ മനസ്സിലുണ്ടെങ്കിൽ നിങ്ങളും നിങ്ങളുടെ മതാനുയായികൾക്കുവേണ്ടി അവർ പ്ലേഗിൽനിന്ന് സുരക്ഷിതരായിരിക്കുമെന്നുള്ള സുവാർത്ത അല്ലാഹുവിൽനിന്ന് സമ്പാദിക്കുകയും അത് എന്നെപ്പോലെ അച്ചടിച്ച് പ്രസിദ്ധപ്പെടുത്തുകയും ചെയ്യുക; അല്ലാഹു നിങ്ങളോടൊപ്പമാണെന്ന് ജനങ്ങൾ മനസ്സിലാക്കട്ടെ. ഈ അവസരം, ക്രിസ്ത്യാനികൾക്കു വളരെ ഗുണപ്രദമാണ്. അവരെപ്പോഴും പറയുന്നത് മോക്ഷം ക്രസ്തുവിലാണെന്നാണ്. ഈ വിപത്തിന്റെ ദിനങ്ങളിൽ ക്രിസ്ത്യാനികളെ പ്ലേഗിൽനിന്ന് രക്ഷിക്കേണ്ടത് അവരുടേയും നിർബന്ധകടമയാണ്. ഈ സകലകക്ഷികളിൽനിന്ന് ആരുടേതാണോ കൂടുതൽ കേൾക്കപ്പെട്ടത് അവരാണ് ദൈവസവിധത്തിൽ സ്വീകരിക്കപ്പെട്ടവർ. ഇപ്പോൾ അല്ലാഹു എല്ലാ കക്ഷികൾക്കും അവസരം കൊടുത്തിരിക്കുന്നു. അനാവശ്യമായി ഭൂമിയിൽ വിവാദങ്ങൾ നടത്താതിരിക്കുക. പ്ലേഗിൽനിന്ന് രക്ഷപ്പെടുന്നതിനും അവരവരുടെ സത്യത തുറന്നനിലയിൽ പ്രത്യക്ഷമാകുന്നതി നും ദൈവസന്നിധിയിലുള്ള തങ്ങളുടെ മികച്ച സ്വീകാര്യത തെളിയിച്ചു കാണിക്കുക; പ്രത്യേകിച്ചും പാതിരിമാർ. അവർ ഇഹലോകത്തും പരലോകത്തും രക്ഷകൻ മർയമിന്റെ പുത്രനാണെന്ന് നിശ്ചയിച്ചുറപ്പിച്ചു കഴിഞ്ഞിട്ടുള്ളവരാണ്. അവർ മനസ്സുകൊണ്ട് മർയമിന്റെ പുത്രനെ ഇഹപരലോകങ്ങളുടെ അധികാരിയായി കരുതുന്നുവെങ്കിൽ അദ്ദേഹത്തിന്റെ പാപപരിഹാര സിദ്ധാന്തത്തിന്റെ തനതായ രൂപം കാണുകയെന്നത് ഇപ്പോൾ ക്രിസ്ത്യാനികളുടെ അവകാശമാണ്. ബ്രിട്ടീഷ് ഇന്ത്യയിലെ വിവിധ മതവിഭാഗങ്ങൾ സ്വമതങ്ങളുടെ സത്യതയിൽ വിശ്വാസം കൊള്ളുന്നുവെന്നത് സർക്കാരിനും സഹായകമാകാം. സ്വന്തം കക്ഷിയെ മോചിപ്പിക്കുന്നതിനും പ്ലേഗിൽനിന്ന് രക്ഷിക്കുന്നതിനും ഈ ഏർപ്പാട് ചെയ്യുക: തങ്ങൾ വിശ്വസിക്കുന്ന ദൈവത്തോട് അല്ലെങ്കിൽ അല്ലാഹുവിനു പകരം മനസ്സിലാക്കിയിട്ടുള്ള തങ്ങളുടെ മറ്റേതെങ്കിലും ആരാധ്യനോട് ഈ വിപത്ത് ബാധിച്ചിട്ടുള്ളവർക്കുവേണ്ടി ശിപാർശ ചെയ്യുകയും അവരിൽനിന്ന് എന്തെങ്കിലും ദൃഢമായ വാഗ്ദാനം കരസ്ഥമാക്കി അത് വിജ്ഞാപനങ്ങൾ മുഖേന– ഈ വിജ്ഞാപനം നാം പ്രസിദ്ധീകരിച്ചതുപോലെ പ്രസിദ്ധീകരിക്കുകയും ചെയ്യട്ടെ. ഇതുമൂലം പൂർണ്ണമായും സൃഷ്ടികളുടെ നന്മയും, സ്വന്തം മതത്തിന്റെ സത്യതയും സ്ഥാപിതമാകും; സർക്കാരിന് അത് സഹായകവുമായിരിക്കും. സർക്കാർ തങ്ങളുടെ പ്രജകൾ നാശത്തിൽനിന്ന് എങ്ങനെയെങ്കിലും രക്ഷപ്പെടണമെന്നല്ലാതെ മറ്റെന്താഗ്രഹിക്കാനാണ്? അവസാനമായി ഓർക്കുക. പഞ്ചാബിന്റേയും ഇന്ത്യയുടേയും വിവിധ ഭാഗങ്ങളിൽ വ്യാപിച്ചുകിടക്കുന്ന നമ്മുടെ ജമാഅത്തിലുള്ളവരെ കുത്തിവെപ്പെടുക്കുന്നതിൽനിന്ന് നാം ഈ വിജ്ഞാപനത്തിൽ തടഞ്ഞിട്ടില്ല. ആരോടാണോ സർക്കാർ ഖണ്ഡിതമായി കല്പിച്ചിട്ടുള്ളത് അവർ കുത്തിവെപ്പെടുക്കുകയും സർക്കാരിന്റെ കല്പന അനുസരിക്കുകയും വേണം. ആരേയാണോ സ്വന്തം ഇഷ്ടത്തിനു വിട്ടിട്ടുള്ളത് അവർക്ക് നല്കപ്പെട്ടിട്ടുള്ള അധ്യാപനങ്ങളിൽ പൂർണ്ണമായും നിലകൊള്ളുന്നില്ലെങ്കിൽ സ്വയം വഞ്ചിതരാകാതിരിക്കാനും തങ്ങളുടെ മോശമായ ജീവിതരീതി കാരണത്താൽ അല്ലാഹുവിന്റെ വാഗ്ദാനത്തെ സംബന്ധിച്ച് ജനങ്ങളെ വഞ്ചിക്കാതിരിക്കാനും അവരും കുത്തിവെപ്പെടുക്കുന്നത് ഉചിതമായിരിക്കും. പ്ലേഗിന്റെ ആക്രമണത്തിൽനിന്നു രക്ഷപ്രാപിക്കുന്നതിന് പൂർണ്ണമായും പാലിക്കേണ്ട ആ അധ്യാപനങ്ങൾ എന്താണെന്നാണ് ചോദ്യമെങ്കിൽ ഞാൻ ഹ്രസ്വമായി കുറച്ച് വരികൾ താഴെ എഴുതിത്തരാം.

### അധ്യാപനങ്ങൾ

മനോദാർഢ്യത്തോടെയുള്ള പക്വമായ കർമങ്ങൾ ഇല്ലാതെ നാവുകൊണ്ടുമാത്രം ബയ്അത്ത് അനുസരണപ്രതിജ്ഞ ഏറ്റുപറയുന്നതിൽ ഒരു കാര്യവുമില്ലെന്ന് മനസ്സിലാക്കിക്കൊള്ളുക. എന്റെ അദ്ധ്യാപനം പൂർണ്ണമായും പ്രാവർത്തികമാക്കുന്നവനാണ് അല്ലാഹുവിന്റെ വാഗ്ദാനപ്രകാരമുള്ള *ഇന്നീ ഉഹാഫിളു കുല്ല മൻ ഫിദ്ദാരി* എന്ന എന്റെ ആ ഭവനത്തിൽ പ്രവേശിക്കുന്നത്. അതായത് (അല്ലാഹു പറഞ്ഞു): നിന്റെ ഭവനത്തിന്റെ നാലുകെട്ടിനുള്ളിലുള്ളവരെ ഞാൻ രക്ഷിക്കുന്നതാണ്. ഇതിൽനിന്ന് കല്ലും

(ശേഷം പേജ് 9ൽ)

പ്രിന്റർ & പബ്ലിഷർ ജമീൽ അഹ്മദ് നാസിർ, ഫദ്‌ലെ ഉമർ പ്രിന്റിംഗ് പ്രസ്സ് ഖാദിയാനിൽ അച്ചടിപ്പിച്ച് ഖാദിയാനിലെ ബദ്ർ പത്ര ഓഫീസിൽ നിന്ന് പ്രസിദ്ധീകരിച്ചത്: പ്രൊപ്രൈറ്റർ നിഗ്‌റാൻ ബദ്ർ ബോർഡ്,ഖാദിയാൻ

# 2017 യൂ കെ ജൽസ സാലാനയുടെ അവസരത്തിൽ സയ്യിദുനാ ഹദ്റത്ത് അമീറുൽമുഅ്മിനീൻ അയ്യദഹുല്ലായുടെ തിരക്കുകൾ

**ഹുദൂർ എങ്ങനെയുള്ള വ്യക്തിത്വത്തിന്റെ ഉടമയാണെന്നാൽ അദ്ദേഹത്തിന്റെ മുഖകമലം ഉന്നതനായ അല്ലാഹുവിന്റെ പ്രകാശത്താൽ പ്രശോഭിതവും പ്രകാശസ്തംഭവുമാണ്.**

**ഇസ്‌ലാം നൽകുന്ന ഏകത്വത്തിന്റേയും ഐക്യത്തിന്റേയും അധ്യാപനം അഹ്മദിയ്യാ ജമാഅത്തിൽ മാത്രമാണ് ദർശിക്കാൻ സാധിക്കുന്നത്.**

- ഞാൻ അഹ്മദിയ്യാ ജമാഅത്തിന്റെ ഭാഗമാണ്. ഇത് പറയുന്നതിൽ എനിക്കഭിമാനമുണ്ട്. ഈ ജമാഅത്ത് മുഴുലോകത്തിന്റേയും ഉന്നമനത്തിനുവേണ്ടിയുള്ള അധ്യാപനങ്ങൾ സമർപ്പിക്കുന്നു.വിവിധ മാർഗ്ഗേണ മനുഷ്യരാശിയെ സഹായിക്കുന്നു. ജൽസാ വേളയിൽ ഇസ്‌ലാമിനെ കുറിച്ചും അഹ്മദിയ്യത്തിനെ കുറിച്ചും വളരെയധികം കാര്യങ്ങൾ പഠിക്കാൻ സാധിച്ചു.(മെക്സിക്കോയിൽ നിന്നുവന്ന നവ അഹ്മദി വനിത Rosalina Lara Flota സാഹിബ)
- ഞാൻ ലണ്ടനിലെത്തിയ നാൾ മുതൽ സ്നേഹാനുകമ്പയാൽ വലയം ചെയ്യപ്പെട്ടിരിക്കുകയാണ്;സ്വന്തം മാതാപിതാക്കളുടേയും ബന്ധുക്കളുടേയും ഇടയിൽ ഉള്ളതുപോലെ!ഹുദൂർ അൻവറിന്റെ ചിത്രം കണ്ടപ്പോൾത്തന്നെ എനിക്കുറപ്പായി, ഹുദൂറിന്റെ തിരുമുഖം ഉന്നതനായ അല്ലാഹുവിന്റെ പ്രകാശത്താൽ പ്രശോഭിതവും പ്രകാശസ്തംഭവുമാണെന്ന്. ഞാനെന്റെ ജീവിതമാസകലം ഉന്നതനായ ദൈവത്തെ തേടി ക്കൊണ്ടിരുന്നു. എന്നാൽ, ഇവിടെ ജൽസ സാലാനയിൽ വന്നപ്പോഴാണ് അവനെ കണ്ടെത്താൻ കഴിഞ്ഞിരിക്കുന്നവെന്ന് എനിക്ക് മനസ്സിലായത്. ഭൂമിയിലിപ്പോൾ ഒരു പ്രതീക്ഷ നാമ്പിട്ടിരിക്കുന്നു. സമാനതകളില്ലാത്ത ലക്ഷക്കണക്കിന് വ്യക്തികളുടെ ഒരു ജമാഅത്ത് സ്ഥാപിതമായിരിക്കുന്നു. ഈ ജമാഅത്ത് തങ്ങളുടെ പ്രവൃത്തികൾ മുഖേന എല്ലാ കഷ്ടങ്ങളേയും വിപത്തുകളേയും നീക്കി ലോകത്തെ പരിശുദ്ധമാക്കാൻവേണ്ടി സകലത്യാഗവും സമർപ്പിക്കാൻ തയ്യാറാണ്.(തുർക്കിമിനിസ്താൻ അതിഥി,അബ്ദുറശീദ് സാഹിബ്)
- ജൽസാ സാലാനയുടെ നടത്തിപ്പിലേക്ക് നോക്കിയാൽ എല്ലാ പ്രവർത്തനവിഭാഗങ്ങളും വളരെ നല്ല നിലയിൽ തങ്ങളുടെ കർത്തവ്യങ്ങൾ നിർവ്വഹിച്ചു കൊണ്ടിരുന്നുവെന്ന് കാണാം. ലോകത്ത് സമാനതകളില്ലാത്ത വിധം ഉന്നത സംവിധാനത്തോടൊപ്പം ജൽസാപരിപാടികൾ നടന്നു കൊണ്ടിരുന്നു. ജൽസാ വേളയിൽസംഘടിപ്പിച്ച എക്സിബിഷനുകളും വളരെ സ്വാധീനം ചെലുത്തി. എനിക്കിവിടെ ഇക്കാലഘട്ടത്തിലെ എല്ലാ പ്രശ്നങ്ങൾക്കും പ്രവണതകൾക്കും മറുപടി നൽകുന്ന ഒരു ഇസ്‌ലാമാണ് ലഭ്യമായത്. പുരാതന കാലഘട്ടത്തിലെ കഥകളിൽ അധിഷ്ഠിതമായ ഇസ്‌ലാമല്ല അത്. ആഗോള ബയ്അത്ത് എന്നെ വളരെ ആകർഷിച്ചു. എന്റെ ഹൃദയം പിടയുകയായിരുന്നു. കണ്ണുകളിൽ നിന്ന് അശ്രുക്കൾ ധാരധാരയായി ഒഴുകിക്കൊണ്ടിരുന്നു. ജൽസയിലെ ഓരോ നിമിഷങ്ങളും ഓരോ രംഗങ്ങളും ഓരോ സംഭവങ്ങളും എനിക്ക് അഹ്മദിയ്യത്തിന്റെ സത്യതക്കുള്ള അടയാളമായിരുന്നു.(ദാമീർ സഫീഊലീൻ സാഹിബ്,സ്വദ്ർ,മജ്‌ലിസ് ഖുദ്ദാമുൽ അഹ്മദിയ്യ, ഖസാക്കിസ്താൻ)
- ജൽസയിലെ അച്ചടക്കവും ത്യാഗത്തിന്റെ നിലവാരവും അത്യുന്നതി പ്രാപിച്ചിരുന്നു. ഇസ്‌ലാമിന്റെ യഥാർഥവും സമ്പൂർണ്ണവുമായ മുഖം സമർപ്പിക്കുന്നത് അഹ്മദിയ്യാ ജമാഅത്ത് മാത്രമാണ്.എല്ലാവരോടും സ്നേഹം, ആരോടുമില്ല വെറുപ്പ് എന്നതിന്റെ സത്യസന്ധമായ പ്രകടനം ഈ ജൽസയിൽ എനിക്ക് കാണാൻ കഴിഞ്ഞു. മാതൃകാപരമായ ആതിഥ്യമര്യാദയാണ് എനിക്ക് ഈ ജൽസയിൽ കാണാൻ കഴിഞ്ഞത്. ഇസ്‌ലാം നൽകുന്ന ഏകത്വത്തിന്റേയും ഐക്യത്തിന്റേയും അധ്യാപനം കേവലം അഹ്മദിയ്യാ ജമാഅത്തിലാണ് കാണാൻ സാധിക്കുന്നത്. (മൂസാ ഇബ്റാഹീം സാഹിബ്,Chief of Borgu Empire,നൈജീരിയ)

**യൂകെ ജൽസാ സാലാനയിൽ പങ്കെടുത്ത അതിഥികൾ ഹുദൂർ അൻവറുമായുള്ള കൂടിക്കാഴ്ചയ്ക്കുശേഷം നൽകിയ വിശ്വാസവർധക പ്രതികരണങ്ങൾ.**

(റിപ്പോർട്ട്: അബ്ദുൽമാജിദ് ത്വാഹിർ, അഡീഷണൽ വക്കീലുത്തബ്ശീർ ലണ്ടൻ)

പരിഭാഷ:മൗലവി അമീൻ മുഹമ്മദ്, മാത്ര

(കഴിഞ്ഞ ലക്കം തുടർച്ച...)

'അതിഥികളുടെ പ്രസംഗങ്ങളും എനിക്ക് വളരെ ഇഷ്ടപ്പെട്ടു. അവരിൽ ചിലർ നേരിട്ട് സദസ്യരെ സംബോധന ചെയ്ത് സംസാരിച്ചു. ചിലർ അവരുടെ വീഡിയോ സന്ദേശമയച്ചു. എല്ലാ പ്രസംഗകർക്കും നല്കാനുണ്ടായിരുന്നത് 'എല്ലാവരോടും സനേഹം, ആരോടുമില്ല വെറുപ്പ്' എന്ന ഒരൊറ്റ സന്ദേശമായിരുന്നു. മുമ്പേ ഞാൻ മനസ്സിലാക്കിയിരുന്നത് വ്യക്തിഗത സ്നേഹമാണ് ഇവിടെ ഉദ്ദേശിക്കുന്നതെന്നാണ്. മോശക്കാരായ ആളുകളോടു എങ്ങനെ സ്നേഹം കാണിക്കാൻ സാധിക്കുമെന്ന് ഞാൻ ആലോചിച്ചിരുന്നു. എന്നാലിപ്പോളെനിക്ക് മനസ്സിലായി ഇവിടെ ഉദ്ദേശിക്കപ്പെടുന്നത് സമൂഹത്തോടുള്ള സ്നേഹമാണ്. നമ്മൾ സമൂഹത്തെ സ്നേഹിക്കുകയാണെങ്കിൽ അവർ നല്ല അവസ്ഥയിലേക്ക് മാറാൻ തുടങ്ങുന്നു. അഹ്മദിയ്യത്തിന്റെ അധ്യാപനങ്ങൾക്ക് മാത്രമേ ഈ പ്രവൃത്തി ഈ സമയത്ത് ചെയ്യാൻ സാധിക്കുകയുള്ളൂ. അഹ്മദിയ്യത്ത് ശാന്തി, നീതി, ന്യൂനപക്ഷങ്ങളുടെ അവകാശങ്ങൾ നിലനിറുത്തൽ, സർവ്വ മനുഷ്യരോടും സ്നേഹം ഏതുവരെയെന്നാൽ 'എല്ലാവരോടും സ്നേഹം ആരോടുമില്ല വെറുപ്പ്' എന്ന അധ്യാപനംവരെ നൽകുന്നു. യഥാർഥത്തിൽ ഈ മുദ്രാവാക്യംതന്നെ മഹത്തായ സന്ദേശമാണ്. ഈ മുദ്രാവാക്യവും അഹ്മദിയ്യത്തിന്റെ സത്യതയ്ക്കുള്ള ഒരടയാളമാണ്.

ജൽസയുടെ ഓരോ നിമിഷങ്ങളും ഓരോ വ്യതിയാനങ്ങളും ഓരോ സംഭവവും എനിക്ക് അഹ്മദിയ്യത്തിന്റെ സത്യതയ്ക്കുള്ള അടയാളമായിരുന്നു എന്ന് ചുരുക്കം. തുടർച്ചയായി ഈ ദൃഢതയിൽ ഞാൻ ശക്തി പ്രാപിച്ചു കൊണ്ടേയിരുന്നു. ഞാനെന്റെ എല്ലാ സഹോദരന്മാരേയും ജൽസയുടെ ആത്മാവ് നേരിട്ട് അനുഭവിക്കാൻ ജൽസയിൽ തീർച്ചയായും പങ്കെടുക്കാൻ ഉപദേശിക്കാനാഗ്രഹിക്കുന്നു. ജൽസ സമാപിച്ചപ്പോൾ കുറച്ചുപേർ ഹദീഖത്തുൽ മഹ്ദിയിൽ ഉലാത്തുകയായിരുന്നു. ചിലർ സംസാരിച്ചു നിൽക്കുന്നുണ്ടായിരുന്നു. ചിലരാകട്ടെ വളരെ സന്തോഷവദനരായി കാണപ്പെടുന്നുണ്ടായിരുന്നു. എല്ലാവരും പരസ്പരം ആലിംഗനം ചെയ്യുന്നുണ്ടായിരുന്നു. ഐക്യത്തിന്റേയും ഏകതയുടേയും സാഹോദര്യത്തിന്റേയും പ്രവർത്തനരൂപം സമർപ്പിച്ചു കൊണ്ടേയിരുന്നു. അപ്പോഴെനിക്ക് സ്വർഗാനുഭൂതിയാണുണ്ടായത്.

ഹുദൂർ ഖുദ്ദാമുൽ അഹ്മദിയ്യാ സ്വദ്റിനോടു പറഞ്ഞു: 'ഇപ്പോൾ താങ്കൾ പൂർണ്ണമായും ശക്തി സംഭരിച്ചു മടങ്ങിപ്പോകുകയാണ്. സ്വന്തം കർത്തവ്യങ്ങൾ പൂർണ്ണ ഉൽസാഹത്തോടെ നിർവ്വഹിക്കുക. കസാഖ്സ്ഥാൻ(Kazakhstan)സംഘവുമായുള്ള ഹുദൂറിന്റെ അഭിമുഖം 1.50 വരെ നീണ്ടു നിന്നു. ഒടുവിൽ ഹുദൂറുമൊത്ത് ഫോട്ടോ എടുക്കാനും അവർക്ക് ഭാഗ്യം കിട്ടി.

## നൈജീരി(Nigeria)യൻ സംഘത്തിന്റെ കൂടിക്കാഴ്ച:

നൈജീരിയയിൽ നിന്നും അതിഥിയായി വന്ന Chief of Borgu Empire മൂസാ ഇബ്റാഹീം സാഹിബ് ഹുദൂറുമായി കൂടിക്കാഴ്ച നടത്തി. ജൽസാ സംവിധാനത്തെ കുറിച്ചുള്ള തന്റെ അനുഭവങ്ങൾ അദ്ദേഹം ഇങ്ങനെ പങ്കുവെച്ചു:

(ശേഷം പേജ് 9ൽ)




**"അല്ലാഹുവിന് പങ്കുകാരെ ചേർക്കൽ കൊടുംപാപമാകുന്നു." (ബുഖാരി)**

**ജൽസസാലാന ഖാദിയാൻ 2018**
**എല്ലാ ജമാഅത്തംഗങ്ങൾക്കും ആശംസകളോടെ......**

**എം. അബ്ദുൽ വഹാബ് (Business)**
അങ്ങാടിക്കട ബ്രാന്റ്, ടൗൺ മസ്ജിദിനു സമീപം,
പത്തനാപുരം– 689 695. Phone: 9744653179.

# ഖുത്ബ ജുമുഅ

**കഴിഞ്ഞ ദിവസം ജമാഅത്തിലെ ഒരു പുണ്യാത്മാവും മതപണ്ഡിതനുമായ ബഹുമാനപ്പെട്ട ഉഥ്മാൻ ചീനി സാഹിബ് വഫാത്തായി. ഇന്നാ ലില്ലാഹി വ ഇന്നാ ഇലയ്ഹി റാജിഊൻ. അല്ലാഹു അദ്ദേഹത്തെ ചൈനയിലെ ഒരു വിദൂരമായ പ്രദേശത്തുനിന്ന് തന്റെ പ്രത്യേക വിധിയാൽ പാക്കിസ്താനിൽ കൊണ്ടുവരികയും അഹ്മദിയ്യത്ത് സ്വീകരിക്കുന്നതിന് തൗഫീഖ് നല്കുകയും ദീനീപരമായ അറിവ് സമ്പാദിക്കുന്നതിനും ജീവിതം ദൈവമാർഗത്തിൽ വഖ്ഫ് ചെയ്യുന്നിതിന് മാർഗദർശനം നല്കുകയും ചെയ്തു.**

**അദ്ദേഹത്തിന്റെ അവസ്ഥകളേയും ജീവിതത്തേയും സേവനത്തേയും ചരിത്രത്തേയും കുറിച്ച് എത്രമാത്രം കാര്യങ്ങളാണ് ലഭിച്ചിരിക്കുന്നതിനാൽ, ഒരു ഗ്രന്ഥം തന്നെ രചിക്കാൻ കഴിയുന്നതാണ്. പാക്കിസ്താൻ ഖുദ്ദാമുൽ അഹ്മദിയായ്ക്ക് ഈ ജോലി നല്ല നിലയിൽ ചെയ്യാൻ കഴിയുമെന്ന് ഞാൻ വിചാരിക്കുന്നു. ഇപ്പോൾ ഞാൻ ആ ദർവേശീ ഗുണങ്ങളുള്ള മനുഷ്യൻ, ജമാഅത്തിലെ പുണ്യാത്മാവ്, ജീവിതം മതത്തിനുവേണ്ടി സമർപ്പിച്ച മുബല്ലിഗായ, കർമാനുഷ്ഠാനിയായ പണ്ഡിതനായ വലിയുല്ലായെ കുറിച്ച് ചില കാര്യങ്ങൾ പറയുന്നതാണ്. അത് തങ്ങളുടെ ജീവിതം മതപ്രവർത്തനത്തിനുവേണ്ടി സമർപ്പിച്ചിട്ടുള്ളവർക്കും മുബല്ലിഗുമാർക്കും പ്രത്യേകിച്ചും, മറ്റുള്ള ഓരോരുത്തർക്കും പൊതുവേയും അഹ്മദികൾക്കെല്ലാർക്കും അനുകരണാർഹമായ മാതൃകയാണ്.**

**പരേതനായ മുഹമ്മദു ഉഥ്മാൻ ചൂചിംഗ് ശീ സാഹിബിനെ കുറിച്ചുള്ള അനുസ്മരണവും ജനാസ ഗാഇബും**

**ഖുത്ബ ജുമുഅ സയ്യിദുനാ അമീറുൽ മുഅ്മിനീൻ ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് അയ്യദഹുല്ലാഹുത്തആല ബിനസ്രിൽ അസീസ്**

**ഖുത്ബ ജുമുഅ 2018 ഏപ്രിൽ 27/1397 ശഹാദത്ത് 27**
**മസ്ജിദ് ബയ്ത്തുൽ ഫുതൂഹ് ലണ്ടൻ**

أَشْهَدُ أَنْ لَّا إِلٰهَ إِلَّا اللهُ وَحْدَهُ لَا شَرِيكَ لَهُ وَأَشْهَدُ أَنَّ مُحَمَّدًا عَبْدُهُ وَرَسُولُهُ
أَمَّا بَعْدُ فَأَعُوذُ بِاللهِ مِنَ الشَّيْطٰنِ الرَّجِيْمِ- بِسْمِ اللهِ الرَّحْمٰنِ الرَّحِيْمِ-
اَلْحَمْدُ لِلّٰهِ رَبِّ الْعٰلَمِيْنَ- اَلرَّحْمٰنِ الرَّحِيْمِ- مٰلِكِ يَوْمِ الدِّيْنِ- إِيَّاكَ نَعْبُدُ وَإِيَّاكَ نَسْتَعِيْنُ-
اِهْدِنَا الصِّرَاطَ الْمُسْتَقِيْمَ- صِرَاطَ الَّذِيْنَ أَنْعَمْتَ عَلَيْهِمْ غَيْرِ الْمَغْضُوْبِ عَلَيْهِمْ وَلَا الضَّآلِّيْنَ-

കഴിഞ്ഞ ദിവസം ജമാഅത്തിലെ ഒരു പുണ്യാത്മാവും മതപണ്ഡിതനുമായ ബഹുമാനപ്പെട്ട ഉഥ്മാൻ ചീനി സാഹിബ് വഫാത്തായി. *ഇന്നാ ലില്ലാഹി വ ഇന്നാ ഇലയ്ഹി റാജിഊൻ.* അല്ലാഹു അദ്ദേഹത്തെ ചൈനയിലെ ഒരു വിദൂരമായ പ്രദേശത്തുനിന്ന് തന്റെ പ്രത്യേക വിധിയാൽ പാക്കിസ്താനിൽ കൊണ്ടുവരികയും അഹ്മദിയ്യത്ത് സ്വീകരിക്കുന്നതിന് തൗഫീഖ് നല്കുകയും ചെയ്തു. ഏതേതെല്ലാം രീതിയിലാണ് അല്ലാഹു അദ്ദേഹത്തോടു പെരുമാറിക്കൊണ്ടിരുന്നത് അദ്ദേഹത്തിന് അഹ്മദിയ്യത്ത് സ്വീകരിക്കാനും മതപരമായ അറിവ് കരസ്ഥമാക്കാനും പിന്നീട് ജീവിതം വഖ്ഫ് ചെയ്യുന്നതിനും തൗഫീഖ് നല്കി. അദ്ദേഹത്തിന്റെ സ്വന്തം പുസ്തകങ്ങളുണ്ട്; അദ്ദേഹം തന്റെ ഓർമക്കുറിപ്പുകളും എഴുതിയിട്ടുണ്ട്. അതിൽ വിശദീകരിച്ച് വെളിച്ചം വീശിയിട്ടുണ്ട്. ആ വിശദീകരണം പറയാൻ ഇപ്പോൾ സമയമില്ല. അദ്ദേഹം പലയാളുകളോടും തന്റെ ചില കാര്യങ്ങൾ പറഞ്ഞിട്ടുണ്ട്. ജനങ്ങൾ അദ്ദേഹത്തെക്കുറിച്ച് ചിലത് എഴുതിയിട്ടുമുണ്ട്. അതും വളരെ വിശദീകരിച്ചാണ് എഴുതിയിട്ടുള്ളത്. അവരുടെ വിശദീകരണം വിവരിക്കുക എന്നതും അല്ലെങ്കിൽ അവയെല്ലാം വിവരിക്കുക എന്നതും അസംഭാവ്യമാണ്; വളരെ ഈമാൻ ദൃഢീകരിക്കുന്ന സംഭവങ്ങളാണ്. അദ്ദേഹത്തിന്റെ അവസ്ഥകളേയും ജീവിതത്തേയും സേവനത്തേയും ചരിത്രത്തേയും കുറിച്ച് എത്രമാത്രം കാര്യങ്ങളാണ് ലഭിച്ചിരിക്കുന്നതിനാൽ, ഒരു ഗ്രന്ഥം തന്നെ രചിക്കാൻ കഴിയുന്നതാണ്. പാക്കിസ്താൻ ഖുദ്ദാമുൽ അഹ്മദിയായ്ക്ക് ഈ ജോലി നല്ല നിലയിൽ ചെയ്യാൻ കഴിയുമെന്ന് ഞാൻ വിചാരിക്കുന്നു. ഇപ്പോൾ ഞാൻ ആ ദർവേശീ ഗുണങ്ങളുള്ള മനുഷ്യൻ, ജമാഅത്തിലെ പുണ്യാത്മാവ്, ജീവിതം മതത്തിനുവേണ്ടി സമർപ്പിച്ച മുബല്ലിഗായ, കർമാനുഷ്ഠാനിയായ പണ്ഡിതനായ വലിയുല്ലായെ കുറിച്ച് ചില കാര്യങ്ങൾ പറയുന്നതാണ്. അത് തങ്ങളുടെ ജീവിതം മതപ്രവർത്തനത്തിനുവേണ്ടി സമർപ്പിച്ചിട്ടുള്ളവർക്കും മുബല്ലിഗുമാർക്കും പ്രത്യേകിച്ചും, മറ്റുള്ള ഓരോരുത്തർക്കും പൊതുവേയും അഹ്മദികൾക്കെല്ലാർക്കും അനുകരണാർഹമായ മാതൃകയാണ്. അദ്ദേഹത്തിന്റെ ജീവിതത്തെ കുറിച്ച് വിവിധ ആളുകൾ എഴുതിയിട്ടുണ്ട്. പറഞ്ഞതുപോലെ ഞാൻ ഹ്രസ്വമായി വിവരിക്കുന്നതാണ്.

ഉഥ്മാൻ ചീനീ സാഹിബ്, ഉഥ്മാൻ ചീനീ എന്ന പേരിൽ അറിയപ്പെട്ടിരുന്നു. അദ്ദേഹത്തിന്റെ മുഴുവൻ പേര് "മുഹമ്മദു ഉഥ്മാൻ ചൂചിംഗ് ശീ" എന്നായിരുന്നു. 2018 ഏപ്രിൽ 13 ന് അദ്ദേഹം വഫാത്തായി. 1925 ഡിസംബർ 13 ന് ഒരു മുസ്‌ലിം കുടുംബത്തിലാണ് ജനിച്ചത്. ചൈനയിലെ ആൻഖുയി സംസ്ഥാനത്തിലായിരുന്നു ജനനം. ഹൈസ്കൂൾ വിദ്യാഭ്യാസത്തിനുശേഷം 1946 ൽ നോങ്കിംഗ് യൂണിവേഴ്സിറ്റിയിൽ ഒരു വർഷത്തെ അഡ്വാൻസ് കോഴ്സ് ചെയ്തു. തുടർന്ന് നോങ്കിംഗ് നാഷണൽ സെൻട്രൽ യൂണിവേഴ്സിറ്റിയിലെ രാഷ്ട്രീയകാര്യവകുപ്പിൽ പഠിക്കാൻ തുടങ്ങി. രാഷ്ട്രീയത്തോടു വലിയ താൽപര്യമൊന്നുമില്ലാത്തതിനാൽ നിയമതത്ത്വശാസ്ത്രമോ മതപരമായ വിദ്യാഭ്യാസമോ കരസ്ഥമാക്കുന്നതിനെ കുറിച്ച് ചിന്തിച്ചു. ആദ്യം തുർക്കിയിൽ പോയി പഠിക്കാനാണ് ഉദ്ദേശിച്ചത്. പിന്നീട് 1949 ഇദ്ദേഹം പാക്കിസ്താനിൽ വന്നു. സ്വയം അന്വേഷിച്ച് അദ്ദേഹം ബയ്അത്തു ചെയ്തു. ജാമിഅ അഹ്മദിയ്യായിൽ പഠനം ആരംഭിച്ചു. 1957ൽ ജാമിഅ അഹ്മദിയ്യായിൽ നിന്ന് "ശഹാദത്തുൽ അജാനിബ്" പരീക്ഷ പാസായി. ഇത് മുബല്ലിഗുമാരുടെ ഷോർട്ട് കോഴ്സ് ആയിരുന്നു. 1959 ആഗസ്റ്റ് 16 ന് അദ്ദേഹം ജീവിതം വഖ്ഫ് ചെയ്തു. 1960 ജനുവരിയിൽ അദ്ദേഹം ജോലിയിൽ നിയമിതനായി. പിന്നീട് മുബല്ലിഗ് ക്ലാസിലെ കോഴ്സ് പാസാകുന്നതിനുവേണ്ടി വീണ്ടും 1961 ഏപ്രിൽ മാസത്തിൽ ജാമിഅ അഹ്മദിയ്യായിൽ ചേർന്നു. 1964 ശാഹിദ് ഡിഗ്രി കരസ്ഥമാക്കി.

പാക്കിസ്താനിൽ വക്കാലത്തെ തസ്നീഫ് തഹ്‌രീക്കെ ജദീദ് റബ്‌വയിലും ഇപ്രകാരംതന്നെ കറാച്ചിയിലും റബ്‌വയിലും അദ്ദേഹത്തിന് വഖ്ഫെ സിന്ദഗിയും മുറബ്ബിയും എന്ന നിലയിൽ സേവനത്തിന് തൗഫീഖ് കിട്ടി. 1966ൽ സിംഗപ്പൂരിലും മലേഷ്യയിലും പോയി. ഏകദേശം മൂന്നര വർഷം സിംഗപ്പൂരിലും നാലുമാസത്തിനടുത്ത് മലേഷ്യയിലും സേവനം ചെയ്യാൻ തൗഫീഖ് കിട്ടി. 1970 ൽ തിരിച്ച് പാക്കിസ്താനിൽ വന്നു. വീണ്ടും വിവിധ സ്ഥലങ്ങളിൽ മുബല്ലിഗായി പ്രവർത്തിച്ചു. ഉംറയും ഹജ്ജും ചെയ്യാനുള്ള ഭാഗ്യവും അദ്ദേഹത്തിനു ലഭിച്ചു. ഹദ്റത്ത് ഖലീഫത്തുൽ മസീഹ് റാബിഅ്ന്റെ ഹിജ്റത്തിനുശേഷം, ലണ്ടനിൽ വിവിധ ഓഫീസുകൾ നിലവിൽ വരികയും ജോലികൾ വിപുലീകരിക്കപ്പെടുകയും ചെയ്തു. ജമാഅത്തിന്റെ സാഹിത്യങ്ങൾ വിപുലമായി തർജമ ചെയ്യാനുള്ള നടപടി തുടങ്ങിയപ്പോൾ ചീനിഡസ്ക്ക് രൂപീകരിച്ചു. അദ്ദേഹത്തെ ലണ്ടനിലേക്ക് വിളിച്ചു. അദ്ദേഹത്തിന് ഗ്രന്ഥങ്ങളുടെ ചീനി തർജമ ചെയ്യാൻ ഭാഗ്യമുണ്ടായി. ഇതിൽ ഏറ്റവും പ്രധാനപ്പെട്ടത് വിശുദ്ധ ഖുർആനിന്റെ ചൈനീസ് തർജമയാണ്. ജമാഅത്തിന്റെ വിശ്വാസാദർശങ്ങളും അധ്യാപനങ്ങളുമടങ്ങിയ ഗ്രന്ഥവും അദ്ദേഹം എഴുതി.

അദ്ദേഹത്തിന്റെ സന്തപ്ത കുടുംബാംഗങ്ങളിൽ ഭാര്യയും ഒരു മകനും രണ്ടു പെൺകുട്ടികളുമാണ്. ചൈനീസ് ഖുർആൻ പരിഭാഷയെ സംബന്ധിച്ച് പറയുമ്പോൾ ഹദ്റത്ത് ഖലീഫത്തുൽ മസീഹ് റാബിഅ്ന്റെ നിർദ്ദേശമനുസരിച്ച് 1986 ലാണ് ചൈനീസ് ഭാഷയിൽ വിശുദ്ധ ഖുർആന്റെ തർജ്ജമ ആരംഭിച്ചത്. അതേവർഷം ജൂൺമാസത്തിൽ അദ്ദേഹത്തെ പാക്കിസ്താനിൽനിന്ന് ബ്രിട്ടനിലേക്ക് വിളിച്ചു. 4 വർഷത്തെ അധ്വാനത്തിനുശേഷം ഈ തർജമ പൂർത്തിയായി. ചീനീ സാഹിബ് സ്വയം എഴുതുന്നു: 'ചൈനീസ് തർജമയ്ക്ക് ധാരാളം സമയം വേണ്ടിയിരുന്നു. അഹ്മദിയ്യാ ശതവാർഷിക ജൂബിലി അവസരത്തിൽ പ്രസിദ്ധീകരിക്കണമെന്നത് ഖലീഫത്തുൽ മസീഹ് റാബിഅ്ന്റെ നിർദ്ദേശമായിരുന്നു; ഈ ജോലി സമയത്തിനുള്ളിൽ തീരുമോ എന്ന് എനിക്ക് ആശങ്കയുണ്ടായിരുന്നു. ചൈനീസ് ഭാഷയുടെ നിലവാരം മെച്ചപ്പെടുത്തുന്നതിനും പരിശോധനയുടെ ജോലിയിൽ സഹായിക്കുന്നതിനും പറ്റിയ ആളുകളെ അന്വേഷിച്ചുകൊണ്ടിരുന്നു; പാക്കിസ്താനിലോ യു.കെയിലോ ഇരുന്ന് ഈ ജോലി ചെയ്യുക പ്രയാസകരമായിരുന്നു. ഉദാഹരണത്തിന് ചൈനീസ് ഭാഷയിൽ നല്ല കഴിവുള്ളയാളെ കിട്ടുമ്പോൾ അയാൾ ഇസ്‌ലാമിക കാര്യങ്ങളെക്കുറിച്ച് അജ്ഞനായിരിക്കും. മതപരമായി അറിവുള്ളയാളാണെങ്കിൽ ചൈനീസ് ഭാഷയുടെ അയാളുടെ നിലവാരം നല്ലതായിരു

ന്നില്ല. ഇതു വളരെ ദുഷ്കരമായ ജോലിയായിരുന്നു.' അദ്ദേഹം പറയുന്നു: 'തർജമ പൂർത്തിയായപ്പോൾ ഹദ്റത്ത് ഖലീഫത്തുൽ മസീഹ് റാബിഅ്ന്റെ നിർദ്ദേശപ്രകാരം ചൈനയിലും സിങ്കപ്പൂരിലുംപോയി ചൈനീസ് ഭാഷയിൽ വിദഗ്ധരുമായും കൂടിയാലോചിച്ച് അത് മെച്ചപ്പെട്ടതാക്കി. അല്ലാഹുവിന്റെ കൃപയാൽ ചൈനീസ് ഭാഷയിൽ വിശുദ്ധഖുർആനിന്റെ വലിയ നിലവാരമുള്ള ഖുർആൻ തയ്യാറായി.' അദ്ദേഹം തന്നെ വളരെ വിനയത്തോടെ എഴുതുന്നു: 'ഈ ജോലി എന്നെക്കൊണ്ട് സാധ്യമല്ലായിരുന്നു. അല്ലാഹുവിന്റെ കൃപയൊന്നു മാത്രമാണ് ഇത് സാധ്യമാക്കിയത്.' അദ്ദേഹം പറയുന്നു: 'ചൈനീസ് ഭാഷയിൽ ഇതിന് മുമ്പേയും വിശുദ്ധഖുർആനിന്റെ തർജമ ഇറങ്ങിയിട്ടുണ്ട്. ശേഷവും തർജമ ഉണ്ടായിട്ടുണ്ട്. അതിന്റെ എണ്ണം പത്തിലധികമാണ്. പക്ഷേ, അഹ്മദിയ്യാ ജമാഅത്തിന്റെ തർജമയ്ക്കുള്ള പ്രത്യേകത മറ്റൊരു തർജമയ്ക്കുമില്ല. ജമാഅത്തുപരമായ ജ്ഞാനം കാരണത്താൽ ഏറ്റവും വലിയ നല്ലൊരു കൃതിയാണിത്. ഈ തർജമ പ്രസിദ്ധീകരിച്ചപ്പോൾ ചൈനയിൽനിന്നും മറ്റു രാജ്യങ്ങളിൽനിന്നുമുള്ള മാതൃഭാഷക്കാരിൽനിന്ന് ധാരാളം അഭിപ്രായങ്ങൾ ലഭിച്ചു. അതിലെല്ലാം ഈ തർജമ മികച്ചതാണെന്ന് പറഞ്ഞുകൊണ്ട് വലിയ അനുമോദനങ്ങൾ സമർപ്പിക്കപ്പെട്ടിരുന്നു. ജമാഅത്തിന്റെ തർജമ ഒരുപാട് ജനപ്രീതി നേടി. അതിന് വലിയ ഡിമാന്റാണുള്ളത്. ജമാഅത്തിന്റെ വിശ്വാസാദർശങ്ങൾ ഇടയ്ക്കു തള്ളിക്കയറ്റിയെന്നും സ്വന്തം ഇഷ്ടമനുസരിച്ച തർജമ ചെയ്തിരിക്കുന്നുവെന്നും പറഞ്ഞ് ചിലയാളുകൾ ആക്ഷേപവും ഉന്നയിക്കുന്നുണ്ട്;

പൊതുവെ എല്ലാവരും തർജമയുടെ നിലവാരം മികച്ചതാണെന്ന് പറഞ്ഞു. ചൈനയിലെ ഒരു പ്രൊഫസർ Lin Song ഈ നൂറ്റാണ്ടിലെ ചൈനീസ് ഭാഷയിലെ ഖുർആൻ തർജമ എന്ന പേരിൽ ഒരു ഗ്രന്ഥമെഴുതിയിട്ടുണ്ട്. അതിൽ നമ്മുടെ തർജമയെ കുറിച്ച് ഏകദേശം 15 പേജാണ് എഴുതിയിട്ടുള്ളത്. അഹ്മദിയ്യാ ജമാഅത്തിന്റെ ചൈനീസ് തർജമ നല്ലവണ്ണം ചർച്ച ചെയ്തിട്ടുണ്ട്. പ്രൊഫസർ സാഹിബ് വളരെ വിശദീകരിച്ച് നമ്മുടെ ഖുർആൻ തർജമയുടെ പ്രത്യേകതകൾ വിവരിക്കുന്നു. ഉദാഹരണത്തിന് പറയുന്നു: 'സാധാരണ ഉലമാക്കൾ തർജമ ചെയ്യുമ്പോൾ ചില വാക്കുകളുടെ പരിഭാഷ ചെയ്യാറില്ല. മറിച്ച്, പരിഭാഷയുടെ സ്ഥാനത്ത് അറബിപദം തന്നെ എഴുതുന്നു. അല്ലെങ്കിൽ അടിക്കുറിപ്പിൽ അതിന് വ്യാഖ്യാനം നല്കുന്നു. അതുകൊണ്ട് അവസാനം വരെ വായനക്കാർക്കു തോന്നുന്നത് ആ ഭാഗം അവർക്ക് സംശയാസ്പദമാണെന്നാണ്. എന്നാൽ, ഉഥ്മാൻ സാഹിബിന്റെ തർജമയുടെ പ്രത്യേകത, അദ്ദേഹം അത്തരം സ്ഥലങ്ങളിൽ തർജമയും എഴുതുന്നു. ഏതിന്റെ അടിസ്ഥാനത്തിലാണോ അദ്ദേഹം തർജമ ചെയ്യുന്നത് അതിനെ പിന്തുണച്ചുകൊണ്ടുള്ള ഉദ്ധരണികൾ അടിക്കുറിപ്പിൽ രേഖപ്പെടുത്തുകയും ചെയ്യുന്നു.' പ്രൊഫസർ സാഹിബ് എഴുതുന്നു: 'വിശുദ്ധഖുർആനിന്റെ തർജമയെ സംബന്ധിച്ച് ഞാൻ നിരൂപണം എഴുതിയിരുന്നു. അതിനുശേഷം പല പ്രാവശ്യവും ഉഥ്മാൻ സാഹിബുമായി കൂടിക്കാഴ്ചയുമുണ്ടായി; എന്റെ അഭിപ്രായമിതാണ്.' ഇതൊരു അന്യനായ ആളുടെ വിദ്യാസമ്പന്നനായ പ്രൊഫസറിന്റെ അഭിപ്രായമാണ്. ഇസ്‌ലാമിലെ ആധികാരിക വക്താവായി മനസ്സിലാക്കുന്നയാളാണ് അദ്ദേഹം. അദ്ദേഹം തുടരുന്നു: "ഉഥ്മാൻ ചീനീ സാഹിബ് കപടമില്ലാത്ത വിനയനായ, ആത്മാർഥനായ, സത്യവാനും കല്പനകളനുസരിച്ച് ഗൗരവത്തോടെ കർമം ചെയ്യുന്ന വ്യക്തിയുമാണ്.' അദ്ദേഹം പറയുന്നു: 'റമളാനിൽ ഞാൻ അദ്ദേഹത്തെ ക്ഷണിച്ചിരുന്നു. ഉഥ്മാൻ സാഹിബ് നോമ്പുപിടിക്കുകയും വിശുദ്ധഖുർആനിനെ ശരീഅത്തിന്റെ ഉന്നതമായ ഗ്രന്ഥമായി മനസ്സിലാക്കുകയും ചെയ്യുന്ന ആളാണ്.' പിന്നീട് എഴുതുന്നു: 'അദ്ദേഹത്തിന്റെ തർജമയുടേയും വ്യാഖ്യാനത്തിന്റേയും ചില ഭാഗങ്ങൾ നമ്മുടെ ചീനീ സുന്നികക്ഷികളായ ആളുകളുടെ വീക്ഷണഗതികളുമായി ചേരുന്നില്ലെങ്കിൽത്തന്നെയും ഈ വ്യക്തി തൗഹീദിൽ വിശ്വസിക്കുന്ന ആളാണെന്നും നബി(സ) തിരുമേനിയെ സ്നേഹിക്കുന്ന വ്യക്തിയാണെന്നും ദൈവകല്പനകൾ പാലിക്കുന്നയാളാണെന്നുമുള്ള കാര്യം നിഷേധിക്കാൻ ആർക്കെങ്കിലും കഴിയുമോ? (അൽഫള്ൽ, 2012 മാർച്ച് 12, വാള്യം 3, പേജ് 62–97, നമ്പർ 60)

ചീനീ സാഹിബ് തന്റെ മേൽനോട്ടത്തിൽ തയ്യാറാക്കിയ ചൈനീസ് സാഹിത്യങ്ങളുടെ ഇംഗ്ലീഷ് ശീർഷകങ്ങൾ ഇതാണ്. My life and ancestary. ഇത് ചൈനീസ് ഭാഷയിലാണ്. Introduction to morality. ഇതും ചൈനീസ് ഭാഷയിലാണ്. 7 ഗ്രന്ഥം അദ്ദേഹത്തിന്റെ സ്വന്തമായിട്ടുണ്ട്. 35നടുത്ത് ഗ്രന്ഥം അദ്ദേഹം തർജമ ചെയ്തിട്ടുണ്ട്; അല്ലെങ്കിൽ തന്റെ മേൽനോട്ടത്തിൽ ചെയ്യിച്ചിട്ടുണ്ട്. An outline of Ahmadiyya Muslim Jama'at ഇത് ഇസ്‌ലാമിനെ പരിചയപ്പെടുത്തുന്നു. Fundamental Questions and answers about Islam ഇസ്‌ലാമിനെ കുറിച്ചുള്ള അടിസ്ഥാനപരമായ ചോദ്യത്തെ സംബന്ധിച്ച് Islamic concept of Jihad and Ahmadiyya Muslim Jama'at ഇതും അദ്ദേഹം ചൈനീസ് ഭാഷയിലെഴുതിയ ഗ്രന്ഥമാണ്. Ahmadiyya Muslim community's contribution to the World മാനുഷിക ജീവിതത്തിൽ ഇസ്‌ലാമിന്റേയും മതത്തിന്റേയും ആവശ്യകത .ഇതും അദ്ദേഹത്തിന്റെ സ്വന്തം കൃതിയാണ്. ഇതാണ് അദ്ദേഹത്തിന്റെ വൈജ്ഞാനിക സേവനങ്ങൾ. ഞാനത് ഹ്രസ്വമായി പറഞ്ഞുവെന്നേയുള്ളൂ.

കുടുംബജീവിതത്തെ സംബന്ധിച്ച് അദ്ദേഹത്തിന്റെ ഭാര്യ എഴുതുന്നു: പാക്കിസ്താനിൽനിന്ന് ഉഥ്മാൻ സാഹിബുമായുള്ള എന്റെ വിവാഹാലോചന വന്നപ്പോൾ എന്റെ പിതാവ് പ്രായവ്യത്യാസം കാരണത്താൽ ബന്ധം ഇഷ്ടപെട്ടില്ല. (അദ്ദേഹത്തിന്റെ ഭാര്യയും ചൈനക്കാരിയാണ്). അദ്ദേഹത്തിന്റെ ഭാര്യ എഴുതുന്നു: എന്റെ പ്രായം അപ്പേൾ 20 വയസ്സായിരുന്നു; ഉഥ്മാൻ സാഹിബിന് അമ്പതിനടുത്തും. മാസങ്ങളോളം എന്റെ പിതാവ് ഈ ആലോചനയെ കുറിച്ച് എന്നോടു ഒന്നും പറഞ്ഞിരുന്നില്ല. അവസാനം അദ്ദേഹം പറഞ്ഞപ്പോൾ ഞാൻ സ്വയം തീരുമാനിക്കാൻ കത്ത് എന്റെ മുന്നിൽവച്ചു. അവർ പറയുന്നു: ഞാൻ ഒരു സ്വപ്നം കണ്ടിരുന്നു. ഞാൻ ഏതോ ഒരു വിദേശരാജ്യത്ത് ഒരു വലിയ മൈതാനിയിൽ കൈയിലൊന്നുമില്ലാതെ നില്ക്കുകയാണ്. എന്റെ അവസ്ഥ എന്താകുമെന്ന് പെട്ടെന്ന് ചിന്തിച്ചു. അപ്പോൾ ഞാൻ കുറച്ചു അകലെയായി ശുഭ്രവസ്ത്രധാരിയായ ഒരാളെ കണ്ടു. നിന്റെ എല്ലാ ആഗ്രഹങ്ങളും ഈ വ്യക്തി മുഖേന പൂർത്തിയാക്കപ്പെടുന്നതായിരിക്കുമെന്ന ഒരു അശരീരിയും കേട്ടു. അവർ പറയുന്നു: ആ കത്ത് കണ്ടതിനുശേഷം ഞാൻ ഉഥ്മാൻ സാഹിബിനെ സ്വപ്നത്തിൽ കണ്ടു. വെള്ള വസ്ത്രം ധരിച്ചുകൊണ്ട് അദ്ദേഹം എന്റെ അടുത്തു നില്ക്കുന്നു. ഞാൻ കിടക്കുകയായിരുന്നു. പിന്നീട് ഉഥ്മാൻ സാഹിബിന്റെ ഫോട്ടോ കാണിച്ചപ്പോൾ, ഞാൻ സ്വപ്നത്തിൽ കണ്ട വ്യക്തിയാണതെന്ന് എനിക്കു മനസ്സിലായി. അങ്ങനെ ഞാൻ ബന്ധം സ്വീകരിച്ചു. നാലുവർഷംവരെ വിവാഹം പറഞ്ഞുവെച്ചിരുന്നു. പാസ്പോർട്ട് കിട്ടുന്നുണ്ടായിരുന്നില്ല. അവിടെത്തെ അവസ്ഥ വളരെ മോശമായിരുന്നു. രാഷ്ട്രീയമായ അവസ്ഥകളും കൾച്ചറൽ റവലേഷനും കാരണത്താൽ അദ്ദേഹത്തിന്റെ വരവ് വളരെ ബുദ്ധിമുട്ടിലായിരുന്നു. അവർ പറയുന്നു: **മാവോസേതുംഗ് മരിക്കുമ്പോൾ ഭാര്യ വരുമെന്ന്** ഉഥ്മാൻ സാഹിബ് ഒരു സ്വപ്നം കണ്ടിരുന്നു. മാവോസേതുംഗ് അക്കാലത്ത് ചൈനയുടെ ചെയർമാനായിരുന്നു. അദ്ദേഹത്തിന്റെ ആരോഗ്യവും നല്ലതായിരുന്നു. രോഗമൊന്നുമുണ്ടായിരുന്നില്ല. വളരെ സുഖമായി ജീവിച്ചുപോരുകയായിരുന്നു. എന്തായാലും അതു കണ്ടപ്പോൾ അദ്ദേഹം പറഞ്ഞു: ഇത് വളരെ ദീർഘമായ കാലമാണല്ലോ. എപ്പോഴാണ് അതുണ്ടാകുക എന്നറിയില്ല. അപ്പോൾ ചീനീ സാഹിബ് മാവോസേതുംഗിന് കത്തെഴുതാമെന്ന് തീരുമാനിച്ചു. പറയുന്നു: ഞാൻ കത്ത് പോസ്റ്റു ചെയ്യാൻ പോകുകയായിരുന്നു. മാവോ സേ തുംഗ് മരിച്ചുവെന്ന വാർത്ത വന്നു. അദ്ദേഹത്തിന്റെ ഭാര്യ എഴുതുന്നു: അദ്ദേഹത്തിന്റെ മരണത്തിന് കുറച്ചു ദിവസം കഴിഞ്ഞുടനെ എനിക്കെന്റെ പാസ്പോർട്ട് കിട്ടി. അവർ പറയുന്നു: അങ്ങനെ ഞാൻ പാസ്പോർട്ടെടുത്ത് എന്റെ പിതാവിന്റെ വീട്ടിൽ വന്നു. ഞാൻ വീട്ടിൽ വന്ന ദിവസം രാത്രി ശക്തമായ മഴ പെയ്തു. അതിനു മുമ്പേ വരൾച്ചയായിരുന്നു. എത്രമാത്രം ശക്തമായ മഴയായിരുന്നുവെന്നാൽ വെള്ളത്തിന്റെ ഒഴുക്ക് കാരണത്താൽ ഭൂമിയിൽ വലിയ വലിയ കുഴികൾ ഉണ്ടായി. നീ ആദ്യമേ വന്നിരുന്നെങ്കിൽ ഞങ്ങളുടെ ഈ വരൾച്ച മുമ്പേ മാറുമായിരുന്നുവെന്ന് ഒരു അനഹ്മദി അയൽവാസി എന്നോടു പറഞ്ഞു. അവർ പറയുന്നു: ഒരാഴ്ച കഴിഞ്ഞ് ഞാൻ ചൈനയിൽനിന്ന് പുറപ്പെട്ടു. എന്റെ കൈയിൽ പറയത്തക്ക സാധനങ്ങളൊന്നുമുണ്ടായിരുന്നില്ല. ഉഥ്മാൻ സാഹിബിന്റെ അനുജൻ തന്ന രണ്ടു ജോഡി ഡ്രസുണ്ടായിരുന്നു. Soya Saucc ന്റെ കുറച്ച് ഈയലഭ ഉണ്ടായിരുന്നു. 1978 ആഗസ്ത് 12ന് ഞാൻ കറാച്ചിയിലെത്തി. അവിടെ ചൗദ്ദരി അഹ്മദ് മുഖ്താർ സാഹിബ് ഞങ്ങളുടെ നിക്കാഹ് കർമം നിർവഹിച്ചു; അദ്ദേഹം തന്നെയായിരുന്നു എന്റെ ഒലിയ്യും. മൂന്നാം ദിവസം ഞങ്ങൾക്ക് ചൈനീസ് എമ്പസിയിൽ പോകണമായിരുന്നു. ട്രെയിനിൽ ഞങ്ങൾ പോയി. അതിൽ പുരുഷന്മാർക്കും സ്ത്രീകൾക്കും പ്രത്യേകം പ്രത്യേകം സംവിധാനമായിരുന്നു. എല്ലാവരും ട്രെയിനിൽനിന്നിറങ്ങിക്കഴിഞ്ഞാൽ നമുക്ക് സ്റ്റേഷനിൽ കാണാമെന്ന് മുമ്പേ ഞങ്ങളിരുവരും തീരുമാനിച്ചിരുന്നു. പക്ഷേ, ഇവർ പറയുന്നു: ഞാൻ ആദ്യമായിട്ടാണ്


**അമീറുൽ മുഅ്മിനീന്റെ ഉപദേശം:-**

**"ദുൻയാവ് സമ്പാദനത്തിന്റെ യഥാർഥ ഉദ്ദേശ്യം ദീൻ ആയിരിക്കേണ്ടതാണ്. ദീനിന്റെ സേവകൻ എന്ന നിലയിൽ ദുൻയാവിനെ കരസ്ഥമാക്കുക."**
**(ഖുത്ബ ജുമുഅ, 2017 മെയ് 5)**

**ത്വാലിബെ ദുആ:**
**മുഹമ്മദ് സ്വഫ്‌വാനും കുടുംബവും, എറണാകുളം ജില്ലാ ഖായിദ് (കേരള)**

**അമീറുൽ മുഅ്മിനീന്റെ ഉപദേശം:-**

**"ദുഷ്കരമായ അവസ്ഥകളിൽനിന്ന് പുറത്തു കടക്കാനുള്ള മാർഗം അല്ലാഹുവിന്റെ മുമ്പിൽ കുനിയുക മാത്രമാണ്."**
**(ഖുത്ബ ജുമുഅ, 2017 മാർച്ച് 10.)**

**ത്വാലിബെ ദുആ:**
**ഖാഇദ് മജ്‌ലിസ് ഖുദ്ദാമുൽ അഹ്മദിയ്യാ ആലപ്പുഴ(കേരള)**

ഇങ്ങനെ യാത്ര ചെയ്യുന്നത്. ഞാനിരുന്ന ബോഗിയിൽനിന്ന് എല്ലാ യാത്രക്കാരും ഇറങ്ങിപ്പോയി. ഇതു അവസാന സ്റ്റേഷനെന്നാണ് ഞാൻ കരുതിയത്. ട്രെയിൻ വീണ്ടും മുന്നോട്ട് എടുത്തപ്പോഴാണ് എനിക്ക് മനസ്സിലായത് ഞാൻ ഇറങ്ങേണ്ട സ്റ്റേഷൻ ഇതല്ലെന്ന്. അപ്പോൾ വീണ്ടും ട്രെയിനിൽ കയറുക എന്നത് ബുദ്ധിമുട്ടായി. നല്ല തിരക്കായിരുന്നു. ഞാൻ വളരെ പരിഭ്രമിച്ചു. ഞാൻ ചുറ്റിക്കറങ്ങുന്നത് ഒരു പോലീസ് ഓഫീസർ കണ്ടപ്പോൾ റെയിൽവേ പോലീസുകാരെ അദ്ദേഹം അവിടെ വിളിച്ചു. പിന്നീട് എന്നെ ചൈനീസ് എമ്പസിയിൽ അയച്ചു. പറയുന്നു: ഞാൻ നിഖാബും കോട്ടും ധരിച്ചിരുന്നു. ഞാൻ ചൈനീസാണെന്ന് എമ്പസിക്കാർക്ക് വിശ്വാസം വന്നില്ല. കാരണം ബുർഖ ധരിച്ച ഒരു സ്ത്രീയാണ്. അവർ ഒരു ചൈനീസ് മാസിക വാങ്ങിപ്പിച്ചു. എന്നോട് വായിച്ചു കേൾപ്പിക്കാൻ പറഞ്ഞു. പിന്നീട് ടാക്സി ഏർപ്പാടാക്കിത്തന്നു. എന്തായാലും വലിയ കഥയാണ്. എങ്ങനെയൊക്കെയോ അവർ എമ്പസിയിലെത്തി. എവിടെയാണ് കൊണ്ടുപോകേണ്ടതെന്ന് ടാക്സിക്കാരൻ ഇടയ്ക്കിടെ ചോദിച്ചു കൊണ്ടിരുന്നു. എന്തായാലും അയാൾ അവിടെ എത്തിച്ചു. ഇങ്ങനെ ഒരു സ്ത്രീ ഒറ്റയ്ക്ക് ചുറ്റുന്നതും പിന്നീട് ഇരുവരും ഇങ്ങനെ ഒരുമിച്ചുചേരുന്നതും താൻ കണ്ടിട്ടില്ലാത്തതിനാൽ ടാക്സിക്കാരൻ അത്ഭുതപ്പെട്ടു. പറയുന്നു: ഇത് ഞങ്ങളുടെ ജീവിതത്തിന്റെ ആരംഭമായിരുന്നു.

ഉഥ്മാൻ സാഹിബിനെ കുറിച്ച് അദ്ദേഹത്തിന്റെ ഭാര്യ വീണ്ടും എഴുതുന്നു: നല്ല ഭർത്താവായിരുന്നു. എന്നല്ല എന്റെ ആത്മീയ ഉസ്താദുമായിരുന്നു. ഞാൻ പാക്കിസ്താനിൽ വരുമ്പോൾ ഏറ്റവുമാദ്യം അദ്ദേഹം എന്നെ നമസ്കാരം പഠിപ്പിച്ചു. മസ്ജിദിൽ ജമാഅത്തായി നമസ്കരിപ്പിച്ചതിനുശേഷം വീട്ടിൽ വന്ന് എന്നെ ജമാഅത്തായി നമസ്കരിപ്പിക്കുമായിരുന്നു. മണിക്കൂറുകളോളം എന്നെ നമസ്കാരത്തിലെ അറബി പദങ്ങൾ പഠിപ്പിക്കുമായിരുന്നു. അദ്ദേഹം എന്നെ ഓരോ വാക്കും പഠിപ്പിച്ചു. അത് അഭ്യസിച്ചു കൊണ്ടിരിക്കാൻ എന്നെ ഉപദേശിച്ചു. മറന്നു പോകുകയാണെങ്കിൽ നോക്കാൻവേണ്ടി ദുആകളുടെ പുസ്തകം അടുത്തുതന്നെ വെക്കാനും പറഞ്ഞു. അദ്ദേഹം ആറുമാസംകൊണ്ട് എന്നെ ഖാഇദ ഓതാൻ പഠിപ്പിച്ചു. പിന്നീട് എന്നെ ഖുർആൻ പഠിപ്പിക്കാൻ തുടങ്ങി. അതിനോടൊപ്പം എന്റെ താൽപര്യം നിലനിറുത്തുന്നതിന് തർജമയും പഠിപ്പിച്ചു. വളരെ ക്ഷമയുള്ള ആളായിരുന്നു. ആഴത്തിലും ദീർഘമായ ഉദാഹരണങ്ങൾ നല്കിയും വിഷയങ്ങൾ മനസിലാക്കിത്തരുമായിരുന്നു. വലിയ കുടുംബബന്ധം പുലർത്തുന്ന വ്യക്തിയായിരുന്നു. അദ്ദേഹം തന്റെ മാതാവിനെ ചൈനയിൽ നിന്നു പാക്കിസ്താനിലേക്ക് വരുത്തി നല്ല നിലയിൽ സേവിച്ചു. അവർ പറയുന്നു: ചില ഘട്ടങ്ങളിൽ ദിവസത്തിൽ ഒരു ബോട്ടിൽ പാലു വാങ്ങാനെ ഞങ്ങൾക്ക് കഴിയുമായിരുന്നുള്ളു. അത്തരം സന്ദർഭവും ഞങ്ങൾക്കുണ്ടായിട്ടുണ്ട്. അതും ഉമ്മായ്ക്ക് നല്കുമായിരുന്നു. എവിടെ യാത്ര പോയാലും ഉമ്മായെ കൂടെ കൊണ്ടുപോകുമായിരുന്നു; ചീനീ സാഹിബ് ഉമ്മായെ വളരെ സേവിച്ചു. ചീനീസാഹിബിന്റെ ഭാര്യ തുടർന്നു പറയുന്നു: അദ്ദേഹത്തിന്റെ ആയുസ്സു മുഴുവൻ തന്റെ ജോലിയോടു കൂറുപുലർത്തിക്കൊണ്ടുള്ളതായിരുന്നു. ആരോഗ്യം നല്ലതായിരുന്നപ്പോൾ മിക്ക രാത്രിയും ഓഫീസിൽ ജോലി ചെയ്യുമായിരുന്നു. എന്നല്ല ചിലപ്പോൾ ജോലി ചെയ്ത് ചെയ്ത് നേരം വെളുക്കുമായിരുന്നു. വീട്ടിലെ അദ്ദേഹത്തിന്റെ പ്രധാന ജോലി കുട്ടികൾക്ക് നല്ല ശിക്ഷണം നൽകുക എന്നതായിരുന്നു. മറ്റു ചെറിയ ചെറിയ ഭൗതിക ജോലികളിൽ ഒരു താൽപര്യവും കാണിക്കാറില്ലായിരുന്നു. ഭക്ഷണം വസ്ത്രം തുടങ്ങിയവ വളരെ ലളിതമായിരുന്നു.

അദ്ദേഹത്തിന്റെ മൂത്ത മകൾ ഖുർറത്തുൽ അയ്ൻ എഴുതുന്നു: എന്റെ പിതാവിന്റെ ചില പ്രത്യേകതകൾ വാക്കുകളിൽ എഴുതുക എന്നത് എനിക്കു പ്രയാസകരമാണ്. അദ്ദേഹം വളരെ ദയാലുവും കാരുണ്യവാനും കഠിനാധ്വാനിയും എപ്പോഴും സദുദ്ദേശ്യം വെച്ചു പുലർത്തുന്നയാളും വിനയനുമായിരുന്നു. എല്ലാ കാര്യത്തിലും സഹോദരിസഹോദരന്മാരായ ഞങ്ങളേയും തന്റെ ജാമാതക്കളേയും സംസാരത്തിൽ പങ്കെടുക്കാൻ പ്രേരിപ്പിച്ചിരുന്നു. ഞങ്ങളുടെ സ്ക്കൂൾവിദ്യാഭ്യാസത്തിൽ താൽപര്യം കാണിച്ചിരുന്നു. ടീച്ചേഴ്സ് എന്താണ് പറഞ്ഞതെന്നും അവരുടെ അഭിപ്രായം എന്താണെന്നും ആരായുമായിരുന്നു. തബ്ലീഗ് ചെയ്യുക, പ്രത്യേകിച്ചും ചൈനക്കാർക്ക് തബ്ലീഗ് ചെയ്യുക എന്നതാണ് നിങ്ങളുടെ ജീവിതത്തിന്റെ ഉദ്ദേശ്യമെന്ന് ഞങ്ങളോടു പറയുമായിരുന്നു. നിങ്ങളെ അല്ലാഹു ഭൂമിയിലേക്ക് അയച്ചിട്ടുള്ളത് ഇതിനാണ്. ആത്മീയതയിലും ധാർമികതയിലും ജ്ഞാനത്തിലും അഭിവൃദ്ധിപ്പെടാൻ പതിവായി ഉപദേശിക്കുമായിരുന്നു. നിങ്ങളുടെ വ്യക്തിത്വവും കർമവും ജീവിതരീതിയും കണ്ട് ആളുകൾക്ക് ദൈവവുണ്ടെന്ന ബോധമുണ്ടാകണമെന്ന് മിക്കപ്പോഴും പറയുമായിരുന്നു; കാരണം അല്ലാഹുവിൽ ദൃഢമായി വിശ്വസിക്കുന്ന കുട്ടികൾ, വിശ്വസിക്കാത്ത കുട്ടികളേക്കാൾ വളരെ ഉത്തമരാണ്. നിങ്ങൾ ചെയ്യാൻ തുടങ്ങുന്ന എല്ലാ ജോലിയിലും കൃത്യനിഷ്ഠ ഉണ്ടായിരിക്കേണ്ടതാണ്. കുട്ടിക്കാലത്ത് വഴക്കുപറഞ്ഞ സംഭവമുണ്ടായിട്ടില്ല. കാര്യങ്ങൾ സ്നേഹത്തോടെ എപ്പോഴും മനസിലാക്കിത്തരുമായിരുന്നു. നമസ്കാരം പതിവായി അനുഷ്ഠിക്കേണ്ടുന്ന കാര്യത്തിലാണ് നിർബന്ധം കാണിച്ചിട്ടുള്ളത്. ഇവർ പറയുന്നു: കുട്ടിക്കാലത്ത് ഞങ്ങൾക്ക് ശീലമുണ്ടാക്കുന്നതിനുവേണ്ടി അഞ്ചുനേരവും നമസ്കരിക്കുന്നതിന് മസ്ജിദിൽ കൊണ്ടുപോകാറുണ്ടായിരന്നു. അവധി ദിവസങ്ങളിൽ വായിക്കാൻ ഞങ്ങൾക്ക് ഏതെങ്കിലും പുസ്തകം തരുമായിരുന്നു. പിന്നീട് ടെസ്റ്റും നടത്തുമായിരുന്നു. ചീനീസാഹിബിന്റെ മൂത്ത മകൾ പറയുന്നു: അദ്ദേഹം കശ്തിയെ നൂഹിന്റെ വളരെ പഴയ ഒരു പതിപ്പ് വായിക്കാൻ തന്നു. ഇങ്ങനേയും പറഞ്ഞു: 'ഇത് വായിക്കുക, മറ്റു ഗ്രന്ഥങ്ങളിലേതുപോലെ ഇതിലെ ഉർദു അത്ര പ്രയാസമുള്ളതല്ല.' പിന്നീടു പറഞ്ഞു: 'ജാമിഅ അഹ്മദിയ്യായിൽ ഞാൻ സ്വന്തമായി വായിച്ച ആദ്യത്തെ ഗ്രന്ഥമാണ് കശ്തിയെ നൂഹ്.' പിന്നെ പർദയെ സംബന്ധിച്ചും അദ്ദേഹത്തിന് വളരെ ചിന്തയുണ്ടായിരുന്നു. യൂണിവേഴ്സിറ്റിയിൽ പോകുകയാണെങ്കിൽ പർദ ധരിക്കണം. നിഖാബ് അഴിച്ചുവെക്കേണ്ട നിർബന്ധാവസ്ഥ ഉണ്ടായാൽ മേക്കപ്പ് ചെയ്യരുത്. പഠനത്തിനിടയിൽ മാത്രം അഴിച്ചുവെക്കാം. ഇത് ഖലീഫത്തുൽ മസീഹ് റാബിഅ്നോടു അദ്ദേഹം ചോദിച്ചതാണ്. പിന്നീട് അതിനു അനുവാദം നല്കി. പർദ ധരിക്കുമെന്ന നിബന്ധനയോടെ യൂണിവേഴ്സിറ്റിയിൽ പഠിക്കേണ്ടതാണ്. ഇനി ക്ലാസിൽ പർദ അഴിച്ചുവെക്കാൻ നിർബന്ധിതയായാൽ മേക്കപ്പുണ്ടാകാൻ പാടില്ല. അതിനുശേഷം ഉടനെ പർദ ധരിക്കുകയും വേണം.

ഇപ്രകാരം അദ്ദേഹത്തിന്റെ ചെറിയ മകൾ മുനസ്സ എഴുതുന്നു: 'നിങ്ങൾ ചന്ദ്രനെ കരസ്ഥമാക്കാൻ ശ്രമിക്കണമെന്ന് എപ്പോഴും പറയാറുണ്ടായിരുന്നു. അങ്ങനെ ചന്ദ്രനെ കിട്ടിയില്ലെങ്കിലും നക്ഷത്രം എന്തായാലും ലഭിക്കുന്നതാണ്.' അതായത് ഉന്നതമായ ഉദ്ദേശ്യങ്ങൾ മുന്നിൽ കാണുക. അഞ്ചുനേരെ നമസ്കാരം ജമാഅത്തായി നമസ്കരിക്കുന്നതിനും തഹജ്ജുദ് നമസ്കാരത്തിനും പ്രേരിപ്പിച്ചിരുന്നു. വെള്ളം തളിച്ച് സുബ്ഹിക്ക് എഴുന്നേൽപ്പിക്കുമായിരുന്നു. ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റേയും ഖലീഫമാരുടേയും ഗ്രന്ഥങ്ങൾ വായിക്കുന്നതിന് പ്രേരിപ്പിക്കുകയും മണിക്കൂറുകളോളം ഇരുന്ന് വലിയ ക്ഷമയോടെ ഞങ്ങളുടെ ചോദ്യങ്ങൾക്ക് മറുപടി നൽകുകയും ചെയ്യുമായിരുന്നു.' അല്പം ഇരുന്നതിനുശേഷം പൊറുതിമുട്ടുമായിരുന്നില്ല. ഇത് മാതാപിതാക്കൾക്കുള്ള ഒരു മാതൃകയാണ്. അല്ലാഹു നിങ്ങൾക്ക് നൽകിയിട്ടുള്ള കഴിവുകൾ ഉപയോഗിക്കണമെന്നും ഒരിക്കലും നഷ്ടപ്പെടുത്തരുതെന്നും അല്ലാഹുവിനോടുള്ള ആരാധനയുടെ നിയ്യത്തോടുകൂടി കർമങ്ങൾ ചെയ്യണമെന്നും എപ്പോഴും പറയുമായിരുന്നു. ആത്മീയാഭിവൃദ്ധിയുടെ ഉദാഹരണം നല്കിക്കൊണ്ടു പറയുമായിരുന്നു: 'അത് ഗോവണിപ്പടികൾപോലെയാണ്. അതിന്റെ ഇടയിലിടയിലായി വിടവുകൾ ഉണ്ടാകും. പക്ഷേ, അതിനോടൊപ്പം ചുവട് മുകളിലേക്കുയരുകയും ചെയ്യും.'

ഇവർ എഴുതുന്നു: അദ്ദേഹം ഞങ്ങളെ ലാളിത്യം വിനയം മറ്റുള്ളവരുടെ ആവശ്യങ്ങൾക്ക് മുൻഗണന നല്കുക തുടങ്ങിയ കാര്യങ്ങൾ പഠിപ്പിച്ചു. അദ്ദേഹം ഇസ്ലാമാബാദ് ജമാഅത്തിലെ സ്വദർ ആയിരുന്നപ്പോൾ എല്ലാ വീടുകളിലും സെൻട്രൽ ഹീറ്റിംഗ് ഘടിപ്പിച്ചിരുന്നു. തന്റെ വീട്ടിൽ അവസാനം മാത്രമേ അത് ഘടിപ്പിക്കുകയുള്ളൂവെന്ന് അദ്ദേഹം ഉറപ്പ് പറഞ്ഞിരുന്നു.

അദ്ദേഹത്തിന്റെ മകൻ ദാവൂദ് സാഹിബ് പറയുന്നു: ജാമിആയിൽ പഠിക്കുന്ന കാലത്ത് തനിക്ക് തന്റെ മൂത്ത സഹോദരന്റേയും പിതാവിന്റേയും മരണവിവരം ടെലഗ്രാം മുഖേന കിട്ടിയെന്ന് എന്നോട് പിതാവ് പറഞ്ഞിട്ടുണ്ട്. അപ്പോൾ ജാമിആയിലെ പരീക്ഷയിൽ വ്യാപൃതനായിരുന്നു. ഈ വേദനാജനകമായ വാർത്തയും ജാമിആയിലെ പരീക്ഷപോലെ അല്ലാഹുവിൽ നിന്നുള്ള പരീക്ഷയാണെന്ന് അദ്ദേഹം ചിന്തിച്ചു. ഈ ചിന്തയോടെ സമയത്ത് പരീക്ഷ എഴുതി. സമയം പാഴാക്കിയില്ല.

അദ്ദേഹത്തിന്റെ മകൻ ദാവൂദ് സാഹിബ് പറയുന്നു: ചൈനക്കാരെ തബ്ലീഗ് ചെയ്യുന്നതിൽ അദ്ദേഹത്തിനു വളരെ താൽപര്യമായിരുന്നു. ഏതു ഫംഗ്ഷനിൽ പോയാലും അവിടെ ജമാഅത്തിനെ പരിചയപ്പെടുത്തുമായിരുന്നു. സാഹിത്യങ്ങൾ വിതരണം ചെയ്യുമായിരുന്നു. അദ്ദേഹം രോഗിയായപ്പോൾ നടക്കാൻ കഴിയുമാ

"താൽക്കാലികവും ഭൗതികവുമായ ആഗ്രഹങ്ങളും ആനന്ദാനുഭൂതികളും നമ്മുടെ ലക്ഷ്യമാക്കാതിരിക്കുമ്പോഴാണ് നാം യഥാർഥ അഹ്മദിയായിത്തീരുന്നത്."
(ഖുത്ബ ജുമുഅ,2017 മെയ് 5.)

അമീറുൽ മുഅ്മിനീന്റെ ഉപദേശം:-

ത്വാലിബെ ദുആ:
സുനിൽ അഹ്മദ്,അഹ്മദിയ്യാ ജമാഅത്ത്, മാത്ര. (കേരള)

"ഏറ്റവും കൂടുതൽ 'വാഖ്ഫിനെ നൗ'യിനെ ജാമിഅ അഹ്മദിയ്യായിൽ വിദ്യാഭ്യാസത്തിനായി അയക്കേണ്ടതാണ്."
(ഖുത്ബ ജുമുഅ, 2017 മാർച്ച് 10.)

അമീറുൽ മുഅ്മിനീന്റെ ഉപദേശം:-

ത്വാലിബെ ദുആ:
അഹ്മദിയ്യാ ജമാഅത്തംഗങ്ങൾ, പള്ളൂരുത്തി (കേരള)

യിരുന്നില്ല. വീൽ ചെയറിലാണ് വന്നിരുന്നത്. ആളുകൾക്ക് പുസ്തക വിതരണം ചെയ്യാൻ വീൽചെയറിന്റെ തട്ടിൽ വലിയ വലിയ ഗ്രന്ഥങ്ങൾ വെക്കാൻ നിർബന്ധം പിടിക്കുമായിരുന്നു.

ഇദ്ദേഹം പറയുന്നു: ഞാൻ കുട്ടിയായിരിക്കുമ്പോൾ ചിലപ്പോൾ അദ്ദേഹത്തിന്റെ ഓഫീസിൽ പോകുകയും പേന പെൻസിൽ മുതലായവ എടുക്കാൻ ശ്രമിക്കുകയും ചെയ്യുമായിരുന്നു. തന്റെ ഓഫീസിൽ വെച്ചിരിക്കുന്ന പേന ഉപയോഗിക്കാൻ എനിക്കു തരുമായിരുന്നില്ല; അവന് പേന ആവശ്യമുണ്ടെന്നും വേറെ പേന വാങ്ങികൊടുക്കണമെന്നും ഉമ്മയോടു പറയുമായിരുന്നു; എപ്പോഴെങ്കിലും ഫോട്ടോകോപ്പി എടുക്കേണ്ട ആവശ്യം വന്നാൽ വീട്ടിൽ നിന്ന് പേപ്പർ കൊണ്ടുവന്ന് ഫോട്ടോകോപ്പിയെടുക്കാൻ പറയുമായിരുന്നു. അല്ലാഹുവിന്റെ സിഫത്തുകൾ (ഗുണനാമങ്ങൾ) മന:പാഠമാക്കാൻ ഉപദേശിക്കുമായിരുന്നു. അദ്ദേഹം ചീനീഭാഷയിൽ ഒരു പദ്യം രചിച്ചിരുന്നു. അതിൽ അല്ലാഹുവിന്റെ 100 സിഫത്തുകൾ പ്രകീർത്തനം ചെയ്തിരുന്നു. ഈ പദ്യം നിത്യവും രാത്രിയിൽ ചൊല്ലുമായിരുന്നു. വിനോദരൂപത്തിൽ ഞങ്ങൾ സഹോദരി സഹോദരന്മാരുടെ ഇടയിൽ ഏറ്റവും കൂടുതൽ അല്ലാഹുവിന്റെ ഗുണനാമങ്ങൾ ഹൃദിസ്തമാക്കുന്നതിന്റെ മത്സരവും നടത്താറുണ്ടായിരുന്നു; സമ്മാനവും നല്കുമായിരുന്നു. രണ്ടുമൂന്നു മാസം മുമ്പേ ഇദ്ദേഹം തന്റെ ജാമാതാവിനോടും കുടുംബത്തോടുമൊപ്പം എന്നെ കാണാൻ വന്നിരുന്നു. അദ്ദേഹത്തിന്റെ ജാമാതാവ് എഴുതുന്നു: തനിക്ക് സംസാരിക്കാൻ കഴിയാത്തതുകൊണ്ട് അദ്ദേഹത്തിന് ഹുദൂറിനോട് പറയാനുള്ള മൂന്നു കാര്യങ്ങൾ എഴുതിത്തന്നു. അത് ഇവയാണ്. ഞാൻ ക്ഷീണിതനാണ്. എനിക്ക് എഴുന്നേറ്റു നില്ക്കാൻ കഴിയില്ല. അതുകൊണ്ടാണ് വീൽചെയറിൽ ഇരിക്കുന്നത്. അതിന് ഞാൻ ക്ഷമ ചോദിക്കുന്നു. ഖിലാഫത്തിനോടു വലിയ ആദരവായിരുന്നു. ഇങ്ങനെയുമെഴുതിയിരുന്നു; അവസാനശ്വാസംവരെ തബ്ലീഗ് ചെയ്യാൻ എനിക്ക് വേണ്ടി ദുആ ചെയ്യുക. അതിന് എനിക്ക് അനുവാദവും തരിക. പിന്നീടെഴുതിയത്; ഓഫീസിൽ പോകാൻ കഴിയുന്നില്ല. വീട്ടിലിരുന്ന് എന്റെ ജോലി ചെയ്യാൻ സമ്മതം തരിക. ജോലി ചെയ്യാനുള്ള ആവേശമായിരുന്നു അത്. വീട്ടിലിരുന്നാൽ വെറുതെ ഇരിക്കാമല്ലോ എന്നതല്ല. വീട്ടിൽ ഇരുന്ന് തന്റെ ജോലി നിർവഹിക്കണം. ഇദ്ദേഹം ഹജ്ജിന് പോയപ്പോൾ ജാമാതാവും കൂടെപോയിരുന്നു. ഇദ്ദേഹം പറയുന്നു: ഉഥ്മാൻ സാഹിബ് തന്റെ പ്രാർഥനാപരമായ വികാരങ്ങൾ ചൈനീസ് ഭാഷയിലുള്ള തന്റെ കവിതയിൽ എഴുതിയിരുന്നു. ഞാനിത് കവിതയിൽ എഴുതുന്നത് ഭാവിയിലും ഇത് പ്രയോജനപ്പെടുത്താനാണെന്ന് ഇദ്ദേഹത്തോടു പറഞ്ഞു. ഞങ്ങളുടെ ഹജ്ജ് ഗ്രൂപ്പിലെ ചിലയാളുകൾ ഒരവസരത്തിൽ ഉഥ്മാൻ ചീനീ സാഹിബിനോടു ചോദിച്ചു: താങ്കൾ എന്താണ് എഴുതിക്കൊണ്ടിരിക്കുന്നത്? അദ്ദേഹം വളരെ ഹ്രസ്വമായി അവരോടു പറഞ്ഞു: 'ഞാൻ എന്റെ ചൈനീസ് ജനതയ്ക്കുവേണ്ടി അല്ലാഹു അവരെ യഥാർഥ ഇസ്‌ലാമിലേക്ക് കൊണ്ടുവരാൻ ദുആകൾ ചെയ്തുകൊണ്ടിരിക്കുകയാണ്. അതുകേട്ട് ആ ചോദ്യകർത്താക്കൾ അത്ഭുതം പ്രകടിപ്പിച്ചു; ഒരു വയസ്സായ മനുഷ്യൻ ഇപ്പോഴാണെങ്കിൽ അദ്ദേഹത്തിന് മറ്റൊരാളുടെ ആശ്രയമില്ലാതെ നടക്കാൻപോലും കഴിയുകയില്ല, അദ്ദേഹത്തിന് വെറും തന്റെ ജനതയുടെ സന്മാർഗത്തെക്കുറിച്ചുള്ള ചിന്തയാണ്!

ചീനീസാഹിബ് തന്റെ അവസ്ഥകൾ വിവരിക്കുമ്പോൾ ഒരിടത്ത് എഴുതുന്നു: ചൈനയിൽ ബുദ്ധിസത്തിന്റേയും കൺഫ്യൂഷിസത്തിന്റേയും താവോയിസത്തിന്റേയും ചില അധ്യാപനങ്ങൾ കൂടിക്കലർന്നുപോയി. ധാരാളം ചൈനക്കാർ ഒരേസമയം ഈ മൂന്നുമതത്തിന്റേയും അധ്യാപനങ്ങളനുസരിച്ച് പ്രവർത്തിക്കുന്നു. എന്നാൽ, ഇക്കാലഘട്ടത്തിൽ അവർ ഈ വിവിധ അധ്യാപനങ്ങൾ സമാഹരിച്ച് സ്വന്തം നിലയിൽ ഒരു മതമുണ്ടാക്കിയിരിക്കുന്നു. ഈ മതത്തിൽ മനുഷ്യന്റെ ധാർമികപരമായ അവസ്ഥയിലേക്ക് പ്രത്യേകം ശ്രദ്ധ കൊടുത്തിരിക്കുന്നു.' ചീനീസാഹിബ് എഴുതുന്നു: 'മൂന്ന് ചൈനീസ് പത്രത്തിൽ എന്റെ ഇന്റർവ്യൂ പ്രസിദ്ധീകരിച്ചപ്പോൾ മലേഷ്യയിലെ ദാസ്ത സൊസൈറ്റി– അവരുടെ പുതിയ മതം ദേഇസമാണ്– എന്നോടു ഇസ്‌ലാമിലെ ധാർമികപരമായ അധ്യാപനങ്ങൾ എന്ന ശീർഷകത്തിൽ ഒരു ലേഖനമെഴുതാൻ ആഗ്രഹം പ്രകടിപ്പിച്ചു; ഇസ്‌ലാമിന്റെ ധാർമികാധ്യാപനങ്ങളെ, മറ്റുള്ള മതങ്ങളുടെ അധ്യാപനങ്ങളുമായി ചേർത്ത് ഒരു മാസികയിൽ പ്രസിദ്ധീകരിക്കുന്നതിന്. അങ്ങനെ ഞാൻ ഇതുസംബന്ധമായി ഒരു ലേഖനമെഴുതി. അവർ ചീനീസാഹിബിന് തിരിച്ച് ഇങ്ങനെ മറുപടി നല്കി; ഞങ്ങൾക്ക് താങ്കൾ ഇസ്‌ലാമിനെ കുറിച്ച് ഒരു മഹത്തായ ലേഖനമാണ് തന്നിട്ടുള്ളത്. ഞങ്ങൾ താങ്കളോടു വളരെ കടപ്പെട്ടിരിക്കുന്നു. താങ്കൾ പക്ഷപാതരഹിതമായി ഇസ്‌ലാമിന്റെ യാഥാർഥ്യങ്ങൾ വിവരിച്ചിരിക്കുന്നു. താങ്കളുടെ ചർച്ച സൂക്ഷ്മവും പരമാനന്ദകരവുമായിരുന്നു. താങ്കൾ വളരെ നല്ലനിലയിൽ മതപരമായ ജ്ഞാനങ്ങൾ കരസ്ഥമാക്കിയിരിക്കുന്നുവെന്ന് ഇതിൽനിന്ന് മനസ്സിലാകുന്നു. ചൈനക്കാർക്ക് ഇതുവരെ ഇസ്‌ലാമിനെക്കുറിച്ച് അറിയില്ല. കാരണം ചീനീഭാഷയിൽ ഇസ്‌ലാമിന്റെ പ്രബോധനം നടന്നിട്ടില്ല. ഇപ്പോൾ താങ്കൾ സിംഗപ്പൂരിൽ ഇസ്‌ലാമിക പ്രചാരണത്തിന് വന്നിരിക്കുകയാണ്. (സിംഗപ്പൂരിലായിരിക്കുമ്പോഴാണ് ഈ സംഭവം). ഇസ്‌ലാം ഈ രാജ്യങ്ങളിൽ ചൈനക്കാരിൽ വ്യാപിക്കുമെന്നും ചൈനക്കാരും ഇതിൽനിന്ന് അനുഗ്രഹം നേടുമെന്നുമുള്ളത് തീർച്ചയാണ്.

ആഗാ സയ്ഫുല്ലാഹ് സാഹിബ് ചീനീ സാഹിബിന്റെ സഹപാഠിയായിരുന്നു. അദ്ദേഹം എഴുതുന്നു: 'ഉഥ്മാൻ ചീനീ സാഹിബ് തികച്ചും യുവത്വത്തിൽ സാത്വികനും സൽസ്വഭാവിയും ഉത്തമമായ ജീവിതരീതിയുടെ ഉടമസ്ഥനുമായിരുന്നു. വളരെ ഭക്തിനമ്രാദിആദരവോടെ നമസ്കരിക്കുമായിരുന്നു. ദൈവസവിധത്തിൽ താണുകേണു ദുആ ഇരക്കുമായിരുന്നു. നഫ്ൽ അഥവാ ഐച്ഛികനോമ്പുകൾ പിടിക്കുമായിരുന്നു. നഫ്ലുകൾ അനുഷ്ഠിക്കുക എന്നത് അദ്ദേഹത്തിന്റെ ശീലമായിരുന്നു. തസ്ബീഹിലും തഹ്മീദിലും ദിക്റെ ഇലാഹിയിലും ലീനനാകുമായിരുന്നു. അഹ്മദിയ്യത്തിന്റെ അനുഗ്രഹം പ്രാപിക്കാൻ കഴിഞ്ഞതിൽ അല്ലാഹുവിന് നന്ദി പ്രകടിപ്പിക്കുമായിരുന്നു. എപ്പോഴും സ്നേഹത്തിന്റേയും ആത്മാർഥതയുടേയും അനുരക്തതയുടേയും വികാരങ്ങൾ പ്രകടിപ്പിക്കുമായിരുന്നു.' അദ്ദേഹം എഴുതുന്നു: 'ഇത് സത്യസന്ധമായ സാക്ഷ്യമാണ്. അതായത് വിദ്യാഭ്യാസ കാലഘട്ടത്തിൽ ചില നേരങ്ങളിൽ കഠിനമായ ഉദാസീനതയിലും ചിന്തയിലും അദ്ദേഹത്തിന്റെ കണ്ണീർ ഒഴുകാൻ തുടങ്ങുമായിരുന്നു. തന്റെ മാതാവിനേയും സഹോദരങ്ങളേയും കാണുന്നതിനെ സംബന്ധിച്ചും അവരുടെ സുഖവിവരങ്ങൾ അറിയുന്നതിനെ കുറിച്ചും അവിടെ നിലവിലുള്ള ഭരണ വ്യവസ്ഥിതി കാരണത്താൽ ചില നേരങ്ങളിൽ ദുഃഖം പ്രകടിപ്പിക്കാറുണ്ടായിരുന്നു. വളരെ വിലാപത്തോടും കീഴ്വണക്കത്തോടും എരിച്ചിലോടും കൂടി തന്റെ യഥാർഥ സ്രഷ്ടാവിന്റെ തിരുസന്നിധിയിൽ തന്റെ ഉദ്ദേശ്യ സാഫല്യങ്ങൾക്കായി ദുആകൾ ചെയ്യുമായിരുന്നു.' അദ്ദേഹം പറയുന്നു: 'ഈ ദൃശ്യങ്ങൾ ഇപ്പോൾ അദ്ദേഹം വയസ്സായപ്പോഴും എനിക്ക് അസൂയാർഹമാണ്.' ആഗാ സയ്ഫുല്ലാ സാഹിബെഴുതുന്നു: 'ഈ അല്ലാഹുവിന്റെ ദാസൻ ഇക്കാലഘട്ടത്തിൽ എന്തൊന്നാണോ ചോദിച്ചത് അല്ലാഹു അദ്ദേഹത്തിന്റെ ആത്മാർഥതയേയും ദുആകളേയും സ്വീകരിച്ചുവെന്നത് യാഥാർഥ്യമാണ്. അഹ്മദിയ്യത്തിന്റെ ബർക്കത്തുകൊണ്ട് എല്ലാം നല്കി. കൂടുതൽ കാരുണ്യംകൊണ്ടും അനുഗ്രഹിച്ചു. എന്നല്ല ദൈവസൃഷ്ടികളും അദ്ദേഹത്തിന്റെ ദുആ സ്വീകാര്യതയുടെ ഫലങ്ങളിൽനിന്ന് അനുഗ്രഹം പ്രാപിച്ചു.' ആഗാസാഹിബ് എഴുതുന്നു: 'വിദ്യാഭ്യാസകാലത്ത് എനിക്കും ഹദ്റത്ത് ഗുലാം റസൂൽ സാഹിബ് രാജേകി, ഹദ്റത്ത് മൗലവി അബ്ദുല്ലത്വീഫ് സാഹിബ് ബഹാവൽപുരി, സാഹിബ് സാദ സയ്യിദ് അബുൽഹസൻ സാഹിബ് തുടങ്ങി മറ്റു പുണ്യാത്മാക്കളുടെ സന്നിധിയിൽ ഇരിക്കാനും ദുആയ്ക്ക് അപേക്ഷിക്കാനും അവ സ്വീകരിക്കപ്പെട്ടതിന്റെ ലക്ഷണങ്ങൾ കാണുവാനും ദൈവകൃപയാൽ തൗഫീഖ് കിട്ടിയിട്ടുണ്ട്.' അദ്ദേഹം എഴുതുന്നു: 'ആരാധനയിൽ വിലാപവും വേദനയും ദുആയിൽ താണുകേണു അപേക്ഷിക്കലും വിനയവും ദുആ സ്വീകാര്യതയുടെ അടിസ്ഥാനത്തിൽ ആ ആദരണീയരായ വലിയ മഹാത്മാക്കളുടെ ഛായ ബഹുമാനപ്പെട്ട ഉഥ്മാൻ ചീനി സാഹിബിൽ പതിഞ്ഞിരുന്നുവെന്ന് എനിക്കു പൂർണസൂക്ഷ്മതയോടെ സാക്ഷി പറയാൻ കഴിയും.' ആഗാസാഹിബ് തുടർന്നു പറയുന്നു: 'അദ്ദേഹം എപ്പോഴും എന്നോടും എന്നോടൊപ്പം കാണാൻ വരുന്നവരോടും ദുആ ചെയ്യാൻ ഉപദേശിക്കുമായിരുന്നു. ഞാൻ തന്നെയും പല പ്രാവശ്യവും വ്യക്തിപരമായ കാര്യങ്ങളിൽ അദ്ദേഹത്തിന്റെ ദുആ സ്വീകാര്യത കണ്ടിട്ടുണ്ട്. അദ്ദേഹം വലിയ ബുദ്ധിമാനും വിശ്വാസപരമായ വിവേകജ്ഞാനത്തിന്റെ ഉടമയുമായിരുന്നു. ജമാഅത്തുപരമായ സംഘടനാ കാര്യങ്ങളിൽ വളരെ സൂക്ഷ്മതയോടെ അഭിപ്രായം പറഞ്ഞിരുന്നു. ജമാഅത്ത് വ്യവസ്ഥിതിയെ പൂർണമായും പിൻപറ്റിയിരുന്നു. തന്റെ സുഹൃത്തുക്കളേയും തന്നെ കാണാൻ വരുന്നവരേയും അനുസരണത്തെ കുറിച്ച് ഉപദേശിച്ചിരുന്നു. ഖിലാഫത്തിനോടു തികഞ്ഞ ആത്മീയമായ വിശ്വാസം പുലർത്തിയിരുന്നു. ഖിലാഫത്തിന്റെ ഔദാര്യത്തിൽ നന്ദി പ്രകടിപ്പിച്ചിരുന്നു. ആരെങ്കിലും അദ്ദേഹത്തോടു ദുആയ്ക്കു അപേക്ഷിച്ചാൽ കാലത്തിന്റെ ഖലീഫയോടു ദുആയ്ക്ക് അപേക്ഷിച്ചിരുന്നുവോ എന്ന് ചോദിക്കുമായിരുന്നു.

ഇവിടെ ഇസ്‌ലാമാബാദ് ജമാഅത്തിന്റെ സ്വദ്റാണ് ഡോക്ടർ രിള്‌വാൻ സാഹിബ്. അദ്ദേഹം പറയുന്നു: നമസ്കാരത്തിനോടുള്ള അദ്ദേഹത്തിന്റെ സ്നേഹമെന്തായിരുന്നുവെന്നാൽ, തന്റെ വീട്ടിൽനിന്ന് മസ്ജിദിലെത്താൻ വെറും മിനിറ്റുകൾ മതിയായിരുന്നു. അവസാനവർഷങ്ങളിൽ മസ്ജിദിലെത്താൻ അദ്ദേഹത്തിന് ധാരാളം മിനിറ്റുകൾ വേണ്ടിവന്നു. പലപ്പോഴും വഴിയിൽനിന്ന് ശ്വാസമെടുക്കുമായിരുന്നു. എന്നാൽ, ഇങ്ങനെയൊക്കെയാണെങ്കിലും എപ്പോഴെങ്കിലും നമസ്കാരം ജംആക്കുന്നത് ഞാൻ കണ്ടിട്ടില്ല. മഗ്‌രിബിനും ഇശായ്ക്കുമിടയിൽ വളരെ കുറച്ചു സമയം മാത്രമേ ഉണ്ടായിരുന്നുള്ളു. ഒരിക്കൽ താങ്കൾ വീട്ടിൽ പോകുന്നതിനു പകരം മസ്ജിദിൽതന്നെ ഇശാ പ്രതീക്ഷിച്ചിരിക്കുകയോ ജംആക്കുകയോ ചെയ്യുക എന്ന് ഞാൻ പറഞ്ഞു. അപ്പോൾ പറഞ്ഞു; നടക്കുന്നതുകൊണ്ട് അത് വ്യായാമമാകും. വീട്ടിൽനിന്ന് മസ്ജിദുവരെയുള്ള ദൂരം താണ്ടുന്നതിന്റെ പ്രതിഫലവും കിട്ടുന്നതാണ്. അതുകൊണ്ടാണ് ഞാൻ പോകുന്നതും വരുന്നതും.

റശീദ് ബശീറുദ്ദീൻ സാഹിബ് അബൂദാബി പറയുന്നു. അദ്ദേഹത്തിന്റെ ദുആകളിൽനിന്ന് അനഹ്മദി അഹ്മദികളുമെല്ലാം അനുഗ്രഹം പറ്റിയിരുന്നു. ഇദ്ദേഹം കറാച്ചിയിലെ ഡരിഗ്റോഡിൽ മുറ

ബ്ബിയായിരുന്നപ്പോൾ അനഹ്മദി പുരുഷന്മാരും സ്ത്രീകളും ചീനീസാഹിബിൽനിന്ന് തങ്ങളുടെ വ്യക്തിപരവും മറ്റുള്ളതുമായ കാര്യങ്ങളിൽ അഭിപ്രായങ്ങൾ ആരാഞ്ഞിരുന്നു. അദ്ദേഹത്തിന്റെ അഭിപ്രായമനുസരിച്ച് പ്രവർത്തിക്കുന്നതുകൊണ്ടും ചീനീ മൗലവി സാഹിബിനെകൊണ്ട് ദുആ ചെയ്യിച്ചതിനുശേഷവും അവരുടെ വലിയ വലിയ പ്രശ്നങ്ങൾ പരിഹരിക്കപ്പെട്ടുവെന്ന് സാക്ഷ്യം പറയുമായിരുന്നു. ചുരുക്കത്തിൽ കറാച്ചിയിലെ ഡരിഗ്റോഡിലെ പ്രസിദ്ധനായ ചീനീമൗലവി സാഹിബ് കക്ഷിമതഭേദമെന്യേ എല്ലാവർക്കും അനുഗ്രഹമെത്തിക്കുന്ന ആളായിരുന്നു. നിരവധി സ്നേഹങ്ങൾ വിതരണം ചെയ്തുകൊണ്ടിരുന്നു. അദ്ദേഹം ഇംഗ്ലണ്ടിൽ പോയതിനുശേഷം ദീർഘകാലംവരെ അനഹ്മദികളിൽ അദ്ദേഹത്തെക്കുറിച്ചുള്ള സ്മരണയും ഓർമയും നിലനിന്നു.

ഇദ്ദേഹം പറയുന്നു: ചീനീസാഹിബ് മാതാവിന് വലിയ സേവനം ചെയ്യുന്നത് ഞാനും കണ്ടിട്ടുണ്ട്. ചിലപ്പോൾ മാതാവ് കോപംകൊണ്ട് വഴക്കുകൾ പറയും. അപ്പോൾ കെട്ടിപ്പിടിച്ച് അവരെ സ്നേഹിക്കും. അവരുടെ ആവശ്യങ്ങൾ ശ്രദ്ധിക്കും. ആരെങ്കിലും താൻ ചെയ്യുന്നത് കാണുന്നുണ്ടോ എന്ന ചിന്തയൊന്നുമില്ലായിരുന്നു അദ്ദേഹത്തിന്. മാതാവിനോടുള്ള സ്നേഹം അദ്ദേഹത്തിൽനിന്ന് പ്രകടമായിരുന്നത് അസാധാരണമായിരുന്നു.

തോക്മോക് ഖിർഗിസ്താൻ ജമാഅത്തിലെ മജാനോഫ് മുഹമ്മദ് സാഹിബെഴുതുന്നു: ഉഥ്മാൻ സാഹിബുമായുള്ള എന്റെ കൂടിക്കാഴ്ച 1994 -ൽ ഒരു യാത്രയ്ക്കിടയിൽ വിമാനത്തിലാണുണ്ടായത്. ഇദ്ദേഹം മുസ്ലിമാണെന്നോ അഹ്മദിയ്യാ ജമാഅത്തിന്റെ ആലിമാണെന്നോ എന്ന് ആദ്യം എനിക്ക് തോന്നിയിരുന്നില്ല. പക്ഷേ, വിമാനം പറക്കാൻ തുടങ്ങിയപ്പോൾ അദ്ദേഹം ബിസ്മില്ലാഹ് ചൊല്ലി. അപ്പോഴാണ് ഇദ്ദേഹം മുസ്ലിമാണെന്ന് മനസ്സിലായത്. കുറച്ചു നേരത്തിനുശേഷം ഞാൻ അദ്ദേഹത്തിന് സലാം പറഞ്ഞു. ഞങ്ങൾ പരിചയപ്പെട്ടു. ഞങ്ങൾ പല കാര്യങ്ങളെ കുറിച്ചും സംസാരിച്ചു. അദ്ദേഹം എന്നോടു ചോദിച്ചു: താങ്കൾക്ക് അഹ്മദിയ്യാ മുസ്ലിം ജമാഅത്തിനെ കുറിച്ചറിയുമോ? ഞാൻ പറഞ്ഞു. ഇല്ല. എനിക്കറിയില്ല. അതിനുശേഷം അദ്ദേഹം എന്നോടു ചോദിച്ചു. താങ്കൾ വിശുദ്ധഖുർആനിന്റെ ചൈനീസ് തർജമ വായിക്കാറുണ്ടോ? ഞാൻ വായിക്കാറുണ്ടെന്ന് മറുപടി നല്കി. അപ്പോൾ പറഞ്ഞു: ചൈനീസ് ഭാഷയിലുള്ള വിശുദ്ധഖുർആനിന്റെ എത്ര തർജമകളെ കുറിച്ച് താങ്കൾക്കറിയാം? ഇപ്പോൾ എത്ര തർജമകളാണോ ഉള്ളത് അതു വായിച്ചിട്ടുണ്ടെന്നും വായിച്ചുകൊണ്ടിരിക്കുന്നുവെന്നും ഞാൻ പറഞ്ഞു. ആരൊക്കെയാണോ വിശുദ്ധഖുർആന്റെ തർജമ ചെയ്തിട്ടുള്ളത് അവരെക്കുറിച്ച് താങ്കൾക്കറിയുമോ എന്ന് അദ്ദേഹം ചോദിച്ചു. ഞാൻ എല്ലാവരേയും അറിയുമെന്ന് പറഞ്ഞു. ഉഥ്മാൻ സാഹിബ് പറഞ്ഞു. ആ പരിഭാഷകരിൽ ഒരാളുടെ പേര് ഉഥ്മാൻ ചൂ എന്നാണ്. താങ്കൾ അയാളെ അറിയുമോ? ഞാൻ പറഞ്ഞു, എനിക്കറിയാം. പക്ഷേ, ഞാൻ അദ്ദേഹത്തിന്റെ തർജമ വായിച്ചിട്ടില്ല. അദ്ദേഹത്തെ ഇതുവരെ കണ്ടിട്ടുമില്ല. അപ്പോൾ അദ്ദേഹം പറഞ്ഞു. ഞാൻ തന്നെയാണ് ഉഥ്മാൻചൂ. ഞാൻ ഉഥ്മാൻചൂ സാഹിബുമായി കൂടിക്കാഴ്ച നടത്തുകയാണെന്ന് എനിക്ക് വിശ്വസിക്കാൻ കഴിഞ്ഞില്ല. അദ്ദേഹം താനുമായി ബന്ധപ്പെടുന്നതിന് താൽക്കാലികമായി താൻ താമസിക്കുന്ന സ്ഥലത്തെ കുറിച്ച് പറഞ്ഞുതന്നു. ഞാൻ എന്റെ നമ്പറും അദ്ദേഹത്തിന് നല്കി. ഒന്നുരണ്ട് ദിവസത്തിനുശേഷം താങ്കളുടെ വീട്ടിൽ വന്ന് കാണാനാഗ്രഹിക്കുന്നുവെന്ന് പറഞ്ഞ് എനിക്ക് ചീനീ സാഹിബിന്റെ ഫോൺ വന്നു. ഇത്ര വലിയ മനുഷ്യൻ എന്റെ വീട്ടിൽ എന്നെ കാണാൻ വരുന്നുവെന്നത് എനിക്ക് വിശ്വസിക്കാനേ കഴിഞ്ഞില്ല. ഞാൻ അദ്ദേഹത്തെ എന്റെ വീട്ടിൽ വരവേറ്റു. അദ്ദേഹത്തോടൊപ്പം രണ്ടു പാക്കിസ്താനി സുഹൃത്തുക്കളുമുണ്ടായിരുന്നു. ഞങ്ങൾ 10 മിനിറ്റുവരെ സംസാരിച്ചിരുന്നു. അതിശേഷം ഉഥ്മാൻചൂ സാഹിബ് എന്നെ ഒരു റസ്റ്റോറന്റിൽ ക്ഷണിച്ചു. ഞാൻ അദ്ദേഹത്തോടു പറഞ്ഞു, താങ്കൾ അതിഥിയാണ്. ഞാനാണ് താങ്കളെ ക്ഷണിക്കേണ്ടത്. പക്ഷേ, അദ്ദേഹം പറഞ്ഞു: തങ്കൾ വിദ്യാർഥിയാണ്. ഞാൻ താങ്കളെക്കാൾ വലുതാണ്. മാതാപിതാക്കളുടെ സ്ഥാനത്താണുള്ളത്. അതുകൊണ്ട് എനിക്ക് താങ്കളെ സഹായിക്കേണ്ടതുണ്ട്. അതിനുശേഷം ഞാൻ റസ്റ്റോറന്റിൽ പോയി ഭക്ഷണം കഴിച്ചു. പല വിഷയങ്ങളും സംസാരിച്ചു. ഇപ്രകാരംതന്നെ പറയുന്നു: ഒരു ദിവസം ഞാൻ അദ്ദേഹത്തെ കാണാൻപോയി. സെൻട്രൽ ബാങ്കിന്റെ കെട്ടിടമായിരുന്നു. ഞങ്ങൾ അദ്ദേഹത്തിന്റെ താമസസ്ഥലത്തിരുന്ന് സംസാരിച്ചു. ഉഥ്മാൻ ചൂ സാഹിബ് എന്നോടു, വഫാത്തെ മസീഹ്, ഖത്മുന്നുബുവ്വത്ത്, യഅ്ജൂജ് മഅ്ജൂജ്, ജിന്ന്, ഇമാം മഹ്ദി ഇതുപോലെതന്നെ ഖുർആൻ ഹദീഥിനെ കുറിച്ചും ചോദ്യങ്ങൾ ചോദിച്ചു. സാധാരണ പാരമ്പര്യ മുസ്ലിംകൾ നല്കുന്ന മറുപടികൾ ഞാൻ അദ്ദേഹത്തിന് കൊടുത്തു. ഉഥ്മാൻചൂ സാഹിബ് പുഞ്ചിരിക്കാൻ തുടങ്ങി. പിന്നീട് അദ്ദേഹം ഇതിനുള്ള എല്ലാ മറുപടികളും എന്നോടു പറഞ്ഞു. എന്താണ് പറയേണ്ടത് എന്നതിന് എനിക്ക് വാക്കുകൾ കിട്ടുന്നുണ്ടായിരുന്നില്ല. ആ മറുപടികൾ എന്നെ ഹഠാദാകർഷിച്ചു. ഇപ്രകാരം തന്നെ അദ്ദേഹം എനിക്ക് വിശുദ്ധഖുർആനിന്റെ തർജമയും കുറച്ച് ഗ്രന്ഥങ്ങളും ഉപഹാരമായി നല്കി. അത് വായിക്കാൻ പറഞ്ഞു. എനിക്ക് ആ ഗ്രന്ഥങ്ങൾ എങ്ങനെ ഉണ്ടായിരുന്നുവെന്ന് എഴുതുകയും പറയുകയും ചെയ്യണമെന്ന് പറഞ്ഞു. അദ്ദേഹം പറയുന്നു: ഞാൻ ആ ഗ്രന്ഥങ്ങൾ വായിച്ചു. എന്റെ ചിന്താഗതി തികച്ചും മാറിപ്പോയി. അപ്പോൾ എനിക്ക് ബയ്അത്തിനെ കുറിച്ച് അറിവുണ്ടായിരുന്നില്ല. പിന്നീട് ഞാൻ ബയ്അത്ത് ചെയ്തു. ഇദ്ദേഹം എഴുതുന്നു: എനിക്ക് ഹദ്റത്ത് ഇമാം മഹ്ദിയുടെ വെളിപ്പെടലിനേയും ഇമാം മഹ്ദിയുടെ സത്യജമാഅത്തിനെ കുറിച്ചും അറിവ് കിട്ടിയത് ഞാനെപ്പോഴും ഒരു ബഹുമതിയായി മനസ്സിലാക്കി.

ദുആ സ്വീകാര്യതയെ കുറിച്ചുള്ള സംഭവങ്ങളും ആളുകളെഴുതിയിട്ടുണ്ട്. മൻളൂർ ശാദ് സാഹിബ് എഴുതുന്നു: ഒരിക്കൽ റബ്വയിൽനിന്ന് കറാച്ചിയിലേക്ക് ട്രെയിനിൽ യാത്ര ചെയ്യുകയായിരുന്നു. 60 കുട്ടികൾ ഒപ്പമുണ്ടായിരുന്നു. റബ്വ അത് ഫാലിന്റെ എന്തോ ഫംഗ്ഷനുണ്ടായിരുന്നു. വഴിയിൽവെച്ച് ജമാഅത്തായി നമസ്കരിച്ചു. ഇവർ അഹ്മദികളാണെന്ന് അനഹ്മദികൾക്ക് മനസ്സിലായി. ഇവർക്കെതിരിൽ നടപടി സ്വീകരിക്കണമെന്ന് പറഞ്ഞ് അപ്പോൾ മൗലവിമാർ ബോഗിയിൽ പ്രസംഗിക്കാൻ തുടങ്ങി. ഞാൻ വലിയ പ്രയാസത്തിലായിരുന്നു. ഉഥ്മാൻചീനീ സാഹിബും ഒപ്പമുണ്ടായിരുന്നു. അപ്പോൾ സെക്യൂരിറ്റിയുടെ അടിസ്ഥാനത്തിലും വിവിധ ആളുകൾക്ക് വിവിധ ചുമതകൾ നല്കിയിരുന്നു. ചീനീസാഹിബ് പറഞ്ഞു. എനിക്കും ചുമതല നല്കുക. ഞാൻ അദ്ദേഹത്തോടു പറഞ്ഞു. താങ്കളുടെ ജോലി ബർത്തിൽ ഇരിക്കുക എന്നതാണ്. ദുആ ചെയ്യുക. മുൽത്താൻ എത്തിയാൽ ഇവർക്കെതിരിൽ നടപടി സ്വീകരിക്കാമെന്നും മർദ്ദിക്കാമെന്നുമായിരുന്നു മൗലവിമാരുടെ പരിപാടി. പക്ഷേ, അദ്ദേഹം പറയുന്നു: മുൾത്താൻ കഴിഞ്ഞു. അല്പനേരത്തിനുശേഷം മൗലവിമാരിൽ ഒരു മ്ലാനത ഉണ്ടായി. നോക്കിയപ്പോൾ മുൾത്താനിൽ ഇറങ്ങേണ്ട മൗലവിമാർ ഉറങ്ങിപ്പോയി; അവരുടെ കണ്ണു തുറന്നില്ല. അടുത്ത സ്റ്റേഷനിലെവിടെയോ അവർ ഇറങ്ങി. ഇങ്ങനെ ഞങ്ങളുടെ ജീവൻ രക്ഷപ്പെട്ടു.

അദ്നാൻ സഫ്ർ സാഹിബ് പറയുന്നു: ഹോം ഓഫീസിൽനിന്ന് എന്റെ കാര്യം ശരിയാകുന്നുണ്ടായിരുന്നില്ല. പാസ്പോർട്ട് ചോദിക്കുമ്പോൾ പറയും, തങ്ങളുടെ രേഖകളിൽ താങ്കളുടെ യുകെയിലെ റെക്കോർഡൊന്നുമില്ലെന്ന്! ഞാൻ ജോലിയിൽനിന്ന് അവധിയെടുത്ത് മൂന്നുനാല് മാസംവരെ ഇങ്ങനെ കയറിഇറങ്ങിക്കൊണ്ടിരുന്നു. അവസാനം നിരാശനായി. ഒരു ദിവസം ഇസ്ലാമാബാദിൽവച്ച് ചീനീസാഹിബിനെ കണ്ടു. നമസ്കാരം കഴിഞ്ഞ് വീട്ടിൽ പോകുകയായിരുന്നു. ഞാൻ എന്റെ പാസ്പോർട്ടിന്റെ പ്രശ്നം പറഞ്ഞു. അദ്ദേഹം അവിടെനിന്നുകൊണ്ട് ദുആ ചെയ്തു. ദുആ ചെയ്തുകൊണ്ടേയിരുന്നു. എത്ര മാത്രം വേദനയോടെയാണ് ദുആ ചെയ്തിരുന്നതെന്നാൽ ഏങ്ങലടിയോടെയുള്ള ദുആ ആയിരുന്നു. അദ്ദേഹം പറയുന്നു; എനിക്കുവേണ്ടി ഇത്ര ദുആകൾ ചെയ്യുന്നതുകണ്ടപ്പോൾ ഞാൻ പരിഭ്രമിച്ചു, അനാവശ്യമായി അദ്ദേഹത്തെ ബുദ്ധിമുട്ടിച്ചുവെന്ന് കരുതി. മറ്റു ചിലരും ദുആയിൽ പങ്കെടുത്തിരുന്നു. പറയുന്നു: അടുത്ത ദിവസം എന്റെ വക്കീൽ ഹോം ആഫീസിലേക്ക് ഫോൺ ചെയ്തെങ്കിലും ആരും എടുക്കാനുണ്ടായിരുന്നില്ല. ദീർഘമായി ബെല്ലടിച്ചു. അവിടത്തെ ഡയറക്ടർ അതുവഴി പോകുന്നുണ്ടായിരുന്നു. അദ്ദേഹം ഫോണെടുത്തു. ഇതാണ് പ്രശ്നമെന്ന് അദ്ദേഹത്തോട് പറഞ്ഞു. അപ്പോൾ ഡയറക്ടർ പറഞ്ഞു: രാവിലെ ഓഫീസിൽ വന്ന് എന്നെ കാണാൻ അദ്ദേഹത്തോടു പറയുക. അദ്ദേഹം പറയുന്നു: ഞാൻ ഓഫീസിൽപോയി. മിസ്റ്റർ റിച്ചാർഡ് എന്നായിരുന്നു അദ്ദേഹത്തിന്റെ പേര്. റിസപ്ഷനിൽ പോയി, അദ്ദേഹത്തെ കാണാൻ ആഗ്രഹിക്കുന്നുവെന്ന് ഞാൻ അവരോട് പറഞ്ഞു. റിസപ്ഷൻകാർ പറഞ്ഞു: 'അദ്ദേഹം വലിയ ഓഫീസറാണ്. നിങ്ങളെ എവിടന്ന് കാണാനാണ്. നിങ്ങൾക്കെന്താണ് വേണ്ടതെന്ന് നിങ്ങൾ ഞങ്ങളോട് പറയുക.' അദ്ദേഹം പറഞ്ഞു: 'അദ്ദേഹം സ്വയം എന്നെ വിളിച്ചതാണ്.' പക്ഷേ, ഓഫീസറെ അറിയിക്കാൻ ആരും തയ്യാറായിരുന്നില്ല. അവസാനം ഒരാൾ തയ്യാറായി. അയാൾ പോയി പറഞ്ഞു. മിസ്റ്റർ റിച്ചാർഡ് സ്വയം എഴുന്നേറ്റുവന്നു. അദ്ദേഹത്തെ തന്റെ

**കലാമുൽ ഇമാം:-**

**"വിശുദ്ധഖുർആൻ മനസ്സിലാക്കുന്നതിനും അതനുസരിച്ച് സന്മാർഗം പ്രാപിക്കുന്നതിനും തഖ്വ അത്യാവശ്യമായ മൂലധനമാണ്."**
**(മൽഫൂദാത്ത്, വാല്യം 5, പേജ് 121)**

**ത്വാലിബെ ദുആ:**
കെ. മുഹമ്മദ് ശരീഫും കുടുംബവും അഹ്മദിയ്യാ ജമാഅത്ത്, വാണിയമ്പലം (കേരള)

**കലാമുൽ ഇമാം:-**

**"ഇസ്ലാം യഥാർഥമായ ഈശ്വരജ്ഞാനം പ്രദാനം ചെയ്യുന്നു. അതുമുഖേന മനുഷ്യന്റെ പാപപങ്കിലമായ ജീവിതത്തിനുമേൽ മരണം സംഭവിക്കുന്നു."(മൽഫൂദാത്ത്, വാല്യം 4, പേജ് 344).**

**ത്വാലിബെ ദുആ:**
അഹ്മദിയ്യാ ജമാഅത്തംഗങ്ങൾ മുറിയക്കണ്ണി (കേരള)

കൂടെ റൂമിലേക്ക് കൊണ്ടുപോയി. തന്റെ കമ്പ്യൂട്ടറിൽ എല്ലാ രേഖകളും അന്വേഷിച്ചു. പിന്നീട് തന്റെ സെക്രട്ടറിയെ വിളിച്ചു. ഇദ്ദേഹത്തിന്റെ പാസ്പോർട്ട് ഇഷ്യൂ ചെയ്യുക എന്നു പറഞ്ഞു. അതിനുശേഷം വീണ്ടും എന്നെ യാത്രയാക്കാൻ വെളിയിൽ വന്നു. എല്ലാ ജോലിക്കാരും നോക്കുകയായിരുന്നു; വിദേശിയായ എത്ര വലിയ ആളാണ് വന്നിരിക്കുന്നതെന്ന്! അദ്ദേഹത്തെ യാത്രയാക്കാൻ ഇത്ര വലിയ ഓഫീസർ വെളിയിൽ വന്നിരിക്കുന്നു! കതക് തുറന്ന് യാത്രയാക്കുന്നു. അദ്ദേഹത്തോട് ഞാൻ എന്തു പറയാനാണ്. പറയുന്നു: ആ സമയത്തെ എന്റെ അവസ്ഥ വല്ലാത്തതായിരുന്നു. ഇത് ഉഥ്മാൻ ചൂ സാഹിബിന്റെ തേങ്ങിക്കരഞ്ഞുള്ള ഫലം തന്നെയാണെന്ന് എനിക്കുറപ്പുണ്ടായിരുന്നു. അതാണ് നാല് മാസമായി കുടുങ്ങികിടന്ന എന്റെ ജോലി ഒരൊറ്റ ദിവസം കൊണ്ട് ചെയ്തുതന്നത്. ഒരു ദിവസം കൊണ്ട് ചെയ്യിച്ചുവെന്ന് മാത്രമല്ല, മേലുദ്യോഗസ്ഥനെ കൊണ്ടുതന്നെ ചെയ്യിച്ചു.

സംഭവങ്ങൾ ധാരാളമുണ്ട്. വിവരിക്കാൻ കഴിയുകയില്ലെന്ന് ഞാൻ ആദ്യമെ പറഞ്ഞതാണ്. അദ്ദേഹത്തിന്റെ അടുത്ത ആളുകളുടെ ചില അനുഭവങ്ങൾ കൂടി പറയാം.

മുറബ്ബി സയ്യിദ് ഹുസയ്ൻ അഹ്മദ് സാഹിബ് എഴുതുന്നു: ഓരോ ആഴ്ചയും ഞങ്ങളുടെ മീറ്റിംഗ് നടക്കുമായിരുന്നു. മുറബ്ബികളുടെ കൈയിൽ വാഹനങ്ങളൊന്നുമുണ്ടായിരുന്നില്ല. ബസ്സുകളിലാണ് പോയിരുന്നത്. പാതിരാത്രിവരെ മീറ്റിംഗുണ്ടാകുമായിരുന്നു. ഏതെങ്കിലും ആമില അംഗത്തിന്റെ കാറിൽ കയറിപറ്റാം എന്ന ചിന്തയിൽ ഞങ്ങൾ നില്ക്കുമായിരുന്നു. പക്ഷേ, ഉഥ്മാൻ ചീനി സാഹിബ് ഒരിക്കലും അങ്ങനെ പ്രതീക്ഷിച്ചുനിന്നിട്ടില്ല. നടന്നുതന്നെ പോകുമായിരുന്നു. അല്ലെങ്കിൽ ബസിൽ പോകുമായിരുന്നു. മറ്റേതെങ്കിലും വാഹനം കിട്ടിയാൽ അതിൽ പോകുമായിരുന്നു. അദ്ദേഹം താമസിച്ചിരുന്ന മിഷൻഹൗസിൽ സ്ഥലം വളരെ കുറവായിരുന്നു. ഒരിക്കൽ അദ്ദേഹം ക്ഷണിച്ചപ്പോൾ, താങ്കൾ എവിടെയാണ് താമസിക്കുന്നതെന്ന് ഞങ്ങൾ ചോദിച്ചു. അദ്ദേഹം പറഞ്ഞു: ഇതേ മുറിയിലാണ്; അത് സ്ത്രീകളുടെ ഹാളായിരുന്നു. സ്ത്രീകൾ നമസ്കരിക്കാൻ വരുമ്പോൾ തന്റെ സാധനങ്ങൾ കെട്ടിവെക്കും. അതിനുശേഷം ഇതാണ് എന്റെ ഉറങ്ങുന്ന സ്ഥലം. ഇതാണ് ഞാൻ ഭക്ഷണം കഴിക്കുന്ന സ്ഥലം. ഇതാണ് എല്ലാം. വലിയ വിനയത്തോടും എളിമയോടുംകൂടി ചെറിയ സ്ഥലത്ത് താമസിച്ചിരുന്നു.

റശീദ് അർശദ് സാഹിബ് പറയുന്നു: 33 വർഷം അദ്ദേഹത്തിനോടൊപ്പം ജോലി ചെയ്യാൻ അവസരം കിട്ടി. ജമാഅത്തായ നമസ്കാരത്തിൽ കൃത്യനിഷ്ഠയും ആരാധനയോടുള്ള തീവ്രസ്നേഹവും ഞങ്ങൾക്കൊരു മാതൃകയായിരുന്നു. മഴയായാലും കൊടുങ്കാറ്റായാലും മഞ്ഞുപെയ്താലും വളരെ കൃത്യമായി ജമാഅത്തായ നമസ്കാരത്തിന് ചീനി സാഹിബ് മസ്ജിദിൽ എത്തുമായിരുന്നു. അദ്ദേഹം പറയുന്നു: വാർധക്യം കാരണത്താൽ പരവശനായ നിലയിലും ഞങ്ങൾ അദ്ദേഹത്തെ കണ്ടിട്ടുണ്ട്. ഇസ്‌ലാമാബാദ് മസ്ജിദിൽനിന്ന് വീട്ടിൽ വരാനുള്ള ചെറിയ ദൂരം 15, 20 മിനിറ്റ് ശ്വാസമെടുത്ത് തരണം ചെയ്തിരുന്നു. പക്ഷേ, മസ്ജിദിൽ നിർബന്ധമായും പോയിരുന്നു. തഹജ്ജുദ് പതിവായി നമസ്കരിച്ചിരുന്നു. അദ്ദേഹം പറയുന്നു: ഒരിക്കൽ ഞങ്ങൾ ദീർഘമായ യാത്ര ചെയ്ത് ചൈനയിലെ ഒരു പ്രദേശത്തുപോയി. അവിടേയും തദ്ദേശ അഹ്മദികളുമായി കുറേനേരം സംസാരിച്ചിരുന്നു. അതുകൊണ്ട് തഹജ്ജുദിൽ എഴുന്നേൽക്കൽ പ്രയാസമാണെന്ന് ഞാൻ വിചാരിച്ചു. പക്ഷേ, രാവിലെ ചീനീസാഹിബ് തഹജ്ജുദ് നമസ്കരിക്കുന്നതാണ് കണ്ടത്; ഹ്രസ്വമായിരുന്നെങ്കിലും. തഹജ്ജുദ് ഉപേക്ഷിച്ചില്ല. ചീനീസാഹിബ് തന്നെയും ഇതിനെ കുറിച്ചെഴുതിയിട്ടുണ്ട്. ചൈനയിൽനിന്ന് റബ്‌വയിൽ വന്നപ്പോൾ റബ്‌വയിലെ മഹാത്മാക്കൾ എത്രമാത്രം വിലപിച്ചും നിലവിളിച്ചുമാണ് നമസ്കരിക്കുന്നതെന്ന് കണ്ടു. നോമ്പു പിടിക്കുന്നു. ഇഅ്തികാഫ് ഇരിക്കുന്നു. ദുആകൾ ചെയ്യുന്നു. അല്ലാഹു അവരുടെ ദുആകൾ കേൾക്കുന്നുമുണ്ട്. ഇക്കാര്യം അദ്ദേഹത്തെ വല്ലാതെ സ്വാധീനിച്ചു. ആ മഹാത്മാക്കളുടെ കാലടിയിലൂടെ നടക്കുമെന്ന് താനും തീരുമാനിച്ചതായി അദ്ദേഹം എഴുതി. അക്കാലത്ത് അദ്ദേഹത്തിന് ഹദ്റത്ത് ഖലീഫത്തുൽ മസീഹ് ഥാനിയുടെ മാർഗദർശനം ലഭ്യമായിരുന്നു. ഹദ്റത്ത് മിർസാ ബശീർ അഹ്മദ് സാഹിബ്(റ) ഹദ്റത്ത് മിർസാ ശരീഫ് അഹ്മദ് സാഹിബ്(റ) തുടങ്ങിയവരുടെ സുഹ്ബത്തും അദ്ദേഹത്തിന് ലഭിച്ചിരുന്നു. മൗലാനാ ഗുലാം റസൂൽ സാഹിബ് രാജേകി, ഹദ്റത്ത് മുഖ്താർ അഹ്മദ് സാഹിബ് ശാഹ്ജഹാൻപൂരി, ഹദ്റത്ത് മുഹമ്മദ് ഇബ്റാഹിം സാഹിബ് ബഖാപൂരി, സയ്യിദ് വലിയുല്ലാ ശാഹ് സാഹിബ് തുടങ്ങിയവരുടെ സഹവാസവും അദ്ദേഹത്തിന് കിട്ടി. ആ മഹാത്മാക്കളുടെ സഹവാസം കാരണത്താൽ അല്ലാഹു അദ്ദേഹത്തിന്റെ വ്യക്തിത്വം കൂടുതൽ ഉയർത്തി. അല്ലാഹുവുമായി അദ്ദേഹത്തിന് കൂടുതൽ ബന്ധമുണ്ടായി.

റശീദ് അർശദ് സാഹിബ് പറയുന്നു: തബ്‌ലീഗു രംഗത്തും അദ്ദേഹം അത്യുത്സാഹിയായിരുന്നു. പൊതുവെ മൗനപ്രകൃതിയും മിതഭാഷിയുമായിരുന്നു. പക്ഷേ, തബലീഗ് തുടങ്ങിക്കഴിഞ്ഞാൽ അദ്ദേഹത്തിൽ അസാധാരണമായ ശക്തിയും ആവേശവുമുണ്ടാകുമായിരുന്നു. മണിക്കൂറുകളോളം സംസാരിച്ചിരിക്കുമായിരുന്നു. പലപ്പോഴും ഫോണിലും തബ്‌ലീഗ് സംസാരം ഉണ്ടാകുമായിരുന്നു. സമയത്തിന്റെ കാര്യം ഓർക്കുകതന്നെയില്ല. മണിക്കൂറുകളോളം സംസാരിക്കുമായിരുന്നു. അതിഥിസൽക്കാരവും അദ്ദേഹത്തിന് അനന്തരാവകാശമായി കിട്ടിയതാണ്. അദ്ദേഹം പറയുമായിരുന്നു: ഞങ്ങളുടെ പിതാവ് വളരെ അതിഥിസൽക്കാരപ്രിയനായിരുന്നു. കാരണം ഗ്രാമത്തിൽ ഹോട്ടലുകളൊന്നുമുണ്ടായിരുന്നില്ല. ഞങ്ങളുടെ വീടുതന്നെയാണ് ഹോട്ടലെന്ന് അദ്ദേഹത്തിന്റെ പിതാവ് പറയാറുണ്ടായിരുന്നു. അതിഥി സൽക്കാരത്തിൽ ചീനീസാഹിബിന്റെ ഭാര്യയും അദ്ദേഹത്തെ പൂർണമായും സഹായിക്കുമായിരുന്നു.

എത്ര ക്ഷീണിതനായാലും എല്ലാവരുടേയും വികാരങ്ങൾ ശ്രദ്ധിക്കുമായിരുന്നു. ഒരിക്കൽ പാതിരാത്രിവരെ മീറ്റിംഗുണ്ടായി. കാറിൽ ഇരുന്നപ്പോൾ ആരോ പറഞ്ഞു: എന്റെ വീട് അടുത്താണ് അവിടേക്ക് പോകാമെന്ന്. റശീദ് സാഹിബ് പറയുന്നു: നിഷേധിക്കുമെന്നാണ് ഞങ്ങൾ കരുതിയത്. പക്ഷേ പോയി. അവിടെ ചെന്നപ്പോൾ ആ വ്യക്തി ഭക്ഷണത്തിനുള്ള ഏർപ്പാടും തുടങ്ങി. ഒരുപാട് സമയം അവിടെയിരുന്നു. അദ്ദേഹം രാത്രി വളരെ വൈകി ഒരു മണിയോടടുത്താണ് എത്തിയത്. പക്ഷേ, നിഷേധിച്ചില്ല; പെട്ടെന്നാകട്ടെ എന്നും പറഞ്ഞില്ല.

ജമാഅത്തിന്റെ മുറബ്ബി നസീർ അഹ്മദ് ബദ്ർ സാഹിബ് എഴുതുന്നു: ചീനീഭാഷ പഠിക്കാൻ എനിക്ക് നിർദ്ദേശമുണ്ടായി. അതിനുശേഷം അദ്ദേഹവുമായി ബന്ധപ്പെട്ടു. ചൈനയുടെ ധാരാളം പ്രദേശങ്ങളിൽപോയി ദഅ്‌വത്തെ ഇലല്ലാഹ് ചെയ്യാൻ ഭാഗ്യം കിട്ടി. ആ അവസരത്തിൽ ഉഥ്മാൻ ചീനീസാഹിബിന്റെ വിലപ്പെട്ട അഭിപ്രായങ്ങളെ ശരിക്കും പ്രയോജനപ്പെടുത്തി. പറയുന്നു; കത്തിലൂടെ എനിക്ക് മാർഗദർശനം നല്കുമായിരുന്നു. അദ്ദേഹം പറയുന്നു: ആയിരക്കണക്കിന് ചൈനക്കാരെ സംസാരത്തിലൂടെയും ഗ്രന്ഥങ്ങളിലൂടേയും ഫോണിലൂടെയും ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ സന്ദേശം എത്തിക്കാൻ അവസരം കിട്ടിക്കൊണ്ടിരുന്നു. മിക്ക സ്ഥലങ്ങളിലും ഉഥ്മാൻ ചീനീസാഹിബിനെ കുറിച്ച് നല്ലതേ ആളുകൾക്ക് പറയാനുണ്ടായിരുന്നുള്ളൂ. അദ്ദേഹം ചൈനയിൽ ഇസ്‌ലാമിന്റെ ഒരു വളരെ വലിയ സ്കോളറായിട്ടാണ് മനസ്സിലാക്കപ്പെടുന്നത്.

ചൈനീസ് ഭാഷയുടെ സ്മരണയെ നിലനിറുത്തുന്ന സാഹിത്യങ്ങളാണ് അദ്ദേഹം തന്റെ പിന്നിൽ വിട്ടിട്ടുള്ളത്. അതൊരിക്കലും അദ്ദേഹത്തെ മരിക്കാൻ സമ്മതിക്കുകയില്ല. അദ്ദേഹത്തിന്റെ തൂലികയിൽ നിന്ന് പുറപ്പെട്ട ചൈനീസ് ഭാഷയിലെ നിരവധിഗ്രന്ഥങ്ങളും തർജമകളുമുണ്ട്. അദ്ദേഹം ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ റൂഹാനി ഖസാഇനിൽ നിന്നെടുത്ത് തർജമ ചെയ്ത് അവ ജനങ്ങളിലെത്തിച്ചു. അദ്ദേഹത്തിന്റെ വാക്ക്‌വൈഭവവും സാഹിത്യഭരിതവുമായ ചൈനീസ് ഭാഷയും ഒരു പ്രത്യേക ആകർഷണം ഉൾക്കൊള്ളുന്നതായിരുന്നു. അതു ഞാനറിഞ്ഞത് ചൈനയിലെ ഒരു മദ്രസയിൽ ചെന്നപ്പോഴാണ്. ആദ്യം ഞാൻ പോയപ്പോൾ അവർ എന്നെ പരിഗണിക്കുകയോ ഗൗനിക്കുകയോ ചെയ്തില്ല. മുസ്‌ലിംകളുടെ പ്രദേശമാണ്. അവിടെ മദ്രസയിൽപോയി. പക്ഷേ, കുറച്ച് കാലത്തിനുശേഷം വീണ്ടും അവിടെ ചെന്നപ്പോൾ ചൈനക്കാരായ എല്ലാ മുസ്‌ലിംകളും ഇമാം സാഹിബും സ്നേഹം പ്രകടിപ്പിച്ചു. അപ്പോൾ ഒരു സുഹൃത്തിനോട് ഞാൻ ചോദിച്ചു. ആദ്യം ഞാൻ വന്നപ്പോൾ നിങ്ങളെന്നെ ഗൗനിച്ചിരുന്നില്ല. ഇപ്പോൾ സ്നേഹം പ്രകടിപ്പിക്കാനുള്ള കാരണമെന്താണ്? ഒരു ചൈനക്കാരനായ സുഹൃത്ത് പറഞ്ഞു: നിങ്ങൾ മൗലവി സാഹിബിന് നല്കിയ ചീനീഭാഷയിലുള്ള ഗ്രന്ഥങ്ങൾ അവയിൽ പ്രത്യേകിച്ചും മസീഹ് മൗഊദിന്റെ ലിഖിതശകലങ്ങളുടെ ചൈനീസ് തർജമ ഖുത്ബയിൽ വായിച്ചുകേൾപ്പിച്ചിരുന്നു. അങ്ങനെ ഞങ്ങളുടെയുള്ളിൽ ഒരു ആത്മീയാഭിനിവേശമുണ്ടായി. ഞങ്ങൾ ഇതിനുമുമ്പേ ഞങ്ങളുടെ ജീവിതത്തിൽ ഈ രീതിയിലുള്ള എഴുത്തുകൾ കേട്ടിട്ടില്ല. അതുകൊണ്ട് ഇത്തരത്തിലുള്ള കൂടുതൽ ഗ്രന്ഥങ്ങൾ താങ്കൾ ഞങ്ങൾക്ക് തരണമെന്ന് ഞങ്ങൾ ആഗ്രഹിക്കുന്നു.

വീണ്ടും പറയുന്നു: ചീനീസാഹിബിന്റെ മാതൃഗ്രാമത്തിൽ പോകാൻ അവസരം കിട്ടി. അദ്ദേഹത്തിന്റെ സ്നേഹിതന്മാരേയും ബന്ധുക്കളേയും കണ്ടു. എല്ലാവരും ഉഥ്മാൻ ചീനീ സാഹിബിന്റെ ആദരവിനേയും സ്നേഹത്തേയും കുറിച്ച് പറഞ്ഞു. ആരു വന്നാലും ഉഥ്മാൻ ചീനീസാഹിബുമായുള്ള ബന്ധം പറഞ്ഞ് സന്തോഷം പ്രകടിപ്പിച്ചിരുന്നു. പറയുന്നു: ഞാൻ അവിടെ എത്ര ദിവസം താമസിച്ചുവോ എല്ലാവരും നല്ലനിലയിൽ എന്നെ നോക്കി. ആതിഥ്യം നല്കി. സ്നേഹം പ്രകടിപ്പിച്ചു. ഞാൻ ഉഥ്മാൻ ചീനീസാഹിബിനെ അറിയുന്നുവെന്നതു മാത്രമാണ് അതിനു കാരണം; ജമാഅത്തിന്റെ പ്രതിനിധിയും.

ഉഥ്മാൻ ചീനി സാഹിബിന്റെ ചൈനീസ് ഭാഷയിൽ ചെയ്തിട്ടുള്ള വിശുദ്ധഖുർആനിന്റെ തർജമ അങ്ങേയറ്റം ലളിതവും എളുപ്പവുമായ വാക്കുകളിലുള്ളതും എല്ലാവർക്കും മനസിലാകുന്നതുമാണ്. അതിൽ ചൈനീസ് ഭാഷയുടെ വാഗ്‌വൈഭവത്തിന്റേയും സാഹിതീയ സൗന്ദര്യത്തിന്റേയും നിലവാരം തിളങ്ങുന്നതായികാണുന്നു. അതിനാൽ, വിശുദ്ധഖുർആനിന്റെ മറ്റു തർജമകൾ ചൈനീസ് ഭാഷയിൽ ഉണ്ടെങ്കിലും ഉഥ്മാൻചൂ സാഹിബിന്റെ തർജമ ചൈന മുഴുവൻ ഏകവും സ്വീകരിക്കപ്പെട്ടതും പ്രമാണത്തിന്റെ നില ഉൾക്കൊള്ളുന്നതുമാണെന്ന് ജമാഅത്തിന്റെ വിശ്വാസാദർശങ്ങളോടു അഭിപ്രായഭിന്നത ഉണ്ടായിട്ടും ധാരാളം ചൈനീസ് ഉലമാഅ് അങ്ങേയറ്റം അതിനെ ഇഷ്ടപ്പെടുന്നതിൽ നിന്ന് മനസിലാക്കാവുന്നതാണ്. വിശുദ്ധഖുർആൻ

മനസ്സിലാക്കുന്നതിന് അതിരറ്റ് അതിനെ സ്നേഹിച്ചിരുന്നു. അദ്ദേഹം പറയുന്നു: 'പ്രദേശത്തെ പര്യടനത്തിനിടയിൽ ഒരു മഹാത്മാവ് എന്റെ കൈയിൽ ഈ തർജമ കണ്ടപ്പോൾ അദ്ദേഹത്തിന്റെ കണ്ണുകൾ തിളങ്ങി. (അദ്ദേഹത്തിന്റെ കൈയിൽ ചീനീസാഹിബ് ചെയ്ത തർജമയുണ്ടായിരുന്നു. അതുകണ്ട് അദ്ദേഹം വളരെ സന്തോഷിച്ചു.) ഈ തർജമ ദീർഘകാലമായി ഞാൻ പ്രതീക്ഷിച്ചിരിക്കുകയായിരുന്നുവെന്ന് അദ്ദേഹം പറഞ്ഞു; ഈ ഖുർആൻ എനിക്ക് തരുമോ? അദ്ദേഹം പറഞ്ഞു: ഞങ്ങളുടെ കൈയിൽ ഇപ്പോൾ ഒരു കോപ്പി മാത്രമേയുള്ളൂ. നിങ്ങൾ മേൽവിലാസം അയച്ചുതരിക; ഞങ്ങൾ ഉഥ്മാൻ ചീനീസാഹിബിൽനിന്ന് വാങ്ങിത്തരാം. കുറച്ചു നേരം ആലോചിച്ചിട്ട് പറഞ്ഞു. നിങ്ങൾ ഈ ഖുർആൻ കുറച്ചുനേരത്തേക്ക് എനിക്ക് തരിക. ഞാൻ അതിന്റെ ഫോട്ടോകോപ്പി എടുത്തുകൊള്ളാം. 1450 പേജുള്ള ആ തർജമയുടെ കോപ്പിയെടുക്കാനുള്ള അദ്ദേഹത്തിന്റെ താൽപര്യം കണ്ട് ഞാൻ അദ്ദേഹത്തിന് ആ ഖുർആൻ കൊടുത്തു; അദ്ദേഹം ആവർത്തിച്ച് നന്ദി പറഞ്ഞുകൊണ്ടിരുന്നു; അതിരില്ലാത്ത ഖജനാവ് തനിക്ക് കിട്ടിയതുപോലെ! തീർച്ചയായും അത് ഖജനാവാണ്. സന്തോഷത്തിന്റെ പ്രകടനം അദ്ദേഹത്തിന് തടയാൻ പറ്റുന്നുണ്ടായിരുന്നില്ല.

ഇപ്രകാരം അദ്ദേഹത്തിന് നിരവധി ബന്ധങ്ങളുണ്ട്. ഇപ്പോഴും അദ്ദേഹത്തിന് ബന്ധങ്ങളുണ്ടായിരുന്നു. അവിടെ ഉണ്ടായിരുന്ന മുബല്ലിഗുമാരും, എവിടെപോയാലും അവിടത്തുകാർ ചീനീസാഹിബിനെ കുറിച്ചു പറയുമായിരുന്നുവെന്ന് എഴുതിയിട്ടുണ്ട്.

സഫ്റുല്ലാ സാഹിബും അവിടെ മുബല്ലിഗായിരുന്നിട്ടുണ്ട്. ഇപ്പോൾ പാക്കിസ്താനിലാണ്. അദ്ദേഹം പറയുന്നു: 2004–ൽ ചീനീ സാഹിബ് പാക്കിസ്താനിൽ പോയപ്പോൾ ഇസ്ലാമാബാദിൽ നിന്ന് റബ്വയിലേക്കുള്ള യാത്രാമദ്ധ്യേ ക്ലർ കഹാർ പ്രദേശത്ത് എന്നെ കൊണ്ടുപോയി ജാമിആയിൽ പഠിക്കുന്ന കാലത്ത് തപോയജ്ഞം നടത്തിയിരുന്ന സ്ഥലം കാണിച്ചുതന്നിരുന്നു. തന്റെ ദുആ സ്വീകാര്യതയുടെ ഒരു സംഭവവും അദ്ദേഹം വിവരിക്കുകയുണ്ടായി; ഒരു വീട്ടിൽ അദ്ദേഹം പോയി. അവരുടെ വിവാഹം കഴിഞ്ഞ് 10 വർഷമായിരുന്നു. കുട്ടികളുണ്ടായിരുന്നില്ല. തപോയജ്ഞത്തിന്നിടയിൽ ചീനീസാഹിബിനോട് ദുആയ്ക്ക് അപേക്ഷിച്ചു. ചീനീസാഹിബ് ദുആ ചെയ്തു. തന്റെ മുറ്റത്ത് ചൗദരീ സഫ്റുല്ലാഖാൻ സാഹിബ് കട്ടിലിൽ ഉറങ്ങുന്നതായി സ്വപ്നം കണ്ടു. ഈ സ്വപ്നം അദ്ദേഹം അവരെ കേൾപ്പിച്ചു. പറഞ്ഞു: അല്ലാഹു സന്തോഷവാർത്ത അറിയിച്ചിരിക്കുന്നു. അല്ലാഹു നിങ്ങൾക്ക് മകനെ നല്കും. കുറച്ചുകാലത്തിനുശേഷം അല്ലാഹു അവർക്ക് മകനെ നല്കി.

എനിക്കും ഓർമയുണ്ട്, ഹദ്റത്ത് ഖലീഫത്തുൽ മസീഹ് ഥാനിയുടെ കാലഘട്ടത്തിൽ ഞങ്ങൾ കുട്ടികളായിരുന്നു. ഞാനും ഒരിക്കൽ ആ സ്ഥലത്ത് പോയിരുന്നു. ഒരു മുറിയിൽ താഴത്തെ ചെറിയ മുറിയിൽ അദ്ദേഹം ഇരിക്കുകയായിരുന്നു. വിശുദ്ധഖുർആൻ കൈയിലുണ്ടായിരുന്നു. ദുആ ചെയ്യുകയായിരുന്നു. പിന്നീട് ഞങ്ങൾ വലിയവരും ചെറിയവരും അദ്ദേഹത്തോട് ദുആക്ക് അപേക്ഷിച്ചു. പുഞ്ചിരിച്ചുകൊണ്ട് മറുപടി തരികയും വാത്സല്യത്തോടെ പെരുമാറുകയും ചെയ്തിരുന്നു.

ഡോക്ടർ നൂരി സാഹിബും എഴുതുന്നു: 14,15 വർഷം മുമ്പേ 2004ൽ ചെക്കപ്പ് ചെയ്തപ്പോൾ അദ്ദേഹത്തിനു ഹൃദയരോഗമുണ്ടെന്ന് മനസിലായി. ഞാൻ വളരെ പ്രയാസപ്പെട്ടു. ഇത്തരം ആളുകളുടെ Survival ന്റെ ചാൻസ് വളരെ കുറവാണ്. ഡോക്ടർ നൂരി സാഹിബ് എഴുതുന്നു: നിർബന്ധമായ കടമകൾ നിർവഹിക്കുന്നതിൽ തന്റെ രോഗം തടസമാകാൻ അദ്ദേഹം അനുവദിച്ചില്ല എന്നതിൽ ഞാൻ അത്ഭുതപ്പെടുകയാണ്; എപ്പോഴും ജോലിയിൽ വ്യാപൃതനായിരുന്നു. പക്ഷേ, അല്ലാഹുവിന്റെ കൃപയാൽ അദ്ദേഹമൊരിക്കലും തന്റെ രോഗത്തെ, തന്റെ ജോലിക്കു തടസമാകാൻ അനുവദിച്ചിരുന്നില്ല. എപ്പോഴും ജോലി ചെയ്തുകൊണ്ടിരുന്നു. രോഗം കാരണത്താൽ ജോലി ചെയ്യാതിരുന്നിട്ടില്ല. അല്ലെങ്കിൽ ആരാധനാകർമങ്ങളിൽ കുറവുണ്ടായിട്ടില്ല. എന്നല്ല ഒരാൾ എനിക്കെഴുതി. കടുത്ത മഞ്ഞ് പെയ്യുകയായിരുന്നു. ചീനീസാഹിബിനെത്താൻ പ്രയാസമായിരിക്കുമെന്ന് ഞാൻ കരുതി. ഇന്ന് സുബ്ഹിയുടെ നേരത്ത് മഞ്ഞ് അധികമാണ്; നടക്കാനും കഴിയുകയില്ല. ആരും മസ്ജിദിൽ വരികയുമില്ല. കുറഞ്ഞപക്ഷം ആരെങ്കിലും പോയി മസ്ജിദ് തുറന്നിരുന്നെങ്കിൽ! അദ്ദേഹം പറയുന്നു. ഞങ്ങൾ പുറത്തിറങ്ങിയപ്പോൾ മഞ്ഞിന്റെമേൽ കാല്പാടുകൾ ഉണ്ടായിരുന്നു. ഞങ്ങൾ ഉള്ളിലെത്തിയപ്പോൾ ചീനീസാഹിബ് മസ്ജിദിൽ എത്തിയെന്നു മാത്രമല്ല, വളരെ മുമ്പേ മഞ്ഞുകട്ടയിലൂടെ നടന്നാണ് വന്നത്. അവിടെ വന്ന് തഹജ്ജുദ് നമസ്കരിക്കുകയായിരുന്നു.

അത്വാഉൽ മുജീബ് റാശിദ് സാഹിബ് അദ്ദേഹത്തെക്കുറിച്ച് സംക്ഷിപ്തം എഴുതിയിട്ടുണ്ട്. അത് വളരെ നല്ല സംഗ്രഹമാണ്. യാഥാർഥ്യവും ഇതുതന്നെയാണ്. പറയുന്നു. അദ്ദേഹം വളരെ വലിയ വിടവാണ് ഉണ്ടാക്കിയിട്ടുള്ളത്. വളരെ ഉന്നതനായ മഹാത്മാവ് ആയിരുന്നു. പറയുന്നു: ഞാൻ ചീനീസാഹിബിന്റെ പ്രത്യേകതകളെ കുറിച്ച് ചിന്തിക്കുകയായിരുന്നു. അപ്പോൾ എന്റെ മനസ്സിൽ വന്നു. ദുആചെയ്യുന്നയാളും ദുആ സ്വീകരിക്കപ്പെടുന്ന പുണ്യാത്മാവുമായിരുന്നു. നമസ്കാരങ്ങൾ വളരെ കൃത്യനിഷ്ഠയോടെ അനുഷ്ഠിച്ചിരുന്നു. രോഗവും ക്ഷീണവുമുണ്ടായിട്ടും മസ്ജിദിലെത്തുമായിരുന്നു. സാത്വികനും ദൈവഭയമുള്ള വ്യക്തിയുമായിരുന്നു. ആർക്കും ഒരു ഉപദ്രവവും ചെയ്യുമായിരുന്നില്ല. എല്ലാവരുടേയും ക്ഷേമമമാണ് ആഗ്രഹിച്ചിരുന്നത്. നല്ല നല്ല അഭിപ്രായങ്ങൾ പറയുമായിരുന്നു. ലളിത പ്രകൃതനും ജാഡ അശേഷം തീണ്ടിയില്ലാത്ത ദേഹവുമായിരുന്നു. അതിഥി സൽക്കാരപ്രിയനായിരുന്നു. സ്നേഹനിർഭരമായി അതിഥികളെ സ്വീകരിക്കുമായിരുന്നു. വളരെ ധൈര്യവാനായിരുന്നു. ക്ഷീണമുണ്ടായിട്ടും വിവിധ ദീനി സേവനങ്ങളിൽ മുഴുകിയിരുന്നു. തന്റെ ചുമതല വളരെ ആത്മാർഥതയോടും കഠിനാധ്വാനത്തോടും സ്നേഹത്തോടുകൂടി നിറവേറ്റുന്ന വ്യക്തിയായിരുന്നു. ദീനീ സേവനം ചെയ്യുന്നതിലുള്ള കഴിവ് അപാരമായിരുന്നു. അഹ്മദിയ്യാ ഖിലാഫത്തിനോടു സത്യസന്ധതയും കൂറും പുലർത്തുകയും അകമഴിഞ്ഞ് സേവനം ചെയ്യുകയും ചെയ്തു. എപ്പോഴും വളരെ സന്തോഷത്തോടും മന്ദഹാസത്തോടുംകൂടിയാണ് കണ്ടിരുന്നത്. ഒരുപാടു പ്രത്യേകതകൾ അദ്ദേഹത്തിനുണ്ടായിരുന്നു.

അല്ലാഹു ഉഥ്മാൻ ചീനീ സാഹിബിന്റെ ദർജകൾ ഉയർത്തുമാറാകട്ടെ. അദ്ദേഹത്തിന്റെ ഭാര്യയ്ക്ക് ക്ഷമയും സഹനവും പ്രദാനം ചെയ്യുമാറാകട്ടെ. അവരുടെ സഹായിയും സംരക്ഷകനുമായിരിക്കട്ടെ. കുട്ടികളേയും അദ്ദേഹത്തിന്റെ നന്മകളുടേയും ദുആകളുടേയും അനന്തരാവകാശിയാക്കട്ടെ. അവർ അദ്ദേഹത്തിന്റെ കാലടികളിലൂടെ നടക്കുന്നവരാകട്ടെ. അമീറുൽ മുഅ്മിനീൻ പറഞ്ഞു: ഞാൻ നമസ്കാരത്തിനുശേഷം അദ്ദേഹത്തിന്റെ ജനാസ നമസ്കരിപ്പിക്കുന്നതാണ്. ഇൻശാഅല്ലാഹ്.

AL ISLAM
Al Islam - Official website of Ahmadiyya Muslim Community

( പേജ് 1ൽനിന്ന്)

മണ്ണുംകൊണ്ട് നിർമിതമായ എന്റെ ഈ വീട്ടിൽ താമസിക്കുന്നവരാണ് അവരെന്ന് മനസ്സിലാക്കരുത്. എന്നെ പരിപൂർണ്ണമായി പിൻപറ്റുന്നവരും എന്റെ ഈ ആത്മീയഭവനത്തിൽ പ്രവേശിച്ചിട്ടുള്ളവരുമാണവർ. തങ്ങൾക്ക് സർവ്വശക്തനും എല്ലാത്തിനേയും നിലനിറുത്തുന്നവനും അനശ്വരനും സർവ്വസ്രഷ്ടാവുമായ ഒരു ദൈവമുണ്ടെന്നും അവൻ തന്റെ സവിശേഷഗുണങ്ങളിൽ ആദ്യന്തരഹിതനും അചഞ്ചലനുമാണെന്നുമുള്ള കാര്യങ്ങൾ ദൃഢമായി വിശ്വസിക്കേണ്ടത് അനുധാവനം ചെയ്യുന്നതിന് നിർബന്ധമായ കാര്യമാകുന്നു. അവനാരുടേയും പുത്രനല്ല, അവനൊട്ട് പുത്രനുമില്ല. ദുഃഖം പേറുന്നതിൽനിന്നും ക്രൂശിക്കപ്പെടുന്നതിൽനിന്നും മരണം വരിക്കുന്നതിൽനിന്നും അവൻ പരിശുദ്ധനാണ്. അവൻ എപ്രകാരമാണെന്നുവച്ചാൽ ദൂരസ്ഥനായിരിക്കെ സമീപസ്ഥനാണ്. സമീപസ്ഥനായിരിക്കെ ദൂരസ്ഥനുമാണ്. ഏകനായിരിക്കെ അവന്റെ ജ്യോതിസ്സുകൾ വിഭിന്നങ്ങളാണ്. മനുഷ്യനിൽ പുതിയ രീതിയിലുള്ള പരിവർത്തനം പ്രകടമാകുമ്പോൾ അവനുവേണ്ടി അവനൊരു പുതിയ ദൈവമായിത്തീരുകയും ഒരു പുതിയ പ്രഭയോടുകൂടി അവനോടു പെരുമാറുകയും ചെയ്യുന്നു. മനുഷ്യൻ തന്നിൽ വരുത്തുന്ന പരിവർത്തനം ദൃശ്യമാകുന്നു. ഇതിന്നർഥം ദൈവത്തിലെന്തെങ്കിലും മാറ്റം വരുത്തുന്നുവെന്നല്ല. അവനൊരിക്കലും പരിവർത്തനവിധേയമാകാത്തവനും തികവുറ്റവനുമാണ്. എന്നാൽ, മാനുഷിക പരിവർത്തനങ്ങളുടെ നേരത്ത്, മനുഷ്യന്റെ മാറ്റം നന്മകളിലേക്കാകുമ്പോൾ ദൈവവും അവനിൽ പുതിയൊരു ജ്യോതിസ്സോടുകൂടി പ്രകടമാകുന്നു. മനുഷ്യനിൽനിന്ന് പ്രകടമാകുന്ന ഓരോ അഭിവൃദ്ധിഘട്ടത്തിലും ദൈവത്തിന്റെ സർവ്വശക്തമായ ദിവ്യജ്യോതിസ്സും ഒരു അഭിവൃദ്ധിയോടുകൂടി വെളിപ്പെടുന്നു. എവിടെയാണോ അനിതരസാധാരണമായ മാറ്റങ്ങൾ പ്രകടമാകുന്നത് അവിടെ അവൻ അനിതരസാധാരണമായ ശക്തിപ്രഭാവവും കാണിക്കുന്നു. അത്ഭുതസിദ്ധികളുടേയും ദിവ്യദൃഷ്ടാന്തങ്ങളുടേയും ആധാരം ഇതുതന്നെയാണ്. നമ്മുടെ ജമാഅത്തിന്റെ ലക്ഷ്യവും ഈ ദൈവമാകുന്നു. അവനിൽ വിശ്വസിക്കുക. നിങ്ങളുടെ ജീവനെക്കാളും നിങ്ങളുടെ സുഖാഢംബരങ്ങളെക്കാളും നിങ്ങളുടെ എല്ലാ ബന്ധങ്ങളെക്കാളും അവനെ മുന്തിക്കുക. കർമപരമായ നിലയിൽ അവന്റെ വഴിയിൽ ധൈര്യസമേതം സത്യസന്ധതയും വിശ്വസ്തതയും കാണിക്കുക. ജനങ്ങൾ തങ്ങളുടെ ഭൗതികസാമഗ്രികളുടേയും ബന്ധുക്കളുടേയുംമേൽ അവന് മുൻഗണന നല്കുന്നില്ല. എന്നാൽ, ദൈവസന്നിധിയിൽ അവന്റെ ജമാഅത്തെന്ന് എഴുതപ്പെടാൻ നിങ്ങൾ അവനെ മുന്തിക്കുക." **(കശ്തിയെ നൂഹ് റൂഹാനീ ഖസാഇൻ വാള്യം 19 പേജ് 9–11)**

## തസ്ബീഹ് പിന്നീടു കണ്ടുപിടിച്ചതാണ്:

'ഒരാൾ നീളമുള്ള ജപമാല–തസ്ബീഹ് കൈയിൽപിടിച്ച് ഒരു ഇടവഴിയിലൂടെ പോകുകയായിരുന്നു. അല്ലാഹുവിന്റെ നാമം അയാൾ ജപമാലയുടെ മുത്തുകൾ നീക്കിനീക്കി എണ്ണുന്നത് ഒരു വൃദ്ധ കണ്ടു. അവർ ചോദിച്ചു, നീ നിന്റെ പ്രേമഭാജനത്തിന്റെ നാമം എണ്ണിയെണ്ണിയാണോ സ്മരിക്കുന്നത്? അയാൾ അവിടെ ത്തന്നെ ആ ജപമാല വലിച്ചെറിഞ്ഞു. അല്ലാഹുവിന്റെ അനുഗ്രഹങ്ങൾ അസംഖ്യമാണ്. ആർക്കാണ് അത് എണ്ണിത്തിട്ടപ്പെടുത്താൻ കഴിയുക?' (മൽഫൂദാത്ത് വാള്യം 5, പേജ് 13)

( പേജ് 2ൽനിന്ന്)

'ഈ ജൽസയുടെ അച്ചടക്കം, ത്യാഗത്തിന്റെ നിലവാരം അതിന്റെ ഉന്നത നില പ്രാപിച്ചിരിക്കുന്നു. അഹ്മദിയ്യാ ജമാഅത്ത് മാത്രമാണ് ഇസ്‌ലാമിന്റെ ശരിയായതും സമ്പൂർണവുമായ മുഖം സമർപ്പിക്കുന്നത്. 'എല്ലാവരോടും സ്നേഹം ആരോടുമില്ല വെറുപ്പ്' എന്ന മുദ്രാവാക്യത്തിന്റെ സത്യസന്ധമായ പ്രകടനം എനിക്ക് ജൽസയിൽ കാണാൻ സാധിച്ചു. മാതൃകാപരമായ ആതിഥ്യമര്യാദ ഈ ജൽസയിൽ കാണാൻ കഴിഞ്ഞു. ഇസ്‌ലാം സമർപ്പിക്കുന്ന ഐക്യത്തിന്റേയും ഏകതയുടേയും അഹ്മദിയ്യാ ജമാഅത്തിൽ മാത്രമാണ് ദൃശ്യമാകുന്നത്. ഉന്നതനായ അല്ലാഹു അഹ്മദിയ്യാ ജമാഅത്തിന്റെ ഖലീഫയേയും മുസ്‌ലിം സമുദായത്തേയും തന്റെ അനുഗ്രഹത്തിന്റേയും കാരുണ്യത്തിന്റേയും നിഴലിൽ വെക്കുമാറാകട്ടെ.'

ഒടുവിൽ ഹുദൂറുമൊത്ത് ഫോട്ടോ എടുക്കാനും അദ്ദേഹത്തിന് ഭാഗ്യം കിട്ടി. ഈ അഭിമുഖം 2മണി വരെ നീണ്ടു നിന്നു.

ശേഷം ഹുദൂർ മസ്ജിദ് ഫള്‌ലിൽ എത്തി ളുഹ്ർ അസ്ർ നമസ്കാരം ജംആക്കി നിർവ്വഹിക്കാൻ നേതൃത്വം നൽകി. നമസ്കാരത്തിനു ശേഷം ഹുദൂർ വീട്ടിലേക്ക് മടങ്ങി.

## വ്യക്തികളും കുടുംബങ്ങളുമായുള്ള കൂടിക്കാഴ്ച:

ഇന്ന് വൈകുന്നേരം 5.15–ന് വിവിധ രാജ്യങ്ങളിൽ നിന്നുള്ള വ്യക്തികളും കുടുംബങ്ങളും ഹുദൂറുമായുള്ള കൂടിക്കാഴ്ചയ്ക്കെത്തി. 43 കുടുംബങ്ങളിൽ നിന്നുള്ള 215 വ്യക്തികൾക്കു പുറമെ 28 പേർ വ്യക്തിഗതമായും ഹുദൂറുമായികൂടിക്കാഴ്ച നടത്തി. ഇങ്ങനെ 243 പേരാണ് ഹുദൂറുമായി കൂടിക്കാഴ്ച നടത്തിയത്. കൂടിക്കാഴ്ച നടത്തിയ ഈ കുടുംബങ്ങൾ താഴെ പറയുന്ന 25 രാജ്യങ്ങളിൽനിന്നുള്ളവരായിരുന്നു. പാക്കിസ്താൻ, അമേരിക്ക, ജർമനി, കനഡ, സഊദി അറേബ്യ, ആസ്ട്രേലിയ, സെനിഗൾ, നോർവെ, ദുബൈ, ഡെന്മാർക്ക്, അബുദാബി, യുകെ, ഇന്ത്യ, ഷാർജ, മൗറീഷ്യസ്, സ്വീഡൻ, ബെഹ്റൈൻ, ജപ്പാൻ, സ്വിറ്റ്സെർലെണ്ട്, ഖത്തർ, ഘാന, അമ്മാൻ, ടൻസാനിയ, ഗാംബിയാ, യുഗാണ്ട. എല്ലാവർക്കും ഹുദൂറുമൊത്ത് ഫോട്ടോ എടുക്കാനും ഭാഗ്യം കിട്ടി. വിദ്യാർഥികൾക്ക് ഹുദൂർ പേനകൾ നൽകി. കുട്ടികൾക്ക് ചോക്ലേറ്റും നൽകി. വൈകുന്നേരം 8.45 വരെ ഈ കൂടിക്കാഴ്ച നീണ്ടു നിന്നു. തുടർന്ന് മഗ്‌രിബ് ഇശാഅ് നമസ്കാരം മസ്ജിദ് ഫള്‌ലിൽ ജംആക്കി ഹുദൂർ നമസ്കരിപ്പിച്ചു. ശേഷം ഹുദൂർ താമസസ്ഥലത്തേക്ക് മടങ്ങി.

## 2017 ആഗസ്റ്റ് 3(വ്യാഴാഴ്ച)

ഇന്ന് രാവിലെ ഹുദൂർ ഓഫീസ് സംബന്ധമായ തിരക്കിലായിരുന്നു. കത്തുകളും മറ്റും പരിശോധിച്ചു. വിവിധ കാര്യങ്ങൾക്കും പ്രശ്നങ്ങൾക്കും മാർഗനിർദേശങ്ങൾ നൽകുകയുമുണ്ടായി. 2 മണിക്ക് ഹുദൂർ അൻവർ ളുഹ്ർ അസ്ർ നമസ്കാരം ജംആക്കി നമസ്കരിപ്പിച്ചു. നമസ്കാര ശേഷം ഹുദൂർ താമസസ്ഥലത്തേക്ക് മടങ്ങി.

## വ്യക്തിഗതവും കുടുംബപരവുമായുള്ള കൂടിക്കാഴ്ചകൾ:

വൈകുന്നേരം 5.15–ന് കൂടിക്കാഴ്ചകൾ തുടങ്ങി. 48 കുടുംബങ്ങളിൽ നിന്നുള്ള 240 അംഗങ്ങൾക്കുപുറമെ 22 ആളുകൾക്ക് വ്യക്തിഗതമായും ഹുദൂറുമായി കൂടിക്കാഴ്ച നടത്താൻ ഭാഗ്യം കിട്ടി: മൊത്തം 262 പേർ. അവർ താഴെ പറയുന്ന 23 രാജ്യങ്ങളിൽനിന്നുള്ളവരായിരുന്നു. പാക്കിസ്താൻ, അമേരിക്ക, സ്പെയിൻ, കനഡ, സഊദി അറേബ്യ, ആസ്ട്രേലിയ, ഫ്രാൻസ്, നോർവെ, ദുബൈ, നൈജീരിയ, അബൂദാബി, യൂകെ, ഇന്ത്യ, ഷാർജ, ജർമനി, ഇറ്റലി, ബംഗ്ലാദേശ്, മസ്ക്കറ്റ്, ഘാന. എല്ലാവർക്കും ഹുദൂറുമൊത്ത് ഫോട്ടോ എടുക്കാനും ഭാഗ്യം കിട്ടി. വിദ്യാർഥികൾക്കു പേനയും കുട്ടികൾക്ക് ചോക്ലേറ്റും നൽകി. 8.45–ന് കൂടിക്കാഴ്ച അവസാനിച്ചു. തുടർന്ന് ളുഹ്ർ അസ്ർ നമസ്കാരം ജംആക്കി മസ്ജിദ് ഫള്‌ലിൽ നിർവ്വഹിച്ചു. ഹുദൂർ താമസസ്ഥലത്തേക്ക് മടങ്ങി.

## 2017 ആഗസ്റ്റ് 4 വെള്ളിയാഴ്ച അമീർമാർ, സ്വദർമാർ, മുബല്ലിഗുമാർ, കേന്ദ്ര പ്രതിനിധികൾ തുടങ്ങിയവരുമായുള്ള കൂടിക്കാഴ്ച:

യു.കെ ജൽസയിൽ പങ്കെടുത്ത മുബല്ലിഗുമാർ, മുറബ്ബിമാർ, അമീർമാർ, നാഷണൽ സ്വദർമാർ, ഖാദിയാൻ–റബ്വ കേന്ദ്ര പ്രതിനിധികളായ നാളിർമാർ, വക്കീൽമാർ, ഇതര ജമാഅത്തീ ഉദ്യോഗസ്ഥർ എന്നിവർ ഹുദൂറുമായി കൂടിക്കാഴ്ച നടത്തി. രാവിലെ ഹുദൂർ ഓഫീസ് സംബന്ധമായ തിരക്കിലായിരുന്നു. 1 മണിക്ക് ഹുദൂർ ബയ്ത്തുൽ ഫുത്തൂഹിൽ ജുമുഅ ഖുത്ബ നിർവ്വഹിച്ചു. ജുമുഅയോടൊപ്പം അസ്ർ നമസ്കാരം ജംആക്കി നമസ്കരിപ്പിച്ചു. ശേഷം മസ്ജിദ് ഫള്‌ലിലേക്ക് ഹുദൂർ മടങ്ങി. മുബല്ലിഗുമാരുമായുള്ള മീറ്റിംഗിനായി 41 & 53 ഗെസ്റ്റ് ഹൗസിന് പിന്നിലായി തയ്യാറാക്കിയ ടെന്റിലേക്ക് ഹുദൂർ വന്നു. 67 രാഷ്ട്രങ്ങളിൽ നിന്നുള്ള 321 മുബല്ലിഗ് മുറബ്ബിമാർ, നാഷണൽ അമീർമാർ, സ്വദർമാർ, കേന്ദ്രപ്രതിനിധികൾ സന്നിഹിതരായിരുന്നു. ആഫ്രിക്കയിലെ 19 രാഷ്ട്രങ്ങളിൽ നിന്നുള്ള പ്രതിനിധികളുണ്ടായിരുന്നു. ഘാന, സിയറാ ലിയോൺ, ബെനിൻ, ബുർക്കിനോഫാസോ, നൈജീരിയ, നൈജർ, ഗാംബിയ, ഗിനികൊണോക്രി, ഐവറികോസ്റ്റ്, സെനിഗൽ, ടൻസാനിയ, കെനിയ, കോംഗോ കൻഷാസാ, ടോഗോ, യുഗാണ്ട, സാംബിയ, കാമറൂൺ, മൗറീഷ്യസ്, ബറൂണ്ടി ഇവയാണ് ആഫ്രിക്കൻ രാഷ്ട്രങ്ങൾ. യൂറോപ്പിൽ നിന്നുള്ള 18 രാഷ്ട്രങ്ങൾ, ജർമനി, യൂ.കെ, ഫ്രാൻസ്, അയർലണ്ട്, നോർവെ, സ്വീഡൻ, സ്വിറ്റ്സർലണ്ട്, സ്പെയിൻ, റഷ്യ, ബെൽജിയം, ഡെന്മാർക്ക്, ഫിൻലണ്ട്, ഹംഗറി, ഐസ്‌ലണ്ട്, മസിഡോണിയ,ക്രൊയേഷ്യ, ഇറ്റലി ഇവയാണ്. നോർത്ത് സൗത്ത് അമേരിക്കൻ ഭൂഖണ്ഡത്തിലുള്ള 15 രാഷ്ട്രങ്ങളിൽ നിന്നുള്ള പ്രതിനിധികളും പങ്കെടുത്തു. കനഡ, ഗ്വാട്ടിമാല, ഗിയാന, ഹേറ്റി, ഫ്രഞ്ച് ഗിയാന, ബെലീസ്,ബൊളീവിയ, ഇക്വഡോർ, ജമൈക്ക, പെറുഗ്വേ, ഉറുഗ്വേ, ഹ്യൂണ്ട്‌റസ്, ജൻന്റൈൻ, മെക്സിക്കോ തുടങ്ങിയ രാഷ്ട്രങ്ങളിൽ നിന്നുള്ളവരാണ് പങ്കെടുത്തത്. ഏഷ്യ ഭൂഖണ്ഡത്തിൽ നിന്നുള്ള രാഷ്ട്രങ്ങളിവയാണ്. ഇന്ത്യ, പാക്കിസ്താൻ, ബംഗ്ലാദേശ്, ഇന്തൊനേഷ്യ, മലേഷ്യ, കംബോഡിയ, ഫിലിപ്പൈൻസ്, സിംഗപ്പൂർ, ജപ്പാൻ, ശ്രീലങ്ക, ദുബൈ, അബൂദാബി തുടങ്ങി 12 രാഷ്ട്രങ്ങളിൽ നിന്നുള്ള പ്രതിനിധികൾ പങ്കെടുത്തു. കൂടാതെ, ആസ്ട്രേലിയ, ന്യൂസിലാന്റ്, മാർഷ്യൽ ഐലണ്ട്, മയ്ക്രോനേഷ്യ എന്നീ രാജ്യങ്ങളിൽ നിന്നും പ്രതിനിധികൾ പങ്കെടുത്തു.

5.30–നാണ് ഹുദൂർ ടെന്റിൽ എത്തിയത്. ആദരണീയ അമേരിക്കൻ മുബല്ലിഗ് അബ്ദുല്ലാ ഡബ്ബാ സാഹിബ് പ്രോഗ്രാമിന് ആരംഭം കുറിച്ച് തിലാവത്ത് ചെയ്തു. തുടർന്ന് ആദ്യമായി ഹുദൂർ അമീർ, മുബല്ലിഗുമാരിൽ നിന്ന് കഴിഞ്ഞ വർഷത്തെ മാർഗ്ഗനിർദ്ദേശങ്ങൾക്കനുസരിച്ച് എത്രമാത്രം പ്രവർത്തിച്ചുവെന്ന് വിശദമായി അന്വേഷിച്ചു. ഇതോടൊപ്പം കൂടുതൽ മാർഗ്ഗനിർദ്ദേശം നൽകിക്കൊണ്ടിരുന്നു. ആഫ്രിക്കയിൽ ബയ്അത്ത് ചെയ്തുവന്ന നവഅഹ്മദികളുടെ തർബിയ്യത്ത് തഅ്‌ലീം, അവരെ ജമാഅത്തി വ്യവസ്ഥയുമായി ബന്ധിപ്പിക്കൽ, സാമ്പത്തിക സംവിധാനവുമായി ബന്ധിപ്പിക്കൽ തുടങ്ങിയ വിഷയങ്ങളെപ്പറ്റി ക്രമാനുഗതമായി അന്വേഷിച്ചു കൊണ്ടിരുന്നു.

ഹുദൂർ ഘാന അമീർ സാഹിബിനോടായി പറഞ്ഞു: ഒരു Cediയോ 50 Pesewaയോ നൽകിയാണെങ്കിലും സാമ്പത്തിക ത്യാഗത്തിന്റെ ശീലം വളർത്താൻ ശ്രമിക്കേണ്ടതാണ്. പാവപ്പെട്ടവരുണ്ട് എന്നെനിക്കറിയാം. എന്നാൽ, പാവപ്പെട്ടവരും സാമ്പത്തിക ത്യാഗം സമർപ്പിക്കുന്നവരായി ഞാൻ കണ്ടിട്ടുണ്ട്. ഏതെങ്കിലും പരിപാടികളിലോ മറ്റോ മുബല്ലിഗുമാർ ചന്ദയെപ്പറ്റി പറയുമ്പോൾ അവർ നൽകുന്നുണ്ട്. തുടർച്ചയായോ അല്ലെങ്കിൽ മാസത്തിലൊരിക്കലോ അല്ലെങ്കിൽ വർഷത്തിലൊരിക്കലെങ്കിലോ ആണെങ്കിലും ശരി. വഖ്ഫെ ജദീദിലേക്കും തഹ്‌രീക്കെ ജദീദിലേക്കും ചന്ദ നൽകട്ടെ. അമീർ സാഹിബ് ബെനിനോട് ഹുദൂർ പറഞ്ഞു: എല്ലാവരേയും ചന്ദ സംവിധാനത്തിൽ ഉൾപ്പെടുത്തുക. അൽപ്പമാണെങ്കിലും ശരി. ചന്ദ ടാക്സ് അല്ല എന്ന് അവരെ ബോധ്യപ്പെടുത്തുക. ത്യാഗത്തിന്റെ ശീലം വളർത്തുക. പൈസയല്ല എന്റെ ലക്ഷ്യം. എണ്ണമാണ് ഞാൻ ലക്ഷ്യം വെക്കുന്നത്. ഒരു ഫ്രാങ്കാണെങ്കിലും ശരി അത് നൽകുക. സാമ്പത്തിക ത്യാഗം ചെയ്യണമെന്നുള്ള തിരിച്ചറിവ് അവരിൽ ഉണ്ടാക്കുക. ഒപ്പത്തിനൊപ്പം നവ അഹ്മദികളുടെ ശിക്ഷണ പരിപാടികളും ചെയ്തു കൊണ്ടിരിക്കുക.

ഹുദൂർ പറയുന്നു: എവിടെയെല്ലാം ബയ്അത്ത് നടക്കുന്നുണ്ടോ അവിടെയെല്ലാം അവരുടെ പിന്നാലെ കൂടേണ്ടതുണ്ട്. ബുർക്കിനോഫാസോ അമീറിനോട് ഹുദൂർ പറഞ്ഞു: നവഅഹ്മദികളെ സാമ്പത്തിക ത്യാഗത്തിന്റെ ഭാഗമാക്കുക; ഒരു ഫ്രാങ്കോ അതിൽ കുറവോ ആയാലും വേണ്ടില്ല ചന്ദ നൽകേണ്ടതാണ്. ഇങ്ങനെ ചെയ്താൽ സ്ഥിരമായി അവരുമായി ബന്ധങ്ങൾ ഉണ്ടാകുന്നതാണ്. സാമ്പത്തിക ത്യാഗശീലം വന്നു കഴിഞ്ഞാൽ ഇതും ദീനിന്റെ ഭാഗമാണെന്ന് അവർ മനസ്സിലാക്കും. ജനങ്ങളുടെ പങ്കാളിത്തം വർധിപ്പിക്കണം എന്ന് ചുരുക്കം.

ഉഗാണ്ട അമീർ സാഹിബിനോട് ഹുദൂർ പറഞ്ഞു: വഖ്ഫെ ജദീദ്, തഹ്‌രീക്കെ ജദീദ് ചന്ദകൾ എല്ലാവരും നല്കേണ്ടതാണ്; ഒരു ശില്ലിംഗായാലും വേണ്ടില്ല. അവരെ ഉൾപ്പെടുത്തേണ്ടതാണ്. അതിൽ ഒരു കുറവും വിചാരിക്കേണ്ടതില്ല. ഈ ചന്ദകളിൽ അവരെ ഉൾപ്പെടുത്തി ശീലം വളർത്തുക. വർഷത്തിലൊരിക്കലായാലും ശരി പ്രശ്നമൊന്നുമില്ല. ഇപ്രകാരം അവർക്ക് ജമാഅത്തുമായി ബന്ധം നിലനിൽക്കും.

സിയറാലിയോൺ അമീർ സാഹിബിനോട് ഹുദൂർ പറഞ്ഞു: നവഅഹ്മദികളെ ചന്ദ സംവിധാനത്തിൽ കൊണ്ടു വരാൻ താങ്കൾ എന്ത് ശ്രമങ്ങളാണ് ചെയ്യുന്നത്? മറ്റുള്ളവർക്കും പ്രയോജനപ്പെടാൻ നിങ്ങളുടെ പ്രവർത്തനം പറയുക?

സിയറാ ലിയോൺ അമീർ സാഹിബ് പറഞ്ഞു: "12 റീജ്യനുണ്ട്. ഓരോ റീജ്യനിലും ഇപ്രാവശ്യം മുമ്മൂന്ന് സെമിനാറുകൾ നടത്തി. ഏകദേശം 400 നവഅഹ്മദി ഇമാമുകൾക്ക് ട്രെയ്നിംഗ് കൊടുത്തു. മൂന്ന് മാസം കൂടുമ്പോൾ ഓരോ ക്ലാസ് സംഘടിപ്പിക്കും. ഇപ്പോൾ ഫീൽഡിൽ 12 മുബല്ലിഗുമാർ, 59 സർക്കിൾ മിഷണറിമാർ, 250 ലോക്കൽ മുഅല്ലിമീകൾ പ്രവർത്തിക്കുന്നുണ്ട്. 1200ഓളം ജമാഅത്തുകളുണ്ട്. എല്ലാവരും ചേർന്ന് പ്രവർത്തിക്കുന്നു. ജമാഅത്തുകൾ സന്ദർശിച്ചു കൊണ്ടിരിക്കുന്നതു കൊണ്ട് നവഅഹ്മദികളിൽ ചന്ദ നൽകുന്നവരുടെ എണ്ണം വർധിച്ചു കൊണ്ടിരിക്കുന്നു. മീറ്റിംഗ് വേളയിൽ ഹുദൂർ കേന്ദ്രീയ മുബല്ലിഗീംകൾ നിയോഗിക്കപ്പെട്ട സ്ഥലങ്ങളിൽ ലൈബ്രറികളുടെ സ്ഥാപനം, അതിനെ സ്ഥിരമായി അപ്ഡേറ്റ് ചെയ്യുന്നതുമായി

### ഹദീസുന്നബവി(സ)

**നബി(സ)തിരുമേനി പറഞ്ഞു: "ആരുടെയെങ്കിലും ദൗർബല്യം കാണുകയും അത് മറച്ചുവെക്കുകയും ചെയ്യുന്നത് ഏതെങ്കിലും പെൺകുട്ടിയെ ജീവനോടെ കുഴിച്ചുമൂടുന്നതിൽനിന്ന് പുറത്തെടുക്കുകയും അവൾക്ക് ജീവിതം നൽകുകയും ചെയ്തതുപോലെയാണ്. (സുനൻ അബീദാവൂദ്)**

**ത്വാലിബെ ദുആ:**
പരേതയായ ടി.കെ. റാബിയ സാഹിബയുടെ കുടുംബം
അഹ്മദിയ്യാ ജമാഅത്ത് കരുളായി(കേരള)

### ഹദീസുന്നബവി(സ)

**നബി(സ) പറഞ്ഞു: "നിങ്ങളുടെയടുക്കൽ ഏതെങ്കിലും ജനതയുടെ ആദരണീയവ്യക്തി വന്നാൽ അദ്ദേഹത്തെ ആദരിക്കുക." (സുനൻ ഇബ്നു മാജ)**

**ത്വാലിബെ ദുആ:**
അംഗങ്ങൾ, അഹ്മദിയ്യാ ജമാഅത്ത് ഐരാപുരം (കേരള)

ബന്ധപ്പെട്ട് ക്രമാനുഗതമായി ഓരോരാഷ്ട്രങ്ങ ളേയും വിശദമായി വിലയിരുത്തുകയും മാർഗ്ഗനി ർദേശങ്ങൾ നൽകുകയും ചെയ്തു.

ലൈബ്രറികൾ സ്ഥാപിതമായ സ്ഥലങ്ങളിൽ അതിനെ അപ്ഡേറ്റ് ചെയ്യാൻ ശ്രദ്ധിക്കുക. പല പു തിയ ഗ്രന്ഥങ്ങളും പ്രസിദ്ധീകരിച്ചിട്ടുണ്ട്. ലൈബ്രറി കൾക്കുവേണ്ടി അതും വരുത്തുക.

ഹുദൂർ പറയുന്നു: ഖാദിയാൻ അല്ലെങ്കിൽ യൂ.കെ യിൽ പ്രസിദ്ധീകരിക്കുന്ന ഗ്രന്ഥങ്ങൾക്കനുസരിച്ച് അപ്ഡേറ്റ് ചെയ്തുകൊണ്ടിരിക്കുക. ഇംഗ്ലീഷ്, അറബി സംസാരിക്കുന്നവർക്കായി അവരുടെ ഭാഷ യിലെ പുതിയ ഗ്രന്ഥങ്ങൾ കൂടെകൊണ്ടുപോകുക. തുടർന്ന് ഹുദൂർ ലൈബ്രറി സ്ഥാപനവുമായി ബ ന്ധപ്പെട്ടോ ഗ്രന്ഥങ്ങൾ വരുത്തുന്നതുമായി ബന്ധ പ്പെട്ടോ എന്തെങ്കിലും ബുദ്ധിമുട്ടുണ്ടെങ്കിൽ പറയാൻ പറഞ്ഞു. കേന്ദ്ര മുബല്ലിഗീംകളുള്ള സ്ഥലത്ത് ലൈ ബ്രറി നിർബന്ധമാണ്. അതുണ്ടെങ്കിലേ ഫലമെടു ക്കാൻ സാധിക്കുകയുള്ളൂ. വായനാശീലം അപ്പോ ഴാണുണ്ടാകുന്നത്. ഹദ്റത്ത് മസീഹ് മൗഊദ് (അ) ന്റെ നിലവിലുള്ള എല്ലാ ഗ്രന്ഥങ്ങളും അവിടെ വേ ണ്ടതാണ്. ഹുദൂർ പറയുന്നു: പ്രസിദ്ധീകൃതമാകുന്ന പുസ്തകങ്ങൾക്കനുസരിച്ച് സ്വന്തം ലിസ്റ്റ് അപ്ഡേറ്റ് ചെയ്യുക. ജാമിയായിൽ ഒരോ വാല്യത്തിന്റേയും നാ ല് സെറ്റ് ഉണ്ടായിരിക്കണം. നാല് സെറ്റിന്റേയും നന്നാല് കോപ്പികളും വേണ്ടതാണ്. ഈ കണക്ക നുസരിച്ച് വിലയിരുത്തുക. ഫള്ലെ ഉമർ ഫൗണ്ടേ ഷൻ, നളാറത്ത് ഇശാഅത്തിൽ അന്വേഷിക്കുക. ബറാഹീനെ അഹ്മദിയ്യ ഇംഗ്ലീഷ് പ്രതികളും വരു ത്തുക. അറബി ഭാഷയിലുള്ള തഫ്സീറേ കബീറും. അഡീഷണൽ വക്കീലുൽ ഇശാഅത്ത് ബറായെ തർസീലിനോട് ഹുദൂർ പറഞ്ഞു: രാഷ്ട്രങ്ങളു മായി ബന്ധപ്പെടേണ്ട ഡ്യൂട്ടി നിങ്ങളുടേതാണ്. എല്ലാ മിഷനും ലിസ്റ്റയക്കുക. പ്രാദേശിക ഭാഷക ളുടെ ലിസ്റ്റ് കൂടാതെ എല്ലാ ഭാഷയിലുമുള്ള ലിസ്റ്റ് വേണ്ടതാണ്. അൻവാറുൽ ഉലൂം ഇവിടെ പ്രസിദ്ധീ കരിക്കുന്നില്ല. ഖുത്ബാത്തെ മഹ്മൂദും ഇല്ല. ഇവ കൂടാതെയും ഖാദിയാനിൽ പ്രസിദ്ധീകൃതമാകുന്ന ഗ്രന്ഥങ്ങളുടെ ലിസ്റ്റ് അവരിൽ നിന്നും കൈപ്പറ്റി അയച്ചു കൊടുക്കുക. ഖാദിയാനിൽ നിന്ന് വന്നി ട്ടുള്ള പ്രതിനിധികളുമായി മീറ്റിംഗ് നടത്തി കിട്ടുന്ന വിവരങ്ങൾ എല്ലാ മിഷനുകൾക്കും അയച്ചു കൊടു ക്കുക. ലൈബ്രറികളിൽ ഉള്ളതും ഇല്ലാത്തതുമായ ഗ്രന്ഥങ്ങൾ ഏതൊക്കെയെന്ന് അന്വേഷിക്കുക. ലിസ്റ്റ് എല്ലാ മിഷനുകൾക്കും എത്തിക്കേണ്ടത് നിങ്ങളുടെ ഡ്യൂട്ടിയാണ്.പുറത്തുള്ള മിഷനുമായി ബന്ധപ്പെ ടേണ്ട ഡ്യൂട്ടി എന്തുകൊണ്ടും ഖാദിയാനിന്റേതല്ല. ഇ വിടെത്തെ വക്കാലത്തെ ഇശാഅത്തിന്റേതാണ്.

ജമാഅത്തായുള്ള നമസ്കാരത്തെപ്പറ്റി ഹുദൂർ പ റഞ്ഞു: ചന്ദ നൽകുന്നവരേക്കാൾ കൂടുതൽ പേ ർ ജമാഅത്ത് നമസ്കാരത്തിൽ പങ്കെടുക്കുന്നവരാ യിരിക്കണം. നമസ്കാരസെന്ററിനെ കുറിച്ച് പൊതു വായ നിർദ്ദേശം ഹുദൂർ നൽകി. അഹ്മദികളുടെ വീടുകൾ അടുത്തുള്ള പ്രദേശങ്ങളിൽ ഏതെങ്കിലും വീട്ടിൽ ഒത്തുകൂടി ജമാഅത്തായി നിർവ്വഹിക്കുക. എല്ലാ രാഷ്ട്രങ്ങളിലും എല്ലാ മിഷനിലും മസ്ജി ദുകളിൽ എത്താൻ സാധിക്കുന്നവർ മസ്ജിദിൽ വരാനും വീടുകളിൽ നിർവ്വഹിക്കുന്നവർക്ക് വീടു കളിൽ ഒത്തുകൂടാനും മിഷണറിമാർ പ്രത്യേകം ശ്രദ്ധിക്കുക. ഇത് വളരെ അനിവാര്യമാണ്.

വിവിധ രാഷ്ട്രങ്ങളിൽ വിതരണം ചെയ്യപ്പെട്ട ലീഫ്ലെറ്റുകളെ കുറിച്ചും വിശദമായ അവലോകനം ഹുദൂർ നടത്തി. അല്ലാഹുവിന്റെ അനുഗ്രഹത്താൽ വിവിധ ലോകരാജ്യങ്ങളിൽ ലക്ഷക്കണക്കിന് ലീഫ്ലെറ്റുകൾ അഹ്മദിയ്യാ ജമാഅത്തിനെ പരി ചയപ്പെടുത്തിക്കൊണ്ട് വിതരണം ചെയ്യപ്പെട്ടു.സ്വീ ഡൻ മിഷണറി റിപ്പോർട്ടു സമർപ്പിച്ചു കൊണ്ട് പ റഞ്ഞു: ഈ വർഷം ലീഫ്ലെറ്റ് പ്രസിദ്ധീകരിക്കാൻ കാലതാമസ്സം വന്നതുകൊണ്ട് കൂടുതൽ എണ്ണം വിതരണം ചെയ്യാൻ സാധിച്ചില്ല. അപ്പോൾ ഹുദൂർ പറഞ്ഞു: നിരന്തരം ഓർമിപ്പിച്ചുക്കൊണ്ടിരിക്കുക.

മെക്സിക്കോ, ഗ്വാട്ടിമാല രാജ്യങ്ങളിൽ വിതരണം ചെയ്യപ്പെട്ട ലീഫ്ലെറ്റുകളെ സംബന്ധിച്ച് അവി ടെത്തെ മിഷണറിമാരോട് ഹുദൂർ അന്വേഷിച്ചു.

ലീഫ്ലെറ്റ് വിതരണത്തിലൂടെ ജമാഅത്തിന്റെ പ്ര ചാരണം നല്ല രൂപത്തിൽ നടന്നോ ഇല്ലേ? ജനങ്ങൾ വ്യക്തിഗതമായി താൽപ്പര്യം എടുക്കുന്നുണ്ടോ? മി ഷണറിമാർ പറഞ്ഞു: ലീഫ്ലെറ്റ് വിതരണത്തിന് ശേഷം ജനങ്ങൾ വളരെയധികം താൽപ്പര്യം എടു ക്കുന്നുണ്ട്. പുതിയ ബന്ധങ്ങളും നമുക്ക് ഉണ്ടായി ട്ടുണ്ട്.

വഖ്ഫെ നൗ വിഭാഗത്തെ കുറിച്ചും ഹുദൂർ വിശ ദമായി അവലോകനം നടത്തി. മാർഗ്ഗനിർദേശം ന ൽകി. എല്ലാ രാജ്യങ്ങളിൽ നിന്നും വഖ്ഫെ നൗ കുട്ടികൾ ജാമിയായിൽ പോകണമെന്ന് ഞാൻ പ റഞ്ഞിരുന്നു. ആഫ്രിക്കക്കാർ അവരുടെ ജാമിയാ യിലും അതേപോലെ കനഡയിലും പോകാവുന്ന താണ്. ഓരോ രാജ്യത്തിലുമുള്ള വാഖിഫീനെ നൗ കുട്ടികളെപ്പറ്റി ഒരു ടാർഗറ്റ് ഉണ്ടാക്കുക. ഒരു ശത മാനം കുട്ടികളെ ജാമിയായിലേക്കയക്കുക. മുറബ്ബി മാരുടെ വളരെയധികം ആവശ്യമുണ്ട്. അതിതുവ രേയും പൂർത്തിയാകുന്നില്ല. ചെറിയ രാജ്യങ്ങളിൽ ഈ ടാർഗറ്റ് 5% വരെ ചുരുങ്ങിയത് ആക്കേണ്ടത്. ഇൻചാർജ്ജ് മർക്കസ് വഖ്ഫെ നൗ ലണ്ടന് നിർദ്ദേശം നൽകിക്കൊണ്ട് ഹുദൂർ പറഞ്ഞു: എന്നിൽ നിന്ന് ഓരോ രാജ്യത്തിന്റേയും പ്രത്യേകം പ്രത്യേകം ടാർ ഗറ്റ് വാങ്ങിക്കുക.

ഗ്രന്ഥങ്ങളുടെ പ്രസിദ്ധീകരണസംബന്ധമായി ഹു ദൂർ മാർഗ്ഗനിർദേശം നൽകി. അഞ്ച് വാല്യമുള്ള ഖുർ ആൻ വ്യാഖ്യാന ഗ്രന്ഥം എത്രയും പെട്ടെന്ന് പ്ര സിദ്ധീകരിക്കുക.

'ആഗോള പ്രതിസന്ധി–സമാധാനത്തിലേക്കുള്ള പാ ത' എന്നതിന്റെ പുതിയ എഡിഷൻ വിവിധ ഭാഷക ളിൽ തർജമ ചെയ്യുന്നതുമായി ബന്ധപ്പെട്ടു ഹുദൂർ നിർദ്ദേശം നൽകി.

ഇറ്റാലിയൻ ഭാഷയിലും എത്രയും പെട്ടെന്ന് തർജമ പൂർത്തിയാക്കുക. ഇംഗ്ലീഷ് ഭാഷ സംസാ രിക്കുന്ന രാജ്യങ്ങളിൽ പ്രാദേശിക ഭാഷയിലും ഇതിന്റെ തർജമ ചെയ്യപ്പെടേണ്ടതു അനിവാര്യമാ ണ്. ജനങ്ങൾ ഇംഗ്ലീഷിൽതന്നെയും വായിക്കാറു ണ്ട്. ഫാന്റി ഭാഷയിൽ ആവശ്യമില്ല. ഫിൻലാന്റിലും ജനങ്ങൾ 95% പേരും ഇംഗ്ലീഷ് അറിയുന്നവരാണ്. ഫിനീഷ് ഭാഷയിലും ആവശ്യമില്ല. ടി ഭാഷയിലും തർജമയുടെ ആവശ്യമില്ല. ബാക്കി എല്ലാവരേയും ഓർമിപ്പിക്കുക. ഇവിടെ വന്നിട്ടുള്ള പ്രതിനിധികൾ അവരുടെ അമീർമാരെ അറിയിച്ച് രണ്ടാഴ്ചക്കുള്ളിൽ റിപ്പോർട്ടയക്കുക.

അഡീഷണൽ വക്കീലുൽ ഇശാഅത്തിന് ഹുദൂർ നിർദേശം നൽകി: ഇന്ത്യയിലും പാക്കിസ്താനിലും പ്രിന്റ് ചെയ്യാൻ സാധിക്കാത്ത ഗ്രന്ഥങ്ങളുടെ ലിസ്റ്റ് വരുത്തിക്കുക. അവ ഇവിടെ നിന്നും പ്രിന്റ് ചെയ്യു ക.

ഗ്രന്ഥ വിൽപ്പനയെ കുറിച്ചും ഹുദൂർ ചില മാർഗ്ഗനി ർദേശങ്ങൾ നൽകി. ജമാഅത്തുകൾ വാങ്ങിക്കുന്ന ഗ്രന്ഥങ്ങൾ ഒന്നുകിൽ വിൽക്കുന്നു അല്ലെങ്കിൽ ശേ ഖരിച്ചു വെക്കുന്നു. ലൈബ്രറികളെ കൂടാതെയും നിങ്ങൾക്ക് റിപ്പോർട്ട് വരേണ്ടതുണ്ട്. ജനങ്ങളിൽ ഗ്രന്ഥങ്ങൾ വാങ്ങിക്കുന്ന ശീലം വളർത്തേണ്ടതുണ്ട്. ഇപ്പോൾ ജനങ്ങൾ കൂടുതലും ഫോണിലൂടെയാണ് വായിക്കുന്നത്. ഗ്രന്ഥം വാങ്ങി വായിക്കുന്നേയില്ല.

തബ്ലീഗ് സംബന്ധമായി ഹുദൂർ ഒരു പൊതുനി ർദേശം നൽകി: ഓരോ രാഷ്ട്രവും അവരവരുടെ അവസ്ഥ നിരീക്ഷിച്ച് തബ്ലീഗിന് വിവിധ വഴി കൾ ഉപയോഗിക്കേണ്ടതാണ്. ഈ മീറ്റിംഗ് 8–15–ന് അവസാനിച്ചു. ഒടുവിൽ ഹുദൂർ ദുആക്ക് നേതൃത്വം നൽകി. ദുആക്ക് ശേഷം എല്ലാവർക്കും ഹുദൂറിനൊ ത്ത് ഫോട്ടോ എടുക്കാനും ഭാഗ്യം കിട്ടി. അതിനു വേണ്ടി വിവിധ ഗ്രൂപ്പുകളുണ്ടാക്കി. 1. ഇന്ത്യയിൽ നി ന്നുള്ള പ്രതിനിധികൾ 2. റബ്വ തഹ്രീക്കെ ജദീദ്, പാക്കിസ്താൻ ഖുദ്ദാമുൽ അഹ്മദിയ്യാ 3.റബ്വ സ്വദ്ർ അഞ്ചുമൻ അഹ്മദിയ്യാ പ്രതിനിധികൾ, വഖ്ഫെ ജദീദ് പ്രതിനിധികൾ. 4.ആഫ്രിക്കൻ ഫ്രഞ്ച് രാഷ്ട്രങ്ങളിൽ നിന്നുള്ള മിഷണറിമാർ (മൗറീഷ്യ സ്, കോംഗോ കൻഷാസാ, ബുർക്കിനോഫാസോ, ബുറുൻഡി, ഗിനികൊണാക്രി, ബെനിൻ, നൈജീരിയ, ഐവറികോസ്റ്റ്, ടോഗോ, സെനിഗൽ,കാമറൂൺ,)5. ഇതര ആഫ്രിക്കൻ രാഷ്ട്രങ്ങൾ:(ഘാന, ടൻസാനിയ, യുഗാണ്ട, സിയറാലിയോൺ, നൈജീരിയ, ഗാംബി യ, സിംബാബ്വെ). 6.ജർമൻ മിഷണറിമാർ 7. ബ്രി ട്ടൻ മിഷണറിമാർ. 8.ജർമനിയേതര യൂറോപ്യൻ രാഷ്ട്രങ്ങളിൽ നിന്നുള്ള മുബല്ലിഗീംകൾ, 9. അമേ രിക്കൻ മുബല്ലിഗീംകൾ,(ആസ്ട്രേലിയ, മെക്സി ക്കോ,ഗ്വാട്ടിമാല, മാർഷൽ ഐലന്റ്, ന്യൂസിലന്റ്, മൈക്രൊനേഷ്യ, 10. കനഡ മിഷണനറിമാർ. (ബെ ലീസ്, ഇക്വഡോർ)11.ഏഷ്യൻ രാജ്യങ്ങൾ(ഹെയ്റ്റി, ഗ്വട്ടിമാല, ഗയാന, ഫ്രഞ്ച്ഗയാന, പാക്കിസ്താൻ, ഇന്ത്യ ഒഴികെ). ജപ്പാൻ, കംബോഡിയ, ഇന്തൊനേ ഷ്യ, മലേഷ്യ, ബംഗ്ലാദേശ്, സിംഗപ്പൂർ എന്നീ രാജ്യ ങ്ങളിൽ നിന്നുള്ള മുബല്ലിഗീംകൾ,12.കേന്ദ്ര ഓഫീസ് (വക്കാലത്ത് തബ്ശീർ, വക്കാലത്ത് മാൽ, പ്രൈ വറ്റ് സെക്രട്ടറി ഓഫീസ്, വക്കാലത്ത് തഅ്മീൽ വ തൻഫീദ്, വക്കാലത്ത് ഇശാഅത്ത്, വക്കാലത്ത് തസ്നീഫ്) സേവനം ചെയ്യുന്ന മുബല്ലിഗീംകൾ 13. കേന്ദ്ര ഡെസ്ക് മുബല്ലിഗീംകൾ(റഷ്യ, അറബി, ബം ഗ്ല, ചൈനീസ്, തുർക്കി) 14. ആർക്കീവ്, എം.ടി.എ, റിവ്യൂ ഓഫ് റിലീജ്യൻസ്, വഖ്ഫെ നൗ, റഖീം പ്ര സ്, പ്രസ് ആൻഡ് മീഡിയ, 15. ഖുദ്ദാമുൽ അഹ്മ ദിയ്യായിൽ സേവനം ചെയ്തു വരുന്ന മുബല്ലിഗീം കൾ.16.യുകെ ജാമിഅ ഉസ്താദുമാർ, 17. 2017 വർഷം ശാഹിദ് ഡിഗ്രി നേടിയ കനഡ ജാമിയ വിദ്യാർഥി കൾ,18. യൂകെ ജാമിആയിലെ 2017 വർഷം ശാഹിദ് ഡിഗ്രി നേടിയ വിദ്യാർഥികൾ. 19. 1981–മുതൽ റബ് വ ജാമിഅയിൽ നിന്നും ബിരുദം നേടിയ മുബല്ലി ഗീംകൾ. ഇവർ ഈ വർഷം ജൽസയിൽ വിവിധ സ്ഥലങ്ങളിൽ നിന്നും ഒത്തുകൂടിയതുകൊണ്ട് ഹുദൂ റുമൊത്ത് ഫോട്ടോ എടുക്കണമെന്ന് അപേക്ഷിച്ചിരു ന്നു. ഹുദൂർ അതിന് അനുകമ്പയോടെ അനുവാദം നൽകിയതാണ്.

അതിനുശേഷം ഹുദൂർ ഓഫീസിലേക്ക് പോയി. മസ്ജിദ് ബയ്ത്തുൽ ഫള്ലിൽ മഗ്രിബ് ഇശാ നമ സ്കാരം 9മണിക്ക് ഹുദൂർ ജംആക്കി നമസ്കരിപ്പിച്ചു. മീറ്റിംഗിൽ പങ്കെടുത്ത എല്ലാവർക്കും രാത്രിവിരു ന്നും ഒരുക്കിയിരുന്നു. ഹുദൂറും ഇതിൽ പങ്കെടുത്തു. 10 മണിക്ക് ഈ പരിപാടി അവസാനിച്ചു. ഹുദൂർ താമസസ്ഥലത്തേക്ക് മടങ്ങി.(തുടരും)

(2018 ജനുവരി 4–11 ബദർ പത്രത്തിൽ നിന്നും)




## കലാമുൽ ഇമാം:–

**"ദുഃഖമുണ്ടാകുമ്പോഴും വിപത്ത് വരുമ്പോഴും ക്ഷണത്തിൽ നമസ്കാരത്തിന് നിൽക്കുക എന്ന കുറിപ്പടി എപ്പോഴും ഓർത്തു കൊള്ളുകയും അതിൽനിന്ന് ഫലമെടുക്കുകയും ചെയ്തുകൊള്ളുക."**

**(മൽഫൂദാത്ത്, വാല്യം 5, പേജ് 96).**

## താലിബെ ദുആ:

**റഹ്മാൻ ശക്കീറും കുടുബവും അഹ്മദിയ്യാ ജമാഅത്ത്, കരുളായി (കേരള)**

## കലാമുൽ ഇമാം:–

**"ആരെയാണോ ഏതെങ്കിലും കച്ചവടമോ ക്രയവിക്രയമോ അല്ലാഹുവിനെ സ്മരിക്കുന്നതിൽനിന്ന് തടയാത്തത് അവരായിരിക്കണം നിങ്ങളുടെ മാതൃകയായിട്ടുള്ളവർ എന്ന് അല്ലാഹു പറയുന്നു."**

**(മൽഫൂദാത്ത്, വാല്യം 5, പേജ് 104)**

## താലിബെ ദുആ:

**പരേതനായ അബ്ദുർറഹ്മാൻ തങ്ങൾ സാഹിബിന്റെ കുടുംബം അഹ്മദിയ്യാ ജമാഅത്ത് ചാവക്കാട് (കേരള)**

EDITOR
H.Shamsuddin

Sub Editor : Mohammad Ismaeel
Mobile : 91 9446656123
e-mail : badarkerla@gmail.com

REGISTERED WITH THE REGISTRAR OF THE NEWSPAPER FOR INDIA AT NO PUNMAL/2016/70551

ബദ്ർ വീക്കിലി ഖാദിയാൻ The Weekly **BADAR** Qadian

Distt. Gurdaspur (Pb.) INDIA Qadian - 143516

POSTAL REG NO GDP- 44/2017-2019 Vol-3 Thursday 31 May 2018 Issue-22

MANAGER
NAWAB AHMAD
Tel : 91 1872224757
Mobile: 91 9417020616
e-mail : managerbadrqnd@gmail.com
website : www.alislam.org/badr

**ANNUAL SUBSCRIPTION** : Rs. 500/- (Per Issue : Rs. 9/-) (**WEIGHT** - 20-50 gms/issue)

# അനുഗൃഹീത റമളാനുമായി തഹ്‌രീക്കെ ജദീദിന് അഗാധമായ ബന്ധം

തഹ്‌രീക്കെ ജദീദിന്റെ സ്ഥാപകനായ ഹദ്‌റത്ത് മിർസാ ബശീറുദ്ദീൻ മഹ്‌മൂദ് അഹ്‌മദ് ഖലീഫത്തുൽ മസീഹ് ഥാനി (റ) പറയുന്നു:

"നിങ്ങൾ റമളാനിൽനിന്ന് ഫലമെടുക്കാനാഗ്രഹിക്കുന്നെങ്കിൽ തഹ്‌രീക്കെ ജദീദ് അനുസരിച്ച് പ്രവർത്തിക്കുക. തഹ്‌രീക്കെ ജദീദിന് ഗുണം ചെയ്യാനാഗ്രഹിക്കുന്നെങ്കിൽ നോമ്പുകളിൽനിന്ന് ശരിയായ ഫലങ്ങളെടുക്കുക. ലളിതമായി ജീവിക്കുക. തങ്ങളെ സ്വയം അധ്വാനത്തിന്റേയും പ്രയാസത്തിന്റേയും ത്യാഗത്തിന്റേയും ശീലമുള്ളവരാക്കുക. ഇതാണ് തഹ്‌രീക്കെ ജദീദ്. ഈ പാഠം നിങ്ങളെ പഠിപ്പിക്കാനാണ് റമളാൻ വരുന്നത്. ഏതൊരു ഉദ്ദേശ്യത്തിനുവേണ്ടിയാണോ റമളാൻ വന്നിട്ടുള്ളത് ആ ഉദ്ദേശ്യം കരസ്ഥമാക്കാൻ പരിശ്രമിക്കുക......... തഹ്‌രീക്കെ ജദീദിന്റെ റമളാനാകാനും റമളാൻ തഹ്‌രീക്കെ ജദീദിന്റേതാകാനും ഓരോ വ്യക്തിയും കഠിനമായി ശ്രമിക്കേണ്ടതാണ്. റമളാൻ നമ്മുടെ ശരീരേച്ഛയെ കൊന്നിടുന്നതാകണം. തഹ്‌രീക്കെ ജദീദ് നമ്മുടെ ആത്മാവിന് നവോന്മേഷം പകരുന്നതാകണം. റമളാനിൽനിന്ന് ഫലമെടുക്കുക എന്നു ഞാൻ പറയുമ്പോൾ, യഥാർഥത്തിൽ ഞാൻ നിങ്ങൾക്കു മനസ്സിലാക്കിത്തരുന്നത്, നിങ്ങൾ തഹ്‌രീക്കെ ജദീദിന്റെ ഉദ്ദേശ്യലക്ഷ്യങ്ങളെ റമളാനിന്റെ വെളിച്ചത്തിൽ മനസ്സിലാക്കുക എന്നാണ്. തഹ്‌രീക്കെ ജദീദിലേക്ക് ശ്രദ്ധിക്കുക എന്നു ഞാൻ പറയുമ്പോൾ മറ്റു വാക്കുകളിൽ ഞാൻ നിങ്ങളോട് പറയുന്നത്, നിങ്ങൾ എല്ലാ അവസ്ഥയിലും റമളാനിന്റെ സ്വഭാവം നിങ്ങളുടെമേൽ നടപ്പിൽ വരുത്തുക എന്നാണ്. ശരിയായ ത്യാഗത്തിന്റേയും നിരന്തരമായ ആത്മസമർപണത്തിന്റേയും ശീലമുണ്ടാക്കുക എന്നാണ്. ഏതൊരു റമളാനാണോ സത്യമായ ആത്മസമർപണം കൂടാതെ കടന്നു പോകുന്നത്, അത് റമളാനല്ല. ആത്മാവിന്റെ നവോന്മേഷം കൂടാതെ കടന്നു പോകുന്ന തഹ്‌രീക്കെ ജദീദും, തഹ്‌രീക്കെ ജദീദല്ല."

(ജുമുഅ ഖുത്‌ബ 1938 നവംബർ)

ഇതിനോടനുബന്ധിച്ച് 1938 നവംബർ 11ന് ചെയ്ത ഖുത്‌ബ ജുമുഅയുടെ അവസാനം ഖലീഫത്തുൽ മസീഹ് ഥാനി (റ) ജമാഅത്തിനോട് തഹ്‌രീക്കെ ജദീദിന് ചന്ദ കൊടുക്കുന്നവർക്കു വേണ്ടി പ്രത്യേകം ദുആ ചെയ്യാൻ പറയുകയുണ്ടായി. പറഞ്ഞു:

"റമളാനിന്റെ അവസാനത്തെ പത്ത് വരാൻ പോകുകയാണ്. ഇതിനെ തഹ്‌രീക്കെ ജദീദിന് വേണ്ടി മുമ്പേ ചെയ്ത ത്യാഗങ്ങൾക്ക് നന്ദിയും ഭാവിയിൽ ശക്തി കരസ്ഥമാക്കുന്നതിനും വേണ്ടി ചെലവഴിക്കുക. ആർക്കാണോ കഴിഞ്ഞ വർഷങ്ങളിൽ ത്യാഗം ചെയ്യാൻ ഭാഗ്യം കിട്ടിയത്, അവർ അതിനു അല്ലാഹുവിനോട് നന്ദി കാണിക്കുക. ദുആ ചെയ്യുന്ന ഓരോരുത്തരും അല്ലാഹുവിനോട് എല്ലാ ത്യാഗത്തിനുവേണ്ടിയും ദുആ ചെയ്യുക; അവർ ദീനിന്റെ ശക്തിക്കും ജമാഅത്തിന്റെ പ്രബലതയ്ക്കുംവേണ്ടി ചെയ്ത ത്യാഗത്തിന്റെ ഫലമായി അല്ലാഹു അവരിൽ തന്റെ കൃപാദാനവും കാരുണ്യവും ഇറക്കുന്നതിനും ഏതൊരു സ്നേഹത്തോടും ആത്മാർഥതയോടും കൂടി അവർ അല്ലാഹുവിന്റെ വഴിയിൽ ത്യാഗം ചെയ്തുവോ അതനുസരിച്ച് അല്ലാഹു തന്റെ സ്നേഹവും അനുഗ്രഹങ്ങളും അവരിൽ ഇറക്കുന്നതിനുംവേണ്ടിത്തന്നെ! ആമീൻ.

(അൽഫള്ൽ 1938 നവംബർ 15 പേജ്: 4)

1938 നവംബർ 29 ന് ഖാദിയാനിൽ നിന്ന് പുറപ്പെടുന്ന അൽഫള്ൽ ദിനപത്രത്തിൽ വന്ന വിളംബരം അനുസരിച്ച് തഹ്‌രീക്കെ ജദീദിന്റെ തുടക്കം മുതൽതന്നെ ജമാഅത്തിലെ ആത്മാർഥരായ അംഗങ്ങൾ റമളാൻ മാസം പകുതിയാകുന്നതോടെ തങ്ങളുടെ തഹ്‌രീക്ക് ജദീദ് ചന്ദയുടെ വാഗ്ദാനങ്ങൾ നൂറുശതമാനവും അടച്ചു തീർത്ത് അല്ലാഹുവിന്റെ കൃപാദാനങ്ങളും അനുഗ്രഹങ്ങളും ആകർഷിച്ചെടുക്കാൻ പരിശ്രമിച്ചുവരുന്നു. ഇപ്പോൾ നമ്മൾ അല്ലാഹു നല്കിയിട്ടുള്ള കഴിവനുസരിച്ച് ഒരിക്കൽ വീണ്ടും അതിരറ്റ ദൈവിക കാരുണ്യങ്ങളും അനുഗ്രഹങ്ങളും വഹിക്കുന്ന ഈ പരിശുദ്ധ മാസത്തിൽ ചുവടുവെക്കാൻ പോകുകയാണ്. തഹ്‌രീക്കെ ജദീദിന്റെ സഹായികളോടു അപേക്ഷിക്കുകയാണ്. അവർ തങ്ങളുടെ ശോഭനീയമായ ജമാഅത്തീപാരമ്പര്യങ്ങളെ നിലനിറുത്തിക്കൊണ്ട് റമളാൻ 20 ന് അതായത് ജൂൺ 5 നുള്ളിൽ തങ്ങളുടെ കർത്തവ്യങ്ങൾ പൂർണമായും നിറവേറ്റി ഖലീഫത്തുൽ മസീഹ് അയ്യദഹുല്ലായുടെ സ്വീകാര്യമായ ദുആകളിൽ നിന്ന് കൂടുതൽ ഭാഗം കരസ്ഥമാക്കാനുള്ള ഭാഗ്യം നേടുക. അല്ലാഹു നമുക്കെല്ലാവർക്കും അതിന് തൗഫീഖ് നല്കുമാറാകട്ടെ. ആമീൻ.

ജില്ല അമീർമാരോടും തദ്ദേശ അമീർമാരോടും സ്വദ്ർമാരോടും തഹ്‌രീക്കെ ജദീദ് സെക്രട്ടറിമാരോടും മുബല്ലിഗ് ഇൻചാർജ് സാഹിബുമാരോടും അപേക്ഷിക്കുകയാണ്, ദയവു ചെയ്ത് അവരവരുടെ ജമാഅത്തിലെ നൂറു ശതമാനം ചന്ദ അടച്ചവരുടെ ലിസ്റ്റുകൾ റമളാൻ 20 ന് അതായത് ജൂൺ 5നുള്ളിൽ പോസ്റ്റു മുഖേന ഖാദിയാൻ വക്കാലത്തുൽ മാൽ തഹ്‌രീക്കെ ജദീദിന് അയച്ചുതരിക. എല്ലാ ജമാഅത്തുകളുടേയും ഒന്നിച്ചുള്ള ലിസ്റ്റ് റമളാൻ 29ന് നടക്കുന്ന ഇജ്തിമാഇ ദുആയിൽ സയ്യിദുനാ ഹുദൂർ അൻവർ അയ്യദഹുല്ലായുടെ തിരുസന്നിധിയിൽ സമർപ്പിക്കുന്നതിനുവേണ്ടി. ജസാക്കുമുല്ലാഹു ഖയ്റാ.

**(വക്കീലുൽ മാൽ തഹ്‌രീക്കെ ജദീദ് ഖാദിയാൻ)**

# മരണം വന്നെത്തുമ്പോൾ!

"ഓരോ സത്യവിശ്വാസിയും മരിക്കുമ്പോൾ അവന്റെ ആത്മാവ് അല്ലാഹുവിലേക്ക് ഉയർത്തപ്പെടുന്നുവെന്നും അവനെ സ്വർഗത്തിൽ പ്രവേശിപ്പിക്കുന്നുവെന്നും വിശുദ്ധ ഖുർആനിൽ വ്യക്തമായും എഴുതപ്പെട്ടിരിക്കുന്നു. അല്ലാഹു പറയുന്നു, *യാ അയ്യത്തുഹന്നഫ്‌സുൽ മുത്‌മയിന്ന ഇർജിഈ ഇലാ റബ്ബിക്കി റാളിയത്തൻമ്മർളിയ്യ ഫദ്ഖുലീ ഫീ ഇബാദീ വദ്ഖുലീ ജന്നത്തീ* അല്ലയോ ശാന്തി പ്രാപിച്ച ആത്മാവേ! നിന്റെ രക്ഷിതാവിങ്കലേക്ക് നടന്നു വരിക. നീ അവനിൽ സംതൃപ്തനായും അവൻ നിന്നിൽ സംതൃപ്തനായുംകൊണ്ട്. അങ്ങനെ എന്റെ ദാസന്മാരിൽ പ്രവേശിക്കുകയും എന്റെ സ്വർഗത്തിനുള്ളിൽ വരികയും ചെയ്യുക.

തഫ്സീർ മആലിമിന്റെ കർത്താവ് തന്റെ ഗ്രന്ഥത്തിന്റെ 975–ാം പേജിൽ എഴുതുന്നു: അബ്ദുല്ലാഹിബ്നു ഉമർ(റ) നിവേദനം. മുഅ്മിനായ ദാസന് മരണം ആസന്നമാകുമ്പോൾ അവന്റെ അടുത്തേക്ക് അല്ലാഹു രണ്ടു മലക്കുകളെ അയക്കുന്നു. അവരുടെ കൈയിൽ സ്വർഗത്തിലെ കുറച്ചു സമ്മാനങ്ങളും കൊടുത്തയക്കുന്നു. ആ മലക്കുകൾ വന്ന് അവന്റെ ആത്മാവിനോട് പറയും: ശാന്തി പ്രാപിച്ച ആത്മാവേ! നീ വിശ്രമ സ്ഥലത്തേക്കും സ്വർഗത്തിലേക്കും നിന്നെ ഇഷ്ടപ്പെട്ട നിന്റെ രക്ഷിതാവിലേക്കും പുറപ്പെട്ടു വരിക. അപ്പോൾ ആ ആത്മാവ്, മൂക്കിലെത്തി മസ്തിഷ്ക്കത്തെ സുഗന്ധിതമാക്കുകയും അതിമൃദുലവും സന്തോഷം ജനിപ്പിക്കുന്നതുമായ കസ്തൂരിയുടെ സുഗന്ധംപോലെ പുറപ്പെട്ട് വെളിയിൽ വരികയും ചെയ്യുന്നു. സ്വർഗത്തിന്റെ അതിരുകളിൽനിന്ന് മലക്കുകൾ പറയും, ഒരു ആത്മാവ് നടന്നു വരുന്നുണ്ട്. അത് വളരെ പരിശുദ്ധവും സുഗന്ധമുള്ളതുമാണ്. അപ്പോൾ ആ ആത്മാവിനുവേണ്ടി ആകാശത്ത് തുറക്കപ്പെടാത്ത ഒരു വാതിലുമുണ്ടാകുകയില്ല. ആ ആത്മാവിനുവേണ്ടി ദുആ ചെയ്യാത്ത ആകാശത്തിലെ ഒരു മലക്കും ഉണ്ടാകുകയില്ല. അങ്ങനെ ആ മലക്ക് അല്ലാഹുവിന്റെ അർശിന്റെ കാലുകളോളം എത്തുന്നതാണ്. അപ്പോൾ അല്ലാഹുവിന് സജ്ദ് ചെയ്യും. പിന്നീടു, മറ്റു ആത്മാക്കൾ താമസിക്കുന്ന സ്ഥലത്ത് ഇതിനേയും കൊണ്ടുപോകുക എന്ന് മീക്കായിലിനോടു കല്പിക്കും.

വിശുദ്ധഖുർആനിലെ ഈ വചനത്തിൽനിന്നും ഹദ്‌റത്ത് അബ്ദുല്ലാഹിബ്നു ഉമറിന്റെ നിവേദനത്തിൽനിന്നും നല്ലവണ്ണം സ്ഥാപിതമാകുന്നത് മരിച്ചതിനുശേഷം ക്ഷണത്തിൽ മുഅ്മിന്റെ ആത്മാവിനെ ആകാശത്തിലെത്തിക്കുന്നുവെന്നാണ്."

**(തഫ്സീർ ഹദ്‌റത്ത് മസീഹ് മൗഊദ്(അ) വാള്യം 3, പേജ് 359)**

## ഇഅ്തികാഫ്

"ഇഅ്തികാഫിൽ എങ്ങോട്ടും നടക്കാതെ ഉള്ളിൽതന്നെ ഇരിക്കണമെന്ന് നിർബന്ധമില്ല. പള്ളിയുടെ മുകളിൽ വെയിലുണ്ടാകും അവിടെപ്പോയി ഇരിക്കാവുന്നതാണ്. ഇവിടെ താഴെ തണുപ്പ് കൂടുതലാണ്. ഒഴിച്ചുകൂടാനാവാത്ത കാര്യങ്ങൾ സംസാരിക്കുകയും ചെയ്യാം. പാലിക്കേണ്ടുന്ന കാര്യങ്ങൾ എപ്പോഴും ശ്രദ്ധയിലുണ്ടാവണം. സത്യവിശ്വാസിയുടെ എല്ലാ കാര്യങ്ങളും ഇബാദത്തു തന്നെയാണ്."(മൽഫൂദാത്ത് വാള്യം 4 പേജ് 288)

✍ **ഇഅ്തികാഫിൽ ഭൗതിക ഇടപാടുകളെക്കുറിച്ചു സംസാരിക്കാമോ?**

ഒഴിച്ചു കൂടാനാവാത്തതാണെങ്കിൽ സംസരിക്കാവുന്നതാണ്. രോഗിയെ കാണുന്നതിനും നിർബന്ധ കാര്യത്തിനുംവേണ്ടി വെളിയിലിറങ്ങാവുന്നതാണ്.(മൽഫൂദാത്ത് വാള്യം 9 പേജ് 196)

## നൂറുൽ ഇസ്‌ലാംവകുപ്പിന്റെ പ്രവർത്തന സമയം:

രാവിലെ 9 മണിമുതൽ രാത്രി 11 മണിവരെ.
വെള്ളിയാഴ്ച ദിവസം അവധിയായിരിക്കും.

**1800 3010 2131**

ഈ ടോൾഫ്രീ നമ്പറിൽ വിളിച്ച് താങ്കൾക്ക് അഹ്‌മദിയ്യ ജമാഅത്തിനെ ക്കുറിച്ച് കാര്യങ്ങൾ മനസ്സിലാക്കാവുന്നതാണ്.

Printed & Published by: Jameel Ahmed Nasir on behalf of Nigran Board of Badar. Name of Owner: Nigran Board of Badar. And printed at Fazle-Umar Printing Press.
Harchowal Road, Qadian, Distt. Gurdaspur-143516, Punjab. And published at office of the Weekly Badar Mohallah - Ahmadiyya, Qadian Distt. Gsp-143516, Punjab. India. Editor: H.Shamsuddin